# അശമന്നൂർ ഗ്രാമപഞ്ചായത്ത്

# വികസന 1996 റിപ്പോർട്ട്



അധികാരം ജനങ്ങളിലേക്ക്

**ഒൻപതാം പദ്ധതി**
**ജനകീയ പദ്ധതി**

69
4. രായമംഗലം
5. കൂവപ്പടി



അശമന്നൂർ ഗ്രാമപഞ്ചായത്ത് - ഭൂപടം
W
S
N
E
1
2
3
4
5
6
7
8
9
ROAD
കോട്ടപ്പടി
ഗ്രാമ
പഞ്ചായത്ത്
1. പഞ്ചായത്ത്-വാർഡ് അതിർത്തി.
2. P.W.D റോഡ്.
3. പഞ്ചായത്ത് Bt റോഡ്.
4. i. P.V.I.P ഹൈ ലെവൽ കനാൽ.
ii. P.V.I.P ലോ ലെവൽ കനാൽ.

69

# വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

**ലേഖകർ**

ശ്രീ. പി.എസ്. മണി. M.Com., പടിഞ്ഞാശ്ശേരി, മേതല
ഡോ. ഉണ്ണികൃഷ്ണൻ, വെറ്റിനറി സർജൻ, ഓടക്കാലി
ശ്രീ. ജോർജ്ജ്, ഫിഷറീസ് ഡിപ്പാർട്ട്മെന്റ്
ശ്രീ. സി.കെ. കുട്ടപ്പൻ, മനോജ്ഭവൻ, പുന്നയം

**നിർദ്ദേശങ്ങളും, ഉപദേശങ്ങളും**

ശ്രീ. വി.പി. ശശീന്ദ്രൻ
ശ്രീമതി. എം.എൻ. സരോജനി അമ്മ

**സഹായിച്ചവർ**

ശ്രീ എ.എൻ. രാജീവ്, വൈസ്പ്രസിഡന്റ്
ശ്രീ. വി.ഐ. രാജൻ, പഞ്ചായത്ത് മെമ്പർ
ശ്രീ. എം.ഇ. കുട്ടപ്പൻ, റിട്ട. അദ്ധ്യാപകൻ
ശ്രീ. പി.എ. രവീന്ദ്രനാഥൻ നായർ, റിട്ട. അദ്ധ്യാപകൻ
ശ്രീമതി ശ്യാമള ടീച്ചർ, എച്ച്.എസ്. കല്ലിൽ
ശ്രീ. കൃഷ്ണകുമാർ, കോളശ്ശേരി, പനിച്ചയം

**കൈ എഴുത്ത്**

ശ്രീ. വസന്ത് പി. ഗോപി, പാറച്ചാലിൽ, അശമന്നൂർ
ശ്രീ. കെ. എം. ഷൈറജ്, കുടിലി, അശമന്നൂർ

ഇവരെക്കൂടാതെ ദ്രുതപര്യടനത്തിലൂടെ വിവരങ്ങൾ ശേഖരിച്ച ശ്രീ. പി.എൻ. കുമാരൻ മേതല, ശ്രീ. സി.പി. ജയിംസ് ചാമക്കാട്, ശ്രീ. സുകുമാരൻ പൂച്ചക്കര പയ്യാൽ, ശ്രീ. കെ. വിജയകുമാർ അശമന്നൂർ, ശ്രീ സുഭാഷ് ജെ. എന്നിവരും ചരിത്രസംബന്ധമായ വിവരങ്ങൾ ശേഖരിച്ചുനൽകിയ ശ്രീ എം. വർക്കി Ex. MLA, ശ്രീ. പി.എൻ. കൃഷ്ണൻനായർ, ശ്രീ. വി.കെ. ശങ്കരൻ നായർ, റിട്ട. അദ്ധ്യാപകൻ എന്നിവരും ഈ പഞ്ചായത്തിലെ വിവിധ ഓഫീസ് മേധാവികളും. എ.എം.പി.ആർ.എസ്. അധികാരികളും സ്റ്റേറ്റ് ബാങ്ക് - സർവ്വീസ് സഹകരണ ബാങ്ക് അധിപന്മാരും ഗ്രാമസഭ റിപ്പോർട്ട് ക്രോഡീകരിച്ച വിവിധ ഗ്രൂപ്പ് കൺവീനർമാരും സ്ഥിതിവിവരശേഖരണം നടത്തി സഹായിച്ചവരും പ്രിന്റിംഗ് ജോലി ഭംഗിയായി ചെയ്തുതന്നവരും ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് എന്നെ വളരെയധികം സഹായിച്ചിട്ടുണ്ട്. ഇവർക്ക് എല്ലാം എന്റെ സ്നേഹം നിറഞ്ഞ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

എന്ന്,

ഐ. രാഘവൻ. റിട്ട. ഹെഡ്മാസ്റ്റർ

കൺവീനർ
വികസന റിപ്പോർട്ട് നിർമ്മാണ കമ്മറ്റി

## അശമന്നൂർ ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട് '96

### ഉള്ളടക്കം


1. ആമുഖം
2. ജനകീയ ആസൂത്രണ പ്രസ്ഥാനം ഒറ്റനോട്ടത്തിൽ
3. പൊതുവിവരണം
4. സാമൂഹ്യസാംസ്കാരിക ചരിത്രം
5. ഭൂപ്രകൃതി - കാലാവസ്ഥ
6. കൃഷി
7. ജലസേചനം
8. മൃഗസംരക്ഷണവും മത്സ്യബന്ധനവും
9. വിദ്യാഭ്യാസം
10. കുടിവെള്ളവും - പൊതുജനാരോഗ്യവും
11. വ്യവസായം
12. ഭവനനിർമ്മാണവും - സാമൂഹ്യക്ഷേമവും
13. ഊർജ്ജവും ഗതാഗതവും
14. മാർക്കറ്റ്
15. സംസ്ക്കാരം
16. വനിത
17. സഹകരണമേഖല
18. പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം
19. വിഭവസമാഹരണം
20. ഉപസംഹാരം




# ആമുഖം

ഗ്രാമസ്വരാജ് എന്നത് നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെ ഒരു പ്രധാന ലക്ഷ്യമായിരുന്നു. സ്വതന്ത്രവും സ്വയംപര്യാപ്തവുമായ ഗ്രാമങ്ങൾ ആയിരുന്നു മഹാത്മജിയുടെ സ്വപ്നം. എന്നാൽ സ്വാതന്ത്ര്യം നേടി അര നൂററാണ്ട് പിന്നിട്ടിട്ടും നമുക്ക് ആ ലക്ഷ്യം നേടുവാൻ കഴിഞ്ഞില്ല.

സ്വാതന്ത്ര്യലബ്ധിക്കുശേഷം എട്ട് പഞ്ചവൽസര പദ്ധതികളും അഞ്ച് വാർഷിക പദ്ധതികളും നാം ഇതിനകം പിന്നിട്ട് കഴിഞ്ഞിരിക്കുന്നു. 1951–ലാണ് ഒന്നാം പദ്ധതി ആരംഭിച്ചത്. 1997 ഏപ്രിൽ ഒന്നിന് നാം ഒൻപതാം പദ്ധതിയിലേക്ക് കടക്കുകയാണ്. ഇതുവരെ തുടർന്നു വന്ന ആസൂത്രണ സമ്പ്രദായത്തിന് ചില അടിസ്ഥാന വൈകല്യങ്ങൾ ഉണ്ടായിരുന്നു എന്ന് അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ഗ്രാമീണ ഭരണ സംവിധാനങ്ങളെ നാളിതുവരെ ആസൂത്രണ പ്രക്രിയകളിൽ പങ്കാളികളാക്കിയിരുന്നില്ല. വികസന പദ്ധതികൾ സംബന്ധിച്ച കാര്യങ്ങളെല്ലാം ആദ്യം കേന്ദ്രത്തിലും തുടർന്ന് സംസ്ഥാനങ്ങളിലും തീരുമാനങ്ങളെടുത്ത് വിവിധ സർക്കാർ വകുപ്പുകൾ വഴി നടപ്പാക്കുകയാണ് ചെയ്ത് വന്നത്. ഈ അതിരുകവിഞ്ഞ കേന്ദ്രീകരണം മൂലം ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിക്കോ ജനങ്ങളുടെ ആവശ്യങ്ങൾക്കോ അനുസൃതമായ സ്കീമുകൾ അല്ല പദ്ധതികളുടെ ഭാഗമായി യഥാർത്ഥത്തിൽ നടപ്പാക്കപ്പെട്ടത്. ആസൂത്രണം പ്രയോഗത്തിൽ വിവിധ വകുപ്പുകളുടെ പരസ്പര ബന്ധമില്ലാത്ത സ്കീമുകൾ തയ്യാറാക്കലായി അധഃപതിച്ചു.

പദ്ധതികളുടെ ആസൂത്രണത്തിലോ നിർവ്വഹണത്തിലോ ജന പങ്കാളിത്തം ഉണ്ടായിരുന്നില്ല. ഇത് പ്രാദേശികമായ വിഭവ സമാഹരണ സാദ്ധ്യതകളെ ഇല്ലാതാക്കുകയും നടത്തിപ്പിന്റെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു. അതിനാൽ പദ്ധതി വിഹിതമായി ലഭിച്ചിരുന്ന തുകയുടെ ഒരു ചെറിയ അംശം മാത്രമേ ജനങ്ങൾക്ക് പ്രയോജനപ്പെട്ടിരുന്നുള്ളു. തുകയുടെ ഭൂരിഭാഗവും വിവിധ തലങ്ങളിലായി ചോർന്ന പോയിരുന്നു. ഏതു പ്രസ്ഥാനത്തിനും ഏററവും കൂടുതൽ ആവശ്യമായ വിഭവം മനുഷ്യ പ്രയത്നമാണ്. ഇത് പ്രയോജനപ്പെടുത്തുന്നതിന് ഇതുവരെ നടന്ന പദ്ധതികൾക്കൊന്നിനും കഴിഞ്ഞിട്ടില്ല. മേൽപ്പറഞ്ഞ കാരണങ്ങളാലാണ് **"ഒൻപതാം പദ്ധതി ജനകീയ പദ്ധതി"** ആയി സംസ്ഥാന സർക്കാരും സംസ്ഥാന ആസൂത്രണ ബോർഡും രൂപം കൊടുത്തത്.

ഒൻപതാം പദ്ധതി അടങ്കലിന്റെ 35–40% തുകക്ക് വരുന്ന വികസന പരിപാടികൾ ഗ്രാമസഭകളിൽ ജന പങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തിയെടുക്കുക എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രധാന ലക്ഷ്യം. ആസൂത്രണത്തിൽ മാത്രമല്ല പദ്ധതികളുടെ നടത്തിപ്പിലും വിശകലനത്തിലും ജന പങ്കാളിത്തം വിഭാവനം ചെയ്യപ്പെടുന്നു. തന്മൂലം പദ്ധതിയുടെ പ്രയോജനം പൂർണ്ണമായും ജനങ്ങളിലേക്ക് എത്തിക്കുന്നതിന് കഴിയും. അതുകൊണ്ട് ഒൻപതാം പദ്ധതിയുടെ വിജയം

ആസൂത്രണം മുതൽ നടത്തിപ്പ്വരെയുള്ള പദ്ധതി പ്രവർത്തനത്തിന്റെ എല്ലാ ഘട്ടങ്ങളിലുമുള്ള ജന പങ്കാളിത്തമായിരിക്കും. ഇതുമൂലം മററു സംസ്ഥാനങ്ങൾക്ക് കേരളം മാതൃകയായി മാറും എന്ന കാര്യത്തിൽ നമുക്ക് അഭിമാനിക്കാം.

സമയബന്ധിതമായിട്ടാണ് ജനകീയാസൂത്രണ പരിപാടികൾ തയ്യാറാക്കിയിട്ടുള്ളത്. 1996 ആഗസ്റ്റ് 17 ന് ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം നടത്തപ്പെട്ടു, അന്ന് സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളോടൊപ്പം അശമന്നൂർ ഗ്രാമപഞ്ചായത്തും ആ ദിവസം ''കർഷക ദിന'' മായി ആചരിച്ചുകൊണ്ട് പ്രസ്തുത പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ആഗസ്റ്റ് 15 മുതൽ സെപ്ത: 13 വരെയുള്ള കാലയളവിൽ സംസ്ഥാനതല പരിശീലകർക്കും (K. R. P.) ജില്ലാതല പരിശീലകർക്കും (D. R. P.) വേണ്ടിയുള്ള പരിശീലന ക്ലാസ്സുകൾ നടത്തി. പിന്നീട് പഞ്ചായത്തിലെ വിവിധ വാർഡുകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുതല പരിശീലകർക്കുള്ള (P. R. P.) ക്ലാസ്സുകളും നടത്തി. സെപ്ത: 14 മുതൽ ഒക്ടോബർ 6 വരെയുള്ള കാലയളവിൽ നമ്മുടെ പഞ്ചായത്തിലെ ഒൻപത് വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേരുകയുണ്ടായി. D. R. P. മാരുടെ 2-ാം ഘട്ട പരിശീലനവും ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണവും പിന്നീട് നടന്നു. നിലവിലിരിക്കുന്ന പദ്ധതികളുടെ അവലോകനത്തിന്വേണ്ടി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരുടെ യോഗവും നടത്തി. ദ്വിതീയ സ്ഥിതിവിവര കണക്കുകളുടെ ശേഖരണവും പഞ്ചായത്തിലാകെ ദ്രുത പര്യടനം നടത്തി വിവിധ വിവരങ്ങളുടെയും നാട്ടറിവുകളുടെയും ശേഖരണവും നടത്തിയതുകൂടാതെ അശമന്നൂർ പഞ്ചായത്തിലെ ചരിത്ര പശ്ചാത്തലവും ശേഖരിക്കുകയുണ്ടായി. മേൽ സൂചിപ്പിച്ച ഉപാധികളെ അടിസ്ഥാനമാക്കിയാണ് വികസനസെമിനാറിൽ അവതരിപ്പിക്കുവാനുള്ള ഈ ''വികസന റിപ്പോർട്ട്'' തയ്യാറാക്കിയത്. ഇതിനിടയിൽ നവംബർ 1-ാം തീയതി വികസനത്തിനുവേണ്ടിയുള്ള പുനർ അർപ്പണദിനമായി ആചരിക്കുകയും ഗ്രാമസഭ തീരുമാനമനുസരിച്ച് II, VII വാർഡുകളിലൊഴികെ മററ് വാർഡുകളിൽ സന്നദ്ധ സേവനത്തിലൂടെ മാത്രം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി. പ്രസ്തുത പ്രവർത്തനത്തിൽ പയ്യാൽ വാർഡിന്റെ പ്രവർത്തനം വളരെയധികം വിലപ്പെട്ടതും ശ്ലാഘനീയവുമാണ്. I, III, VIII എന്നീ വാർഡുകളുടെ പ്രവർത്തനവും എടുത്ത് പറയേണ്ടതാണ്.

..........7.12.96.......................... ആയ ഇന്നേ ദിവസം വികസന സെമിനാറിൽ അവതരിപ്പിക്കുന്ന ഈ റിപ്പോർട്ട് ചർച്ച ചെയ്ത് അന്തിമ രൂപം നൽകേണ്ടതാണ്. കൂടാതെ ഈ സെമിനാർ തെരഞ്ഞെടുക്കുന്ന കർമ്മ സമിതികൾ (Task Forces) റിപ്പോർട്ടിലെ നിർദ്ദേശങ്ങളെ പദ്ധതികളാക്കി മാററി ഗ്രാമ പഞ്ചായത്തിന്റെ അനുമതിക്കുവേണ്ടി സമർപ്പിക്കണം. അതിനുശേഷം രൂപീകരിക്കപ്പെടുന്ന ഒരു വിദഗ്ധ കമ്മററി കർമ്മ സമിതികൾ രൂപകല്പന ചെയ്ത പദ്ധതികൾക്ക് പഞ്ചായത്ത് സമിതിയുടെ അനുമതിയോടെ മുൻഗണനാക്രമം നിശ്ചയിക്കുന്നു. തുടർന്ന് നടക്കുന്ന ബ്ലോക്ക് പഞ്ചായത്ത് വികസന സെമിനാറിൽ ഈ പദ്ധതികളും ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി നിർദ്ദേശങ്ങളും ചേർത്ത് ജില്ലാ ആസൂത്രണ സമിതിയുടെ മേൽനോട്ടത്തിൽ ജില്ലാ തലത്തിൽ സംയോജിപ്പിക്കുന്നു. അതിനുശേഷം സംസ്ഥാന ആസൂത്രണ ബോർഡിലെത്തുന്ന വിവിധ ജില്ലാ പദ്ധതികളും വിവിധ വകുപ്പ് പദ്ധതികളും സമന്വയിപ്പിച്ച് 1997 ഫെബ്രുവരി 28 നകം ഒൻപതാം പദ്ധതിയുടെ കരടുരേഖ തയ്യാറാക്കുകയും ചെയ്യുന്നു.

ഒരു നല്ല നാളേക്കുവേണ്ടിയുള്ള പ്രയാണത്തിൽ പങ്കാളിയാകുന്നതിനും ലക്ഷ്യപ്രാപ്തിയിലേക്കതിവേഗം കുതിക്കുന്നതിനും അശമന്നൂർ ഗ്രാമപഞ്ചായത്തിലെ എല്ലാ പൗരന്മാരോടും അഭ്യർത്ഥിക്കുന്നു.

## അശമന്നൂർ ഗ്രാമപഞ്ചായത്ത്

# പൊതു വിവരണം.

| | | | |
|---|---|---|---|
| പഞ്ചായത്തിൻെറ പേര് | : അശമന്നൂർ ഗ്രാമപഞ്ചായത്ത് | ജനസംഖ്യ (1991) | : 16429 |
| ഉൾപ്പെടുന്ന വില്ലേജ് | : അശമന്നൂർ | പുരുഷന്മാർ | : 8245 |
| ബ്ലോക്ക് പഞ്ചായത്ത് | : കൂവപ്പടി, | സ്ത്രീകൾ | : 8184 |
| ,, ഡിവിഷൻ | : അശമന്നൂർ | ജന സാന്ദ്രത | : 772 /സ്ക്വയർ കി. മീ. |
| ജില്ലാപഞ്ചായത്ത് | : എറണാകുളം | സാക്ഷരത | : 79% (1991 സെൻസസ്) |
| ,, ഡിവിഷൻ | : കുറുപ്പംപടി | വാർഡുകൾ | : 9 |
| താലൂക്ക് | : കുന്നത്തുനാട് | അതിരുകൾ വടക്ക് | : വേങ്ങൂർ പഞ്ചായത്ത് |
| അസംബ്ലിമണ്ഡലം | : പെരുമ്പാവൂർ | തെക്ക് പടിഞ്ഞാറ് | : പായിപ്ര, രായമംഗലം പഞ്ചായത്തുകൾ |
| ലോകസഭാ മണ്ഡലം | : മുകുന്ദപുരം | കിഴക്ക് | : നെല്ലിക്കുഴി, കോട്ടപ്പടി പഞ്ചായത്തുകൾ |
| വിസ്തീർണ്ണം | : 21.57 ചതുരശ്ര കി. മീ. | | |

പ്രസിഡൻറ് : ശ്രീമതി **M. N. സരോജിനിയമ്മ**

വൈസ് പ്രസിഡൻറ് : ശ്രീ. **A. N. രാജീവ്**

സ്റ്റാൻറിംഗ് കമ്മററി ചെയർമാൻ : ശ്രീ. **V. N. രാജൻ**

## പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

വാർഡ് 1. ശ്രീ. A. M. കൃഷ്ണൻ ആനംകുഴി വീട്, മേതല പി. ഒ.

,, 2. ,, V. I. രാജൻ, വരമ്പോത്ര വീട്, മേതല പി ഒ.

,, 3. ,, C. M. പരീത് മൗലവി, ചിറേറത്തുകുടി, അശമന്നൂർ പി. ഒ.

,, 4. ,, V. N. രാജൻ, വട്ടയ്ക്കാട്ട്, അശമന്നൂർ പി. ഒ.

വാർഡ് 5. ശ്രീമതി M. N. സരോജിനി അമ്മ കാര്യത്ത്, അശമന്നൂർ പി. ഒ.

,, 6. ശ്രീ. A. N. രാജീവ്, ആറുകണ്ടത്തിൽ, അശമന്നൂർ പി. ഒ.

,, 7. ശ്രീമതി ചന്ദ്രമ്മ ജയൻ, തച്ചിയത്ത്, നെടുങ്ങപ്ര പി. ഒ.

,. 8. ശ്രീ. K. P. വർഗീസ്, പാണാട്ട്, അശമന്നൂർ പി. ഒ.

,, 9. ശ്രീമതി സരോജിനി തമ്പാൻ, പാലമാലിൽ. നെടുങ്ങപ്ര പി. ഒ.

ബ്ലോക്ക്പഞ്ചായത്ത് മെമ്പർ : ശ്രീ. **V. P. ശശീന്ദ്രൻ**

ജില്ലാ പഞ്ചായത്ത മെമ്പർ : ശ്രീമതി **K. N. ശാരദ**

## ജില്ലാതല പരിശീലകർ (D R P)

1. ശ്രീ. ഐ. രാഘവൻ, പ്രശാന്ത്, അശമന്നൂർ പി. ഒ.
2. ,, സി. കെ. കുട്ടപ്പൻ മാസ്ററർ, (കൺവീനർ) മനോജ്ഭവൻ, അശമന്നൂർ.
3. ,, പി. എസ്. മണി, പടിഞ്ഞാശ്ശേരിൽ, മേതല പി. ഒ.

ജനകീയ ആസൂത്രണ പ്രസ്ഥാനം അശമന്നൂർ ഗ്രാമ പഞ്ചായത്ത്

# ★ ഒററ നോട്ടത്തിൽ ★

1996 ആഗസ്റ്റ് 17 (ചിങ്ങം 1)– കർഷക ദിനം.
1996 സെപ്തം: 10, 11, 12– ജില്ലാതല പരിശീലനം ഒന്നാംഘട്ടം.
1996 സെപ്തം: 21 പഞ്ചായത്തുതല ഏകദിനപരിശീലനക്യാമ്പ്.
1996 സെപ്തം: 22, 27. ഗ്രാമസഭാ മുന്നൊരുക്കങ്ങൾ.
28–9–96മുതൽ ~~30–6–96~~ 6·10·96 വരെ വിശേഷാൽ ഗ്രാമസഭകൾ.

## ഗ്രാമ സഭകളിലെ പങ്കാളിത്തം

| വാർഡ് | തീയതി, സ്ഥലം | പുരുഷൻ | സ്ത്രീ | ആകെ | പട്ടികജാതി/പട്ടിക വർഗം | ഉദ്യോഗസ്ഥർ | ആകെ അംഗ സംഖ്യ |
|---|---|---|---|---|---|---|---|
| I | 5–10–1996 Govt. H S, കല്ലിൽ | 114 | 5 | 119 | 7 | 5 | 1453 |
| II | 5–10–96 Govt. H S, കല്ലിൽ | 96 | 5 | 101 | 10 | 5 | 1548 |
| III | 6–10–96 V H S S, ഓടക്കാലി | 75 | 4 | 79 | 12 | 5 | 1322 |
| IV | 29–9–96 ചെറുകുന്നം | 102 | 11 | 113 | 14 | 5 | 1447 |
| V | 29–9–96 പുന്നയം SNDP | 202 | 13 | 215 | 9 | 4 | 1559 |
| VI | 6–10–96 V H S S, ഓടക്കാലി | 77 | 4 | 81 | 3 | 5 | 1539 |
| VII | 2–10–96 പനിച്ചയം SNDP | 102 | 23 | 125 | 8 | 4 | 1273 |
| VIII | 28–9–96 അശമന്നൂർ U P S | 95 | 6 | 101 | 13 | 5 | 1348 |
| IX | 2–10–96 പയ്യാൽ SNDP | 93 | 36 | 129 | 12 | 5 | 1127 |

1996 ഒക്ടോബർ 10–22 വരെ : ദ്വിതീയ സ്ഥിതി വിവര ശേഖരണം

1996 ,, 23–25 വരെ : ജില്ലാതല പരിശീലനം രണ്ടാംഘട്ടം.

1996 നവംബർ 1 **പുനരർപ്പണ ദിനാചരണം**

പുനരർപ്പണ ദിനാചരണത്തോട് അനുബന്ധിച്ച് താഴെ പറയുന്ന ജോലികൾ നടപ്പാക്കി. പ്രസ്തുത ജോലികൾ ഇപ്പോഴും തുടരുന്നതുകൊണ്ട് പൂർണമായ കണക്ക് ലഭ്യമല്ല.

| വാർഡ് | ഏറ്റെടുത്ത പ്രവൃത്തി | ജന പങ്കാളിത്തം | നടന്ന ജോലിയുടെ വിശദാംശങ്ങൾ |
|---|---|---|---|
| I | പുതിയ റോഡ് നിർമ്മാണം | 154 | സ്കൂൾ–കനാൽ ബണ്ട് റോഡ് 40 മീററർ നീളം 2 മീററർ ഉയരം 4 മീററർ വീതിയിൽ ഫില്ലിംഗ് നടത്തി. 5 മണിക്കൂർ JCB യും രണ്ട് ട്രിപ്പറുകളും ഇതിനായി ഉപയോഗിച്ചു. |
| II | നടന്നില്ല | | |
| III | നാല് പുതിയ റോഡുകളുടെ നിർമ്മാണം | 464 | 1. നമ്പേലി – കോളനി റോഡ്<br>2 ഉദയാ – ഏക്കുന്നം – കുററിലഞ്ഞി റോഡ്<br>3. ഉദയാ കവല – കുററിലഞ്ഞി റോഡ്<br>4. പൂതക്കുഴി കോളനി റോഡ്<br>എന്നിവ പൂർണ്ണമായും മനുഷ്യ പ്രയത്നത്തിലൂടെ വീതി കൂട്ടി നിർമ്മിച്ചു. |
| IV | നടപ്പാത പുനർ നിർമ്മാണം | 20 | വെള്ളാമത്തുകുടി പാടത്തേക്കുള്ള നടപ്പാത ഒരു ലോഡ് കല്ലും രണ്ട് ലോഡ് പാറമട വെയിസ്റ്റും ഉപയോഗിച്ച് നിർമ്മിച്ചു. |
| V | 1. കനാൽ ബണ്ട് റോഡിന്റെ അററകുററ പണികൾ<br>2. പുന്നയം–തുരുത്തി റോഡ് | 95 | 1. നാല് ലോഡ് പാറമട വെയിസ്ററ് വാങ്ങി കുഴികളിലിട്ട് പുന്നയം മുതൽ അശമന്നൂർ വരെ നന്നാക്കി.<br>2. പുന്നയം–തുരുത്തി റോഡ് പണി നടന്നു വരുന്നു |
| VI | രണ്ട് റോഡുകൾ നിർമ്മിച്ചു | 84 | 1. 500 മീററർ നീളത്തിൽ പാച്ചുപിള്ള റോഡ്– നൂലേലി റോഡ് കുഴികൾ നികത്തി സെക്ഷൻ ചെയ്തു.<br>2. നമ്പ്യാർ ചിറങ്ങര–നൂലേലി പാടം റോഡ് 3 മണിക്കൂർ JCB ഉപയോഗിച്ച് 750 മീററർ നീളത്തിൽ നിർമ്മിച്ചു. |
| VII | നടന്നില്ല | | |
| VIII | കനാൽ ബണ്ട് റോഡ് അററ കുററപ്പണികൾ | 154 | 5 ലോഡ് പാറമട വെയിസ്ററും കുഴികളിലിട്ടു റോഡ് സൈഡിലുള്ള കാടുകൾ വെട്ടി 5 മീററർ വീതിയിൽ 2 km ദൂരം അററകുററ പണികൾ നടത്തി. |
| IX | കട്ടങ്ങനതോട് പുനർ നിർമ്മാണം | 480 | 2 കി. മി. തോട് കാട് വെട്ടി ചെളിയും പായലും വാരി വെള്ളക്കെട്ട് ഒഴിവാക്കി. |

മുകളിൽ പറഞ്ഞ ജോലികൾക്ക് പുറമെ ഓടക്കാലി ജംഗ്ഷൻ ശുചിയായി സൂക്ഷിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുകയും നിലവിലുള്ള ഓടകൾ നന്നാക്കുകയും സൈഡ് തിട്ടകളും, റോഡ് സൈഡിലും, പരിസരത്തും കിടന്ന മാലിന്യങ്ങളും പൂർണ്ണമായി നീക്കം ചെയ്തു. കൂടാതെ വെയിസ്റ്റ് നിക്ഷേപിക്കുന്നതിന് 8 ഡ്രമ്മുകൾ സ്ഥാപിക്കുകയും ചെയ്തു. പ്രസ്തുത ജോലി ധനകാര്യ സ്ഥാപനങ്ങളുടേയും ഓടക്കാലി മർച്ചൻറ്സ് അസോസ്സിയേഷൻെറയും സാമ്പത്തിക സഹായത്തോടെയാണ് നടപ്പാക്കിയത്.

***

| | | | | |
|---|---|---|---|---|
| 1996 | നവംബർ | 3 | : | പഞ്ചായത്തുതല പരിശീലനം രണ്ടാം ഘട്ടം |
| 1996 | നവംബർ | 5 – 7 | : | ഗ്രാമസഭ ചർച്ചകളുടെ ക്രോഡീകരണം |
| 1996 | ,, | 8 – 13 | : | ദ്രുത പഠന പര്യടനവും നാട്ടറിവ് ശേഖരണവും |
| 1996 | ,, | 14 – 21 | : | വികസന റിപ്പോർട്ട് തയ്യാറാക്കൽ |
| 1996 | ,, | 22 | : | റിപ്പോർട്ട് പഞ്ചായത്തുസമിതി അംഗീകരിച്ചു. |

## 1996 ഡിസംബർ 7 : വികസന സെമിനാർ

***

# സാമൂഹ്യ – സാംസ്ക്കാരിക ചരിത്രം

തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ മൂന്ന് പ്രദേശങ്ങളും ചേർന്ന ഇന്നത്തെ കേരളം 1-11-1956ലാണല്ലോ നിലവിൽ വന്നത്. സ്വാതന്ത്ര്യത്തിന് മുൻപ് ഈ മൂന്ന് പ്രദേശങ്ങളും തമ്മിൽ കാര്യമായ പരസ്പരബന്ധമില്ലാതെ കഴിയുകയായിരുന്നു. തിരുവിതാംകൂർ, മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്ത് വടക്ക് ആലങ്ങാട്, പറവൂർ വരെ വളർന്നു. അതിനു മുൻപ് ഇന്നത്തെ തിരുവിതാംകൂർ പ്രദേശം കൊല്ലം, കായംകുളം, അമ്പലപ്പുഴ തുടങ്ങിയ അനേകം കൊച്ചു-കൊച്ചു നാട്ടുവാഴികളുടേതായിരുന്നു എന്ന് തിരുവിതാംകൂർ ചരിത്രം നമ്മെ പഠിപ്പിക്കുന്നു. എ. ഡി 1100ന് അടുത്ത് വെമ്പോലിനാട് തെക്കുംകൂർ – വടക്കുംകൂർ എന്ന് രണ്ടായി പിരിഞ്ഞു. തെക്കുംകൂറും വടക്കുംകൂറും മററനേകം നാട്ടുരാജ്യങ്ങളും തിരുവിതാം-കൂറിന്റെ ഭാഗമായി. നമ്മുടെ പഞ്ചായത്തുപ്രദേശം വടക്കുംകൂറിലായിരുന്നു. അങ്ങിനെ ഒരു കാലത്ത് വടക്കുംകൂറുകാരും തുടർന്ന് തിരുവിതാംകൂറുകാരും പിന്നീട് തിരുകൊച്ചിക്കാരും ആയിരുന്നു നാം. ഇപ്പോഴും കേരളീയരായി.

മേതല, ഏക്കന്നം, തലപ്പുഞ്ച, ചെറുകുന്നം, പുന്നയം, അശമന്നൂർ, പയ്യാൽ, പനിച്ചയം, നൂലേലി, ഓടക്കാലി എന്നീ പ്രദേശങ്ങൾ അശമന്നൂർ പഞ്ചായത്തിന്റെ പ്രധാനഭാഗങ്ങളാണ്.

മേതല ഭാഗത്ത് അതിപുരാതനമായ **കല്ലിൽ ക്ഷേത്രം** സ്ഥിതി ചെയ്യുന്നു. ഇന്ന് കേരളത്തിൽ അവശേഷിച്ചിട്ടുള്ള അപൂർവ്വം ശിലാക്ഷേത്രങ്ങളിലൊന്നാണ് കല്ലിൽ ക്ഷേത്രം. പാറക്കെട്ടുകൾക്കിടയിൽ കല്ലുകൊണ്ട് നിർമ്മിക്കപ്പെട്ട ക്ഷേത്രവും ചുററുപാടും കല്ലിൽ പ്രദേശമായി അറിയപ്പെടുന്നു. 35 മീററർ ഉയരമുള്ള ഒരു വലിയ പാറയുടെ അടിയിലുള്ള ഗുഹയിലാണ് ശ്രീകോവിൽ. ശ്രീകോവിലിൽ പത്മാവതീ ദേവിയുടെയും മഹാവീര ജൈനന്റെയും പഞ്ചലോഹ നിർമ്മിതമായ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചിരിക്കുന്നു. മുകളിലത്തെ പാറയിലെ ഒരു വശത്ത് പാശ്വനാഥവിഗ്രഹം കൊത്തിയിട്ടുണ്ട്. ഈ പ്രാചീന ജൈനക്ഷേത്രത്തിൽ ഇന്ന് ഹൈന്ദവ രീതിയിലുള്ള ആരാധനകളാണ് നടന്നു വരുന്നത്. പത്മാവതീദേവിയെ പാർവ്വതീ ദേവിയായും മഹാവീരജൈനനെ ശിവനായും പാർശ്വ-നാഥനെ ബ്രഹ്മാവായും സങ്കല്പിച്ച് പൂജിച്ചു വരുന്നു. ധാരാളം ഭൂസ്വത്തുക്കളുണ്ടായിരുന്ന ഈ ക്ഷേത്രത്തിന്റെ ഊരാൺമസ്ഥാനം ഇന്ന് കല്ലിൽ പിഷാരത്തിനാണ്. പിഷാരടിമാരുടെ പല ആചാരങ്ങൾക്കും ജൈനമതവുമായി ബന്ധമുണ്ട്. ജൈനമതവിശ്വാസികൾ ഇപ്പോഴും ദൂരസ്ഥലങ്ങളിൽ നിന്ന് ഇവിടെ ആരാധനക്കെത്താറുണ്ട്. 1965-ൽ സർക്കാർ ഇത് ഒരു സംരക്ഷിത ചരിത്രസ്മാരകമായി പ്രഖ്യാപിച്ചു. ഈ കുന്നിൻമുകളിൽ എന്നും തെളിനീർ ലഭിക്കുന്ന ഒരു കിണർ ഉള്ളത് ആശ്ചര്യകരമാണ്. വൃശ്ചികമാസത്തിലെ "കാർത്തിക" നക്ഷത്രത്തിൽ കൊടികയറി എട്ട് ദിവസം ഇവിടെ ഉത്സവം ആഘോഷിച്ചുവരുന്നു. ഈ പ്രദേശത്തിന് ജൈനമതവുമായുള്ള ബന്ധത്തെക്കുറിച്ച് കൂടുതൽ ഗവേഷണം നടത്തേണ്ടതു് ആവശ്യമാണ്. ഈ ക്ഷേത്രത്തിനടുത്ത് സ്ഥിതിചെയ്യുന്നതും അശമന്നൂർ പഞ്ചായത്തിലെ ഏററവും ഉയരം കൂടിയതുമായ "കൊടികുത്തിയാനി" മലയും ഉൾപ്പെടുത്തി ഒരു നല്ല വിനോദ സഞ്ചാരകേന്ദ്രം നിർമ്മിക്കുന്നതിനുള്ള എല്ലാ സാദ്ധ്യതകളുമുണ്ട്.

അശമന്നൂർ ഭാഗത്ത് കഴവേററുംമേടു എന്നൊരു കുന്ന് സ്ഥിതി ചെയ്യുന്നു. ഒരു കാലത്ത് അനേകമാളുകളെ കൊല ചെയ്യുന്നതിനുപയോഗിച്ചിരുന്ന കൊലക്കല്ലുകളുടെ അവശിഷ്ടങ്ങൾ ഇന്നും ഇവിടെ കാണാവുന്നതാണ്. ഏതു വിഭാഗക്കാർ ആരെയൊക്കെയാണ് ഈ കല്ലുകളിൽ കഴുവേററിയിരുന്നത് എന്നതിനെപ്പററി വ്യത്യസ്തഅഭിപ്രായങ്ങളാണുള്ളത്. ജൈനൻമാരെ കൊല ചെയ്യാനുപയോഗിച്ചിരുന്ന കല്ലുകളാണ് ഇവയെന്ന് ഒരഭിപ്രായമുണ്ട്.

അശമന്നൂർ പഞ്ചായത്തിന്റെ ആസ്ഥാനമായ ഓടക്കാലി എന്ന സ്ഥലനാമത്തിന്റെ ഉറവിടത്തെപ്പററിയും വിവിധ കഥകളുണ്ട്. ഓടക്കൽ ആലി എന്നൊരു മുസ്ലീമിന്റെ പേരിനോട് ബന്ധപ്പെടുത്തിയാണ് ഇന്നത്തെ 'ഓടക്കാലി' എന്ന നാമം ഉണ്ടായതു് എന്നതു് അവയിലൊന്നു മാത്രമാണ്. ഒരുകാലത്ത് ഈപ്രദേശം കാട്ടുപുല്ലുകൾകൊണ്ട് നിറഞ്ഞിരുന്നതും കള്ളൻമാരുടെയും പിടിച്ചുപറിക്കാരുടേയും ആവാസകേന്ദ്രവുമായിരുന്നു എന്നതിന് തർക്കമില്ല. വിജനപ്രദേശമായിരുന്ന ഓടക്കാലിയിലെ ആദ്യകച്ചവടക്കാരൻ ചുണ്ണാമ്പു മാത്രം വിററിരുന്ന ഒരു മുസ്ലീമായിരുന്നു എന്ന് കാരണവന്മാർ പറയുന്നു.

സ്വാതന്ത്ര്യ സമര പങ്കാളിത്തത്തിൽ നമ്മുടെ പഞ്ചായത്ത് ഇതര പഞ്ചായത്തുകളുടെ പിന്നിലല്ല, ശ്രീ. റ്റി. എം. ഐസക് താണേലിമാലിൽ, ശ്രീ. രാമൻപിള്ള പുത്തയത്തു്, ശ്രീ. E. R. നീലകണ്ഠൻ നായർ, (ഉണ്ണി) ഇലഞ്ഞിക്കമാലിൽ, ശ്രീ. P. V. തോമസ് പനക്കൽ, ശ്രീ. K. നാരായണൻമൂഴിക്കൽ, ശ്രീ. K. V. സുലൈമാൻ കാഞ്ഞിരുത്തുങ്കൽ തുടങ്ങിയവർ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയിരുന്നവരിൽ ചിലർ മാത്രമാണ്. പരേതനായ ശ്രീ. റ്റി. എം. ഐസക് ഇവരിൽ ഏററവും പ്രധാന വ്യക്തിയാണ്. ഊർജസ്വലനായിരുന്ന ഈ സ്വാതന്ത്ര്യഭടൻ വിശ്രമരഹിതവും ക്ലേശകരവുമായ രാഷ്ട്രീയ പ്രവർത്തനത്തിനിടയിൽ ഗുരുതരമായരോഗത്തിനടിമയായി 1947 ഏപ്രിൽ 27-ാം തീയതി സ്വാതന്ത്ര്യപ്പുലരിക്ക് ഏതാനംമാസംമുൻപ് ഇഹലോകവാസം വെടിയുകയും ചെയ്തു.

സ്വാതന്ത്ര്യത്തിനുശേഷവും കേരളത്തിൽ രൂപം കൊണ്ട മിക്ക പ്രസ്ഥാനങ്ങളുടെയും അലകൾ നമ്മുടെ പഞ്ചായത്തിലും ദൃശ്യമായിരുന്നു. അതിൽ ഏററവും പ്രധാനപ്പെട്ടതു് കർഷകപ്രസ്ഥാനം ആയിരുന്നു. ജന്മിത്വത്തിനെതിരെ സംസ്ഥാന വ്യാപകമായി നടന്ന സമരപോരാട്ടങ്ങളിൽ നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളേയും അണിനിരത്തി കൃഷിഭൂമി കർഷകന് എന്ന ലക്ഷ്യം നേടിയെടുക്കുന്നതിനും ജന്മിമാരുടെ പക്കൽ നിന്നു് ഭൂമി യഥാർത്ഥ കർഷകനു് വാങ്ങിക്കൊടുക്കുന്നതിനും നമ്മുടെ കർഷക പ്രസ്ഥാനത്തിനു് സാധിച്ചു. ഇതു പറയുമ്പോൾ തന്നെ ദീർഘകാലം നമ്മുടെ പഞ്ചായത്തു പ്രസിഡൻറായിരുന്നും അതിനുശേഷവും ഇന്നും പഞ്ചായത്തിൻെറ വികസനപ്രവർത്തനങ്ങളിൽ സജീവമായി പങ്ക് വഹിക്കുകയും ചെയ്തു വരുന്ന ശ്രീ. പി. എൻ. കൃഷ്ണൻനായരുടെ സേവനങ്ങൾ എടുത്തു പറയേണ്ട ഒന്നാണ്.

ഇന്നാട്ടിലെ ഒന്നാമത്തെ എം. എൽ. എ. അശമന്നൂർ പഞ്ചായത്ത് മേതല കര താണേലിമാലിൽ ശ്രീ. M. വർക്കി. B. A. B. T. ആണ്. ശ്രീ. E.S. രാമൻപിള്ള ഇലഞ്ഞിക്കമാലിൽ, ശ്രീ. ശങ്കരക്കുറുപ്പ് കൈതക്കോട്ടുകുടി മേതല, ശ്രീ. ഗോപാലപിഷാരടി മേതല, എന്നിവരാണ് നമ്മുടെ പഞ്ചായത്തിൽ ആദ്യഡിഗ്രിയെടുത്ത പ്രശസ്ത വ്യക്തികൾ. മൂവാററുപുഴമുനിസിപ്പാലിററിയുടെ ആദ്യചെയർമാനും ആദ്യകാലനിയമബിരുദധാരിയും ആയിരുന്ന ശ്രീ. എൻ. പരമേശ്വരൻനായർ പഞ്ചായത്തിലെ മേതലയിലാണ് ജനിച്ചുവളർന്നതു്.

## അശമന്നൂർ പഞ്ചായത്ത് ഭരണ ചരിത്രം

1953ൽ ആറ്‌വാർഡുകളും 7 മെമ്പറന്മാരുമായി അശമന്നൂർ പഞ്ചായത്തു് നിലവിൽ വന്നു. ഒന്നാം വാർഡിൽ ഒരുജനറൽ സീററിനുപുറമെ ഒരുസംവരണ സീററും ഉണ്ടായിരുന്നു. കാലാവധി മൂന്നു് വർഷമായിരുന്നു. ഒന്നാമത്തെ പ്രസിഡൻറു് ശ്രീ. K. കേശവപ്പിഷാരടിയും (രണ്ടു് വർഷം) തുടർന്നു് ശ്രീ. S. N. നായരും പ്രസിഡൻറുമാരായിരുന്നു. 1957 മുതൽ അഡ്മിനിസ്ട്രേററർ ഭരണം നിലവിൽ വന്നു.

1963 – ൽ വീണ്ടും തെരഞ്ഞെടുപ്പ് നടന്നു. ഏഴ് മെംമ്പർമാർക്ക് പുറമെ നോമിനേഷൻ മൂലം ഒരു വനിതാമെമ്പറുമുണ്ടായിരുന്നു ശ്രീമതി. ഭാനുമതി ബാലകൃഷ്ണൻ ആയിരുന്നു വനിതാപ്രതിനിധി ശ്രീ. P. N. കൃഷ്ണൻനായർ പ്രസിഡൻറായ ഭരണസമിതി 1964 ജനുവരി ഒന്നിനു് ഭരണച്ചുമതലയേററു 1969 വരെയായിരുന്നു കാലാവധി എന്നാൽ കാലാവധി ആറുമാസം നീട്ടി തുടർന്നു് 13 പ്രാവശ്യം കാലാവധി നീട്ടി 1978-ൽ പഞ്ചായത്തു് പിരിച്ചുവിട്ടു് അഡ്മിനിസ്ട്രേററർ ഭരണമേർപ്പെടുത്തി.

1979ൽ നടന്ന തെരഞ്ഞെടുപ്പിനേ തുടർന്നു് ശ്രീ. V. P. ശശീന്ദ്രൻ പ്രസിഡൻറായി ഭരണസമിതി നിലവിൽ വന്നു. ഒരു വനിത ഉൾപ്പെടെ 8 മെമ്പറന്മാരാണ് ഉണ്ടായിരുന്നതു്. 1984ൽ കാലാവധി തീർന്നമുറയ്ക്കു് ഭരണസമിതി പിരിച്ചുവിട്ടെങ്കിലും കേരളത്തിലാകെ തെരഞ്ഞെടുപ്പ് നടത്താതെ 1988വരെ അഡ്മിനിസ്ട്രേററർ ഭരണമായിരുന്നു.

23.1.1988ൽനടന്നതെരഞ്ഞെടുപ്പിൽ ശ്രീ V P. ശശീന്ദ്രൻ വീണ്ടും പ്രസിഡൻറായി ഭരണസമിതി നിലവിൽ വന്നു. രണ്ട്‌വനിത ഉൾപ്പെടെ ഒൻപതു് മെംബറുമാരുണ്ടായിരുന്നു. 1993-ൽ കാലാവധിഅവസാനിച്ചു എങ്കിലും പഞ്ചായത്തു് ഭരണസമിതി പിരിച്ചു വിടാതെ 1995 വരെ തുടരുകയുണ്ടായി.

73-ാം ഭരണഘടന ഭേദഗതിയെ തുടർന്നു് നിലവിൽവന്ന പഞ്ചായത്ത്‌രാജ് നിയമമനുസരിച്ചുള്ള ആദ്യത്തെ തെരഞ്ഞെടുപ്പ് 1995 സെപ്റ്റംബറിൽ നടന്നു. ഈ നിയമമനുസരിച്ചു് ത്രിതല പഞ്ചായത്തുകളിൽ തെരഞ്ഞെടുക്കപ്പെടേണ്ട സ്ഥാനങ്ങളിലും പഞ്ചായത്ത് പ്രസിഡൻറ് പദവികളിലും $33\frac{1}{3}\%$ വനിതകൾക്കായി സംവരണം ചെയ്തിരിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ പ്രസിഡൻറു്സ്ഥാനം വനിതക്കായി സംവരണം ചെയ്തതിനെത്തുടന്നു് ശ്രീമതി. M. N. സരോജനിഅമ്മ പ്രസിഡൻറായുള്ള 9 അംഗ ഭരണസമിതി 1995-ലെ ഗാന്ധിജയന്തി ദിനമായ ഒക്ടോബർ രണ്ടിനു് അധികാരമേറെറടുത്തു് ഭരണം നടത്തിവരുന്നു.

## ഭൂപ്രകൃതി

പെരിയാറിനും മൂവാററുപുഴയാറിനു മിടയിൽ ഏററവും ഉയരം കൂടിയ കൊടികുത്തിയാനിമല മുതൽ വടക്ക് കിഴക്കായി 15 ൽ പരം ചെറുതും വലുതുമായ കുന്നുകളും അവയുടെ ചെറുതാഴ്‌വരകളും കുന്നിൻമുകളിലെ നിരന്ന പ്രദേശങ്ങളും ഉൾപ്പെടെ 21.27 ച. കി. മീ. വിസ്തൃതിയിലായി കിടക്കുന്ന ഭൂപ്രദേശമാണ് അശമന്നൂർ ഗ്രാമപഞ്ചായത്ത്. ഇതിൽ മൊത്തഭൂമിയുടെ ഏകദേശം 5% കുന്നിൻ മണ്ടയും 20% താഴ്‌വരയും 20% ഉയർന്ന സമതലവും 35% ചരിഞ്ഞ പ്രദേശവും 20% വയലും എന്നീക്രമത്തിലുള്ള സമ്മിശ്ര ഭൂപ്രകൃതിയാണ് നമ്മുടെ പഞ്ചായത്തിനുള്ളത്. ആലുവ മൂന്നാർ റോഡ് ഈ പഞ്ചായത്തിനെ ഏകദേശം രണ്ട് തുല്യഭാഗങ്ങളായി വിഭജിക്കുന്നു. ഇതിൽ വടക്കേ അർദ്ധഭാഗത്തുകൂടി പെരിയാർവാലി ലോവർ ലെവൽ കനാൽ കടന്നു പോകുന്നു. തന്മൂലം അഞ്ച്, ഏഴ് വാർഡുകളിൽ ഭൂരിഭാഗം സ്ഥലങ്ങളിലും എട്ട് ഒൻപതു് എന്നീ വാർഡുകളിലെ താഴ്ന്ന സ്ഥലങ്ങളിലും ജലം സുലഭമായി ലഭിക്കുന്നു. എന്നാൽ പ്രസ്തുത കനാലിന്റെ തെക്ക് ഭാഗങ്ങളിൽ ഇതുകൊണ്ട് യാതൊരു പ്രയോജനവും ലഭിക്കുന്നില്ല.

തെക്കേ അർദ്ധഭാഗത്തിന്റെ തെക്കുഭാഗത്തുകൂടി പെരിയാർവാലി ഹൈ ലെവൽ (High - level) കനാൽ കടന്നുപോകുന്നു. ഈ കനാൽ ഭൂനിരപ്പിൽ നിന്നും വളരെ ആഴത്തിലും ഒരു കി.മീ. ദൂരം മേതല മലയിൽക്കൂടിയുള്ള തുരങ്കം വഴിയുമാണ് കടന്നുപോകുന്നതു്. ആയതിനാൽ ഈ കനാലിന്റെ പ്രയോജനം ഇന്നാട്ടുകാർക്ക് ലഭിക്കുന്നില്ല. എന്നു മാത്രമല്ല സ്വാഭാവിക ജലസ്രോതസ്സുകളായിരുന്ന കിണർ, കുളം, ചിറ, തോട് തുടങ്ങിയവ ജലംകനാലിലേക്ക് ചോർന്നു പോയി വരളുന്നു. ഭൂവിസ്തൃതിയിൽ ഏറിയ ഭാഗവും ചരിഞ്ഞ പ്രദേശങ്ങളും (വയലുകൾ ഒഴികെ) ശരാശരി 1-2. മീററർ താഴെയായി നിരന്ന പാറയും സ്ഥിതി ചെയ്യുന്നതുകൊണ്ട് മഴമൂലം ലഭിക്കുന്ന വെള്ളം ഭൂമിയിൽ തങ്ങിനിൽക്കാതെ കുത്തി ഒഴുകി പോകുന്നു.

### മണ്ണ്

ചരൽ കലർന്ന ചെമ്മണ്ണ്, ചെങ്കല്ല്, കുളപ്പാറ ഒററപ്പെട്ടപാറ, പശിമരാശിമണ്ണ് എന്നിവയാണ് ഈ പഞ്ചായത്തിലെ മണൽത്തരങ്ങൾ ഇതിൽ ഭൂരിഭാഗവും ഫലഭൂയിഷ്ഠത കുറഞ്ഞ ചരൽകലർന്ന ചെമ്മണ്ണാണ്.

### മണ്ണൊലിപ്പ്

കുന്നിൻപുറങ്ങളിലും താഴ്‌വരകളിലും മണ്ണൊലിപ്പുമൂലം ഫലഭൂയിഷ്ഠത കുറഞ്ഞുകൊണ്ടിരിക്കുന്നു.

### ഭൂവിനിയോഗവും സസ്യാവരണവും

മൊത്തം കൃഷിഭൂമിയിൽ ഏകദേശം നെല്ല് 15 % റബർ 45 % തെങ്ങ് 10 % ജാതി, കൊക്കൊ, കമുക്, കുരുമുളക് തുടങ്ങിയ സമ്മിശ്ര വിളകൾ 25% മററു വിളകളായ കിഴങ്ങ്‌വർഗ്ഗങ്ങൾ. പച്ചക്കറി, വെററില, പൈനാപ്പിൾ, വാഴ തുടങ്ങിയവ5% എന്നിവയാണ് കൃഷിചെയ്തുവരുന്നതു്. ഇതിന്റെയെല്ലാമിടയിൽ മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും തേക്ക് ആഞ്ഞിലി മുതലായ വൻവൃക്ഷങ്ങളും ഉണ്ട്.

### കാലാവസ്ഥ

ഈ പ്രദേശത്തു് ഒരു ആണ്ടിൽ ശരാശരി 166 ദിവസം മഴ ലഭിക്കുന്നു. ഓരോ കൊല്ലവും ലഭിക്കുന്ന ആകെ മഴയുടെ ഏകദേശം 60% കാലവർഷമായും 35% തുലാവർഷമായും 2% ജനുവരി, ഫെബ്രുവരി മാർച്ച് മാസങ്ങളിലും 3% ഏപ്രിൽ മെയ് മാസങ്ങളിലുമായി ലഭിക്കുന്നു. നമ്മുടെ നാട്ടിൽ അനുഭവപ്പെടുന്ന കൂടിയ ചൂട് 33 ഡിഗ്രി കുറഞ്ഞത് 18 ഡിഗ്രി എന്ന് കണക്കാക്കാം മഴക്കാലങ്ങളിൽ ആപേക്ഷിക ആർദ്രത 90% ന് മുകളിലാണ്.

****

# കൃഷി

കൃഷി മുഖ്യതൊഴിലായിട്ടുള്ള ആളുകൾ താമസിക്കുന്ന ഒരു പ്രദേശമാണ് അശമന്നൂർ പഞ്ചായത്ത്. ഭൂപരിഷ്ക്കരണ നിയമം പ്രാബല്യത്തിൽ വന്ന 1970 വരെ മിക്കവാറും കൃഷിഭൂമി ജന്മിമാരുടേതായിരുന്നു. ജന്മികളാരും തന്നെ കൃഷിക്കാരായിരുന്നില്ല. യഥാർത്ഥ കർഷകർ ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്തുപോന്നു. ജന്മിമാർ യാതൊരു സഹായവും കൃഷിക്കാർക്ക് നൽകിയിരുന്നില്ല. പാട്ടംപററുക എന്നതു മാത്രമായിരുന്നു അവർ ചെയ്തിരുന്നത്.

നെൽകൃഷിയെ സംബന്ധിച്ചിടത്തോളം കന്നിപ്പൂ മകരപ്പൂ എന്ന് രണ്ട് മുഖ്യവിളവെടുപ്പുകാലമാണുണ്ടായിരുന്നത്. ഇന്നും ഈ നാമങ്ങൾ നിലനിന്നുവരുന്നു വളരെ ചുരുക്കം സ്ഥലങ്ങളിൽ പുഞ്ചകൃഷിയും ചെയ്തിരുന്നു എല്ലാ കൃഷിവിളകളും മഴയെ മാത്രം ആശ്രയിച്ചാണ് നിലനിന്നിരുന്നത്. ചാര, ചെമ്പാവ്, ഓണോട്ടൻ, എരുമക്കാരി, ഇട്ടിക്കണ്ടപ്പൻ, ആര്യൻ, ഞവര, അതിയൻ, കാററാടി, അറുപതാംകാരി, രാജമേനി, മുണ്ടകൻ, കുറിഞ്ഞോട്ട തുടങ്ങിയ പേരുകളിലാണ് അക്കാലത്ത് നെൽവിത്തുകൾ അറിയപ്പെട്ടിരുന്നത്. വിളവ് കുറവായിരുന്നെങ്കിലും അവക്കെല്ലാം കീടപ്രതിരോധശക്തിയുണ്ടായിരുന്നു. വയലിനോട് ചേർന്നു കിടക്കുന്ന താഴ്വര പ്രദേശങ്ങളിലും, ഒരുപ്പൂവായി ഇടവം മിഥുനം, കർക്കിടകം മാസങ്ങളിൽ ഞാൽകൃഷി എന്ന പേരിൽ ഒരുപ്പൂവും ചുരുക്കം ചിലയിടങ്ങളിൽ ഞാൽകൃഷിക്ക്ശേഷം തേകിനനച്ച് മാലി (മ്യാൽ) കൃഷി എന്ന പേരിൻ രണ്ടാം വിളയും കൃഷിചെയ്തിരുന്നു. കൂടാതെ താഴ്വരപ്രദേശങ്ങളിൽ ചാമ ചേന, കൂർക്ക, മുതിര, ഇഞ്ചി, കപ്പ,കാച്ചിൽ, മധുരക്കിഴങ്ങ്, പയറുവർഗ്ഗങ്ങൾ, വാഴ, ചെറുകിഴങ്ങ്, ചേമ്പ്, മഞ്ഞൾ എന്നിവയും വളരെ ചുരുക്കമായി ചോനാട്ടുപുല്ല്, (പഞ്ഞപ്പുല്ല്) എന്നനാടൻ പേരിൽ അറിയപ്പെട്ടിരുന്ന കുവരക് കൃഷിയും തിനകൃഷിയും ഉണ്ടായിരുന്നു. ഇതിനെല്ലാം പുറമെ മലരു നിർമ്മാണത്തിനുതകുന്ന ബാങ്കുനെല്ല് എന്ന് വിളിച്ചിരുന്ന നീളം കൂടിയ ഒരു നെല്ലും ചുരുക്കം ചില സ്ഥലങ്ങളിൽ കരിമ്പുകൃഷിയും ഉണ്ടായിരുന്നു.

ജലസേചനത്തിനു തുലാവ്, കയററുകുട്ട എന്നീ നാടനുപകരണങ്ങളാണുപയോഗിച്ചിരുന്നത്. പമ്പുസെററുകളൊന്നുമുണ്ടായിരുന്നില്ല. കിണറുകളിലും കുളങ്ങളിലും മീനം മേടം മാസങ്ങളിൽപോലും നിത്യോപയോഗത്തിനു ജലംലഭിച്ചിരുന്നു. കിണർ മാത്രമായിരുന്നു കുടിവെള്ളത്തിനു ഏക ആശ്രയം. കരപ്രദേശങ്ങളിൽ വാഴയും, ചേനയും, കപ്പയുംകൃഷി ചെയ്തിരുന്നു. വളമായി ചവറും, ചാണകവും, ചാരവും ഉപയോഗിച്ചിരുന്നു. രാസവളങ്ങളോ കീടനാശിനികളോ ഇല്ലായിരുന്നു. ഏറെ താമസിയാതെ എല്ലുപൊടി എന്ന ജൈവവളം പ്രചാരത്തിൽ വന്നു. വയലുകളിൽ മണ്ണിര, തവള, നീർകോലി എന്നീ ജീവികളും സാധാരണക്കാരുടെ ഭക്ഷ്യവസ്തുഭാഗമായിരുന്ന ഞണ്ട് ഞവണി നാടൻ മത്സ്യങ്ങൾ എന്നിവയും ഉണ്ടായിരുന്നു. വിളവെടുപ്പുകൾക്ക് പിൻപുള്ള മിഥുനം, കർക്കിടകം, വൃശ്ചികം, ധനുമാസങ്ങളിൽ നെൽക്കൃഷിക്കാരുടെയും ജന്മിമാരുടെയും ഗൃഹങ്ങളിലൊഴികെ സാധാരണക്കാരുടെ വീടുകളിൽ അരിയാഹാരത്തിനു കടുത്ത ക്ഷാമം അനുഭവപ്പെട്ടിരുന്നു. കൃഷിയുടെ ശത്രുവായ ചാഴി, ഓലചുരുട്ടിപ്പുഴു തുടങ്ങിയ കീടങ്ങളെ നശിപ്പിക്കാൻ ഓലവയപ്പ് (ഒരു തരം മന്ത്രവാദം) ചാരം, കുമ്മായം കടുത്ത ദുർഗ്ഗന്ധമുള്ള ഈന്തച്ചക്ക, എന്നിവയാണ് ഉപയോഗിച്ചിരുന്നത്.

തരിശ്ശായിക്കിടന്നിരുന്ന കുന്നിൻപ്രദേശങ്ങളും പറമ്പുകളും കന്നുകാലികളുടെ മേച്ചിൽ സ്ഥലങ്ങളായിരുന്നു, തന്മൂലം കാലിവളർത്തൽ ചെലവേറിയതായിരുന്നില്ലാ. അക്കാലത്ത് പുല്ലും, വയ്ക്കോലും തവിടും കാലിത്തീററിവസ്തുക്കളായി ഉപയോഗിച്ചിരുന്നു. നാടൻ കലപ്പ (ഞേഞ്ഞൽ) ഉപയോഗിച്ചാണ് നിലമുഴതിരുന്നത്.

1950 കളിൽ ഇഞ്ചിപ്പുൽ തൈലത്തിനു പെട്ടെന്ന് വില വർദ്ധിച്ചു. നാണ്യവിളയായി ഇഞ്ചിപ്പുൽ കൃഷി പറമ്പുകളിലും താഴ്വരകളിലും വ്യാപിച്ചു. അതിന്റെ സംസ്കരണത്തിനായി വൻതോതിൽ മരങ്ങൾ വെട്ടിമാററി കൂടാതെ മേച്ചിൽ സ്ഥലങ്ങൾ കുറവായതോടെ കന്നുകാലിവളർത്തലും കുറഞ്ഞു. പച്ചില വളത്തിന്റെയും ലഭ്യത ശുഷ്കമായി. പകരം ശീമക്കൊന്ന എത്തിച്ചേർന്നു. ശീമകൊന്ന പ്രചാരണത്തോട് ബന്ധപ്പെടുത്തി അന്നത്തെ അശമന്നൂർ ഗ്രാമസേവകനായിരുന്ന ശ്രീ. കാസിമിനെ ഇന്നും ഇന്നാട്ടുകാർ ഓർമിക്കുന്നു. ഇക്കാലത്ത് കൃഷിവകുപ്പും ഇഞ്ചിപ്പുൽ ഗവേഷണകേന്ദ്രവും ''ശീമക്കൊന്ന'' വളർത്തുന്നതിനു കൃഷിക്കാർക്ക് പ്രചോദനം നൽകി.

1960 കളിൽ സ്ഥിതിയാകെ മാറി. ഭൂപരിഷ്കരണനിയമവും പെരിയാർവാലി ലോലെവൽ കനാലിന്റെ ആവിഷ്കാരവുമാണ് ഇതിന് കാരണം. നിലമുഴകുന്നതിന് പുതിയ കലപ്പയും, തൈനാൻ I. R. 8 എന്നീ പുതിയ നെൽവിത്തിനങ്ങളും കൃത്രിമ വളങ്ങളും കീടനാശിനികളും രംഗത്തുവന്നു. 1970 കളിൽ കൃത്രിമ രാസവളങ്ങളുടെയും കീടനാശിനിയുടേയും പ്രയോഗം മൂർദ്ധന്യാവസ്ഥയിലെത്തി. PTB- 10, PTB- 20, അശ്വതി, ജ്യോതി, കാഞ്ചർ ത്രിവേണി, തവളക്കണ്ണൻ, രോഹിണി തുടങ്ങിയ പുതിയ വിത്തിനങ്ങളും വന്നു. പിൽക്കാലത്ത് ഐശ്വര്യ കാഞ്ചന, പ്രസന്ന, സ്വർണ്ണപ്രഭ തുടങ്ങിയ നൂതനവിത്തിനങ്ങൾ എത്തിച്ചേർന്നു. കലപ്പകളുടെ സ്ഥാനത്ത് ട്രാക്ടറും ടില്ലറും വന്നു. വിളവ് ഗണ്യമായി വർദ്ധിച്ചു. രാസവളത്തിന്റേയും കീടനാശിനിയുടേയും അമിതപ്രയോഗം മണ്ണിന്റെ ഗുണനിലവാരവും ഘടനയും മാററി. മണ്ണിര, മത്സ്യം, ഞണ്ട് ഞവണി, തവള, കൃഷിയെ സഹായിക്കുന്ന ബാക്ടീരിയ ഇവയെല്ലാം നാമാവശേഷമായി.

1980കളിൽ സ്ഥിതിക്ക് മാററം വന്നു. നെൽകൃഷി ലാഭകരമല്ലാതായി. കർഷക തൊഴിലാളികളുടെ ലഭ്യത കുറഞ്ഞു. റബ്ബറിന്റെ വിലവർദ്ധനവ് കുന്നിൻപുറങ്ങളേയും ചരിവുകളേയും താഴ്വരകളേയും റബ്ബർതോട്ടങ്ങളായി മാററി. ഉയർന്ന വയലിടങ്ങൾ പൈനാപ്പിൾ, വാഴ, ഇഞ്ചി തുടങ്ങിയനാണ്യവിളകൾക്ക് വഴിയൊരുക്കി. റോഡരികിലുള്ള ചിലവയൽ ഭാഗങ്ങൾനികത്തിപുരയിടങ്ങളാക്കി. കൃഷിതൊഴിലാളികളിൽ 90ശതമാനവും കൂടുതൽ വരുമാനം ലഭിക്കുന്ന കെട്ടിടം പണി, പാറപ്പണി, കനാൽപണി, റോഡു പണി എന്നീ തുറകളിലേക്ക് നീങ്ങി. ഇതിന്റെയെല്ലാം ഫലമായി കൃഷി, പ്രത്യേകിച്ച് നെൽകൃഷിയോടുള്ള താല്പര്യം കർഷകരിൽ കുറഞ്ഞു. ഈ അവസ്ഥയ്ക്കുള്ള ഉത്തരവാദിത്വം പ്രത്യേകിച്ച് ആരിലും ചുമത്താനാവില്ല. ക്രമേണ വന്നുചേർന്ന നിർഭാഗ്യകരമായ അവസ്ഥ എന്നു മാത്രം കരുതിയാൽ മതിയാകും.

1990 മുതൽ 1980 കളിലെ അവസ്ഥ കുറേക്കൂടി രൂക്ഷമായി. കേരളത്തിലെ ഇപ്പോഴത്തെ ജനസംഖ്യ മൂന്നു കോടിവരും. ഇന്ന് നമുക്കാവശ്യമുള്ള അരിയുടെ ഏകദേശം 25 ശതമാനം വരെ മാത്രമേ ഇവിടെ ഉത്പാദിപ്പിക്കുന്നുള്ള അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള അരിയെ ആശ്രയിച്ചാണ് ഇന്ന് നമ്മുടെ പഞ്ചായത്തുൾപ്പടെയുള്ള കേരളീയർ അരിയാഹാരം നിലനിറുത്തുന്നത്. കേരളീയരിൽ ചിലർ അയൽസംസ്ഥാനങ്ങളിൽ ഭൂമി വാങ്ങി നാണ്യവിളകൃഷികൾ തുടങ്ങിയിട്ടുണ്ട്. ചുരുക്കത്തിൽ എ. ഡി. 2000 ത്തിനു ശേഷം അയൽസംസ്ഥാനങ്ങളിലെ നെല്ലറകൾ പലതും നാണ്യവിള കേന്ദ്രങ്ങളായി മാറുവാനുള്ള സാദ്ധ്യതകൾ തള്ളിക്കളയാനാവില്ല. ഉദാഹരണമായിഅടുത്തകാലംവരെ തമിഴ്നാട്ടിൽ തെങ്ങുകൃഷി വിരളമായിരുന്നു. ഇപ്പോൾ കേരനാട് എന്നപേരിന് കേരളത്തെക്കാൾ അർഹത തമിഴ്നാടിനാണ്. ഈ നില തുടർന്നാൽ അരിയാഹാരത്തിന്റെ കാര്യത്തിൽ കേരളം ബുദ്ധിമുട്ടിലാകും ഇതിനു പരിഹാരമായി നമുക്കാവശ്യമായ അരിയുടെ 50 ശതമാനമെങ്കിലും ഉത്പാദിപ്പിച്ചില്ലെങ്കിൽ പണം കൈവശം വച്ചുകൊണ്ട് പട്ടിണി കിടക്കേണ്ടിവരും. ഭാവിയിൽ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള ഈ ദു:സ്ഥിതി ഒഴിവാക്കാൻ നമ്മളെന്തു ചെയ്യണമെന്നതാണ് ഇന്നു നമ്മെ അലട്ടുന്ന കൃഷിരംഗത്തെ മുഖ്യപ്രശ്നം.

മണ്ണിന്റെ മൂല്യശോഷണത്തിന് കാരണങ്ങളായ അമിതരാസവളപ്രയോഗത്തിനും കീടനാശിനികൾക്കും പകരമായി ജൈവവളങ്ങളും ജൈവകീടനാശിനികളും പ്രയോജനപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ടായേ മതിയാകൂ.

## പച്ചക്കറികൃഷി

ഏകദേശം 1970കാലഘട്ടംവരെ നമ്മുടെ പ്രദേശങ്ങളിൽസ്വന്തം ഉപയോഗത്തിനുപുറമെ വില്പനയ്ക്കും ഉതകത്തക്കവിധത്തിൽ പച്ചക്കറികൃഷി നടത്തിയിരുന്നു. പെരുമ്പാവൂർ സസ്യമാർക്കററ് പച്ചക്കറി സാധനങ്ങളുടെ പ്രധാന വിപണനകേന്ദ്രവുമായിരുന്നു. അക്കാലത്ത് പച്ചക്കറി വാങ്ങിക്കൊണ്ടു പോകുന്നതിന് ദൂരസ്ഥലങ്ങളിൽ നിന്നുപോലും കച്ചവടക്കാർ വന്നിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതിയെന്താണ് ? പെരുമ്പാവൂർ സസ്യമാർക്കററ് തമിഴ്നാട്ടിൽ നിന്നുവരുന്ന പച്ചക്കറിസാധനങ്ങളുടെ വിൽപന കേന്ദ്രമായി മാറി. ഒരാഴ്ചകാലം തമിഴ്നാട്ടിൽ നിന്നുള്ള പച്ചക്കറി ലോറികളെത്തിയില്ലെങ്കിൽ നമ്മുടെ വീടുകളിൽ പച്ചക്കറിവിഭവങ്ങൾ ഉണ്ടാകില്ല. അല്പം ശ്രദ്ധിച്ചാൽ ഈ അവസ്ഥക്ക് മാററം വരുത്തിക്കൂടെ? അതുപോലെ തന്നെ മാരകശക്തിയുള്ള കീടനാശിനി ഉപയോഗിച്ചുണ്ടാക്കുന്ന പച്ചക്കറി സാധനങ്ങൾ ഒഴിവാക്കാൻ സാധിക്കുകയില്ലെ ?.

## വിള വിസ്തീർണ്ണവും ഉത്പാദനവും

(അവലംബം കൃഷിഭവൻ അടിസ്ഥാന വിവര രജിസ്റ്റർ)

| ക്രമ നം: | വിള | വിസ്തീർണ്ണം (ഹെക്ടറിൽ) | മൊത്തം ഉൽപാദനം | ഉൽപാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|---|
| 1 a | നെല്ല് (ഒന്നാം വിള) | 371 | 7883. 7 ക്വി. (ശരാശരി) | H. Y. V. 2600 കി. ഗ്രാം. |
| b | നെല്ല് (രണ്ടാം വിള) | 369 | 7841. 25 ക്വി | Local 1650 കി. ഗ്രാം. |
| c | നെല്ല് (മൂന്നാം വിള) | 330 | 7012. 5ക്വി. | |
| 2 | പയർ | 15 | 112. 5 ക്വി. | 750 കി. ഗ്രാം. |
| 3 | എള്ള് | 1.5 | 412 കി. ഗ്രാം | 275 കി. ഗ്രാം |
| 4 | പച്ചക്കറികൾ | 15 | 67. 50 ക്വി. | 450 കി. ഗ്രാം. |
| 5 | തെങ്ങ് | 585 | 50 ലക്ഷം എണ്ണം | 8500 എണ്ണം |
| 6 | വാഴ | 90 | 12. 5 ലക്ഷം കിലോ | 8 കി. ഗ്രാം. |
| 7 | മരച്ചീനി | 10 | 1. 5 ലക്ഷം കിലോ | 15000 കി. ഗ്രാം. |
| 8 | കുരുമുളക് | 30 | 112. 5ക്വി. | 375 കി. ഗ്രാം. |
| 9 | പ്ലാവ് | 2 | 2500 എണ്ണം | 1250 എണ്ണം |
| 10 | കശുമാവ് | 1 | 5 ക്വി. | 5 ക്വി |
| 11 | മാവ് | 1 | 10 ക്വി. | 10 ക്വി |
| 12 | റബ്ബർ | 325 | 3. 18 ലക്ഷം കിലോ | 1060 കി. ഗ്രാം |
| 13 | കവുങ്ങ് | 2 | 24 ലക്ഷം എണ്ണം | 12 ലക്ഷം എണ്ണം |
| 14 | പൈനാപ്പിൾ | 30 | 2. 70 ലക്ഷം കി. ഗ്രാം | 9003 കി. ഗ്രാം |
| 15 | കൊക്കൊ | 20 | 87 ക്വി. | 435 കി. ഗ്രാം |
| 16 | ഇഞ്ചി | 125 | 1375 ക്വി. | 1100 കി. ഗ്രാം |
| 17 | മഞ്ഞൾ | 50 | 1002 ക്വി. | 2004 കി. ഗ്രാം |
| 18 | മൾബറി | 1 | — | — |

I, a, b, c, 5, 12, എന്നീ ഇനങ്ങളിൽ ഇപ്പോൾ വളരെയധികം മാററം വന്നിട്ടുണ്ട്.

## ഇഞ്ചിപ്പുൽ കൃഷിയും – ഗവേഷണ കേന്ദ്രവും

(ഇപ്പോൾ A. M. P. R. S.)

നമ്മുടെ പഞ്ചായത്തിൽ 1920 മുതൽ 1960 കാലഘട്ടം വരെ കാട്ടുപുല്ലായി മേച്ചിൽ പ്രദേശങ്ങളിൽ വളർന്നിരുന്ന ഇഞ്ചിപ്പുല്ല് മുറിച്ച് ഇതിനായി രൂപകൽപന ചെയ്ത യന്ത്രത്തിൽ വാററി തൈലമെടുത്ത് വ്യാപാരികൾ കൊച്ചി തുറമുഖം വഴി യൂറോപ്യൻ രാജ്യങ്ങളിലേക്ക് കയററി അയച്ചിരുന്നു.

കൊച്ചിക്കാരനൊരു മേസ്തിരിയാണ് ആദ്യമായി മേതല മലയിൽ ധാരാളമായി കണ്ടുവന്ന ഈ പുല്ല് ശേഖരിച്ച് സംസ്കരണം നടത്തി വിററിരുന്നത്. ക്രമേണ ഈ പഞ്ചായത്തിലെ ജനങ്ങൾ വ്യാപകമായി കൃഷി ചെയ്തു തുടങ്ങുകയും അത് അയൽപഞ്ചായത്തുകളിലേക്ക് വ്യാപിക്കുകയും ചെയ്തു. വളരെ ആദായകരമായിരുന്ന ഈ വ്യാപാരം വിറകിൻെറ ലഭ്യത കുറയുകയും വൻവ്യാപാരികളുടെയും കമ്പനിക്കാരുടേയും ചൂഷണത്തിനു വിധേയമാകുകയും ചെയ്തതോടെ ആദായകരമല്ലാതായി. അപ്പോഴേക്കും റബ്ബർ കൃഷി ക്രമേണ വ്യാപിച്ച് ശക്തനായൊരെതിരാളിയാകുകയും ചെയ്തു.

അധഃപതനം മുന്നിൽ കണ്ട ഇഞ്ചിപ്പുൽ കൃഷിയേയും തന്മൂലമുണ്ടാകുന്നവ്യവസായത്തേയും സംരക്ഷിച്ച് പരി നമ്മുടെ പഞ്ചായത്തിൻെറ വ്യവസായവൽക്കരണവും ലക്ഷ്യമാക്കികൊണ്ട് 1951ൽ ഗവ: ഉടമയിൽഇഞ്ചിപ്പുൽ ഗവേഷണകേന്ദ്രം എന്ന സ്ഥാപനം ആരംഭിച്ചു.

അന്നത്തെ നമ്മുടെ M. L. A. ആയിരുന്ന ശ്രീ. M. വർക്കി B. A. & B. T. യുടെ നിരന്തരശ്രമമായിട്ടാണ് ഈ നേട്ടം കൈവന്നത്. തുടക്കത്തിൽ വ്യവസായവകുപ്പിൻെറയും, 1954മുതൽ കൃഷിവകുപ്പിൻെറയും, 1977 മുതൽ കാർഷിക സർവ്വകലാശാല നിലവിൽ വന്നതോടെ അതിൻെറ ഒരു അവിഭാജ്യ ഗവേഷണകേന്ദ്രമായും ഈ സ്ഥാപനം മാറി. ലോകത്തിലെതന്നെ ഇഞ്ചിപ്പുൽ ചെടികളെപ്പററി ഗവേഷണം നടത്തുന്ന ഏകസ്ഥാപനമാണിത്.

എന്നാൽ ഈ സ്ഥാപനം വന്നതിനുശേഷം ഉത്പാദനരംഗത്തു ചില നേട്ടങ്ങൾ ഉണ്ടായതല്ലാതെ വ്യവസായവൽക്കരണരംഗത്ത് ഇന്നാട്ടിൽ കാര്യമായി ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. പ്രതികൂല സാഹചര്യങ്ങളെ തുടർന്ന് ഇഞ്ചിപ്പുൽ കൃഷി ഈ പഞ്ചായത്തിലും സമീപ പഞ്ചായത്തുകളിലും ഇപ്പോൾ തീർത്തും ഇല്ലാതാകുകയും ചെയ്തു.

ഇതിനെ തുടർന്ന് ഇഞ്ചിപ്പുൽ ഗവേഷണ കേന്ദ്രം "സുഗന്ധതൈല ഔഷധചെടി ഗവേഷണ കേന്ദ്രം" (Aromatic and Medicinal plants Research Station) (A. M. P. R. S.) എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. ഇഞ്ചിപ്പുല്ലിനു പുറമെ, പാമറോസ, സിട്രാണെല്ല, തുളസി, രാമച്ചം കറുവ, പച്ചോളി, ജാതി, കരയാംപൂ, കുരുമുളക് എന്നീ സുഗന്ധതൈല ചെടികളുടേയും കച്ചോലം തിപ്പൊലി, അടപതിയൻ, ആടലോടകം, നീലയമരി, ചെങ്ങുനീർകിഴങ്ങ്, വയമ്പ്, ചെത്തി, കൊടുവേലി മുതലായ ഔഷധചെടികളുടേയും ഗവേഷണങ്ങളാണ് മുഖ്യമായും ഇവിടെ നടന്നുവരുന്നത്. സുഗന്ധതൈലരംഗത്തു് ഗുണമേന്മയേറിയതും അത്യുല്പാദന ശേഷിയുള്ളതുമായ "സുഗന്ധി" എന്ന ഇഞ്ചിപ്പുൽ ഇനവും O. D. P. – 2 എന്ന പാമറോസ ഇനവും O. D. V. – 3 എന്ന രാമച്ചയിനവും O. D. C. – 130 എന്ന കറുവഇനവും ഈ കേന്ദ്രത്തിൻെറ സംഭാവനകളാണ്.

കൂടാതെ കേരളത്തിനുപുറമെ അന്യസംസ്ഥാനങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നുമായി 450-ൽ പരം വിവിധയിനം ഇഞ്ചിപ്പുൽ ചെടികളും ഗവേഷണത്തിനുവേണ്ടി നട്ടുവളർത്തുന്നുമുണ്ട്. സുഗന്ധതൈല ചെടികളുടേയും ഔഷധ ചെടികളുടേയും വിവിധരീതിയിലുള്ള പ്രജനനം (Propagation) അവയുടെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കൽ എന്നീ രംഗങ്ങളെ കേന്ദ്രീകരിച്ചാണ് ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നത്. ഇതിനെല്ലാം പുറമെ വിവിധ ഇനം ഔഷധചെടികളും സങ്കരയിന തോട്ടവിളതൈകളും ഉത്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള ഏർപ്പാടുകളും ഇവിടെയുണ്ട്.

ഉയർന്ന പ്രദേശങ്ങളിൽ ലഭിക്കുന്ന മഴവെള്ളം പരമാവധി "നീർ മറിപ്രദേശ വികസന പദ്ധതി തത്വം" (Water Shed Management) അനുസരിച്ച് എങ്ങനെ പ്രയോജനപ്പെടുത്താം എന്ന വസ്തുത നേരിൽ കണ്ട് പഠിക്കുന്നതിനുള്ള സൗകര്യവും ഇവിടെയുണ്ട്.

## പ്രശ്നങ്ങളും സാദ്ധ്യതകളും

1. ജല ദൗർലഭ്യമാണ് ഈ കേന്ദ്രത്തിന്റെ വികസനത്തിന് തടസ്സമായി നിൽക്കുന്ന പ്രധാനഘടകം. ഈ സ്ഥാപനത്തിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രത്യേകിച്ച് അശമന്നൂർ ഗ്രാമപഞ്ചായത്ത് മുൻ കൈയ്യെടുത്ത് അടിയന്തിരമായി പരിഹാരം കാണേണ്ടതാണ്.

2. ഈ സ്ഥാപനം നമുക്ക് അഭിമാനകരമാണെങ്കിലും സാധാരണ കർഷകർക്ക് ഇന്നത്തെ രീതിയിൽ കാര്യമായ പ്രയോജനം ഇല്ല. ഇതിന് പരിഹാരമായി ഈ സ്ഥാപനത്തിൽ

a) കൃഷിക്കാർക്ക് വിവിധ കൃഷികളുടെ നടത്തിപ്പിലും വളപ്രയോഗത്തിലും കീടനിയന്ത്രണത്തിലും വിദഗ്ദ്ധ ഉപദേശം പകർന്നു കൊടുക്കുന്ന കർഷക പരിശീലന കേന്ദ്രവും ഉദ്യോഗസ്ഥ പരിശീലനകേന്ദ്രവും ആരംഭിക്കേണ്ടതാണ്.

b) തെങ്ങ്, കമുക്, ഇഞ്ചി, റബ്ബർ, പൈനാപ്പിൾ കുരുമുളക് തുടങ്ങിയ നമ്മുടെ നാട്ടിലെ നാണ്യവിളകളെ ബാധിക്കുന്ന വിവിധതരം രോഗങ്ങളേയും അവയ്ക്കുള്ള പ്രതിവിധികളേയും സംബന്ധിക്കുന്ന ഗവേഷണങ്ങളും ഊർപ്പെടുത്തി ഗവേഷണരംഗം വികസിപ്പിക്കേണ്ടതാണ്.

c) വിവിധ വിളസംസ്കരണത്തെ ആസ്പദമാക്കിയുള്ള ഗവേഷണപഠനങ്ങൾ ഊർജിതപ്പെടുത്തുന്നതിന് സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതാണ്.

d) നമ്മുടെ നാടിനനുയോജ്യമായ വിവിധയിനം വിളകളുടെ വിത്തുകളുല്പാദിപ്പിച്ച് നിലവിലുള്ള നഴ്സറി വികസിപ്പിക്കേണ്ടതാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ കാർഷിക സർവ്വകലാശാലയും ഗവൺമെൻറും മുൻകൈയെടുത്ത് നടപ്പാക്കേണ്ടതാണ്.

കൂടാതെ ഈ സ്ഥാപനത്തെ ഒരു പ്രത്യേക കാർഷിക സർവ്വകലാശാലയായി ഉയർത്തണമെന്ന് അശമന്നൂർ ഗ്രാമപഞ്ചായത്തിലെ വിവിധ ഗ്രാമസഭകൾ നിർദ്ദേശിച്ചിരിക്കുന്നു.

## ഗ്രാമസഭാ റിപ്പോർട്ട് ക്രോഡീകരണം

കൃഷി വികസനത്തിന് താഴെ പറയുന്ന കാര്യങ്ങൾ നമ്മുടെ പഞ്ചായത്തിലെ നിലവിലുള്ള എല്ലാ കൃഷിക്കും ഒരുപോലെ പ്രയോജനപ്പെടുത്തേണ്ടതാണ്.

1. വിത്ത്, വളം, കീടനാശിനി എന്നിവ 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
2. മണ്ണ് പരിശോധനാ സൗകര്യം വിപുലീകരിക്കുക.
3. അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങൾ ശേഖരിച്ച് വിതരണം നടത്തുക.
4. ജൈവ വളങ്ങളും ജൈവ കീടനാശിനികളും കൂടുതൽ പ്രചരിപ്പിക്കുക.
5. മുഴവൻ കൃഷിയാവശ്യത്തിനും വൈദ്യുതി സൗജന്യമാക്കുകയും കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുകയും ചെയ്യുക.
6. കൃഷി ഉദ്യോഗസ്ഥൻമാർ കൃഷിയിടങ്ങൾ സന്ദർശിച്ച് ആവശ്യമായ നിർദേശങ്ങൾ നൽകുക. (Lab to land programme)
7. എല്ലാ വിളകൾക്കും സൗജന്യ ഇൻഷൂറൻസ് ഏർപ്പെടുത്തുക.
8. എല്ലാ സ്ഥലത്തും ഒരേ സമയം എലിനശീകരണവും കീടനിയന്ത്രണവും നടപ്പിലാക്കുക.
9. നൂതന കൃഷിരീതികളെ കുറിച്ചും വിളവെടുപ്പ് രീതികളെക്കുറിച്ചും ബോധവൽക്കരണം നടത്തുക.
10. പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

### നെൽകൃഷി

* ഗ്രൂപ്പ് ഫാമിംഗ് ഫലവത്തായും വ്യാപകമായും നടപ്പാക്കുക.
* ട്രാക്ടർ, ടില്ലർ, മെതിയന്ത്രം എന്നിവ ഓരോ സമിതിക്കും സൗജന്യമായി അനുവദിക്കണം. എന്നാൽ അവയുടെ പ്രവർത്തനത്തിനും സംരക്ഷണത്തിനും ആവശ്യമായ ചെലവുകൾ സമിതികൾ തന്നെ നിർവ്വഹിക്കേണ്ടതാണ്.

### തെങ്ങ്

* കേടുവന്ന മുഴുവൻ തെങ്ങുകളും വെട്ടിമാററി പകരം പുതിയ തെങ്ങ് വയ്ക്കുന്നതിന് തെങ്ങൊന്നിന് 500 രൂപയും നല്ലയിനം തെങ്ങിൻ തൈകളും എല്ലാവർക്കും അനുവദിക്കുക.

* കാററു വീഴ്ച രോഗം നിയന്ത്രിക്കുന്നതിനു് വിദേശ ശാസ്ത്രജ്ഞരുടെ സേവനം ലഭ്യമാക്കുക

**കമുക്**

* മഹാളിരോഗം തടയുന്നതിനു് ഫലപ്രദമായ മാർഗനിർദ്ദേശം വിദഗ്ധരിൽ നിന്നും ലഭ്യമാക്കണം.

**കുരുമുളക്**

* കുരുമുളകിനുണ്ടാകുന്ന ദ്രുതവാട്ടം, സാവധാന വാട്ടം എന്നീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനു് ഫലപ്രദമായ നിർദ്ദേശങ്ങൾ നൽകണം.

**റബ്ബർ**

* റബ്ബർ തോട്ടങ്ങൾക്കുള്ള സബ്സിഡിതുക വർദ്ധിപ്പിക്കുക.

* റബ്ബർകൃഷിക്കുണ്ടാകുന്ന രോഗങ്ങൾ (ചീക്ക്, പട്ടമരപ്പ് മുതലായവ) നിയന്ത്രിക്കുന്നതിനു് ഉള്ള നിർദ്ദേശങ്ങൾ ലഭ്യമാക്കുക.

* റബ്ബർ ബോർഡിൽ നിന്നു് വിദഗ്ധ ഉദ്യോഗസ്ഥൻമാരുടെ സേവനം ഉറപ്പു വരുത്തുക.

**പൈനാപ്പിൾ**

* പൈനാപ്പിൾ സംസ്കരണ ഫാക്ടറി സ്ഥാപിക്കുക.
* പൈനാപ്പിളിനുള്ള ഹോർമോൺ പ്രയോഗം ആദായകരമാക്കുക.

കൂൺ കൃഷി, പൂവു് കൃഷി, ഔഷധച്ചെടികൾ മുതലായവ വ്യാപിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും സാമ്പത്തിക സഹായമനുവദിക്കുകയും ചെയ്യുക.

ജാതി, കൊക്കൊ, ഗ്രാമ്പൂ വെററിലകൊടി കൊടംപുളി, കശുമാവ് എന്നീ നാണ്യവിളകളെ പ്രോത്സാഹിപ്പിക്കുക.

**വിജ്ഞാനവും വിപണനവും**

1. കാർഷീക ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിനു് ഗ്രാമപഞ്ചായത്തു് തലത്തിൽ ഒരു സഹകരണസംഘം (ഹരിത സ്റ്റോർ) ആരംഭിച്ച് പഞ്ചായത്തിൻെറ എല്ലാഭാഗങ്ങളിലും ശാഖകൾ തുടങ്ങുക.
2. ഒരു പൊതുമാർക്കററ് ഓടക്കാലിയിൽ സ്ഥാപിക്കുക. മത്സ്യം, വാഴക്കണ്ണു് എന്നിവയുടെ വിൽപനസ്ഥായി ചെറുകുന്നത്തു് സൗകര്യം ഉണ്ടാക്കുക

****

# ജലസേചനം

അശമന്നൂർ പഞ്ചായത്തിൻെറ സർവ്വതോന്മുഖമായ വികസനത്തിനു് ഏററവുംഊന്നൽ നൽകേണ്ട മേഖല കുടിവെള്ളക്ഷാമം പരിഹരിക്കലും, ജലസേചന സൗകര്യം വർദ്ധിപ്പിക്കലുമാണു്. നിർഭാഗ്യകരം എന്നു പറയട്ടെ. കൃഷിവികസനം ഇന്നു് സബ്സിഡി വിതരണത്തിൽ ഒതുക്കി നിറുത്തുന്നു. 9-ാം പഞ്ചവത്സര പദ്ധതിയിൽ നമുക്കു് അധികാരം ലഭ്യമാകുകയാണെങ്കിൽ തീർച്ചയായും ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായിരിക്കും നമ്മൾ ഒന്നാം സ്ഥാനം നൽകേണ്ടതു്.

ഭൂപ്രകൃതിയുടെ പ്രത്യേകത കാരണം മഴമൂലം നമുക്കു് ലഭ്യമാകുന്ന ജലത്തിൻെറ നേരിയ ഒരംശംപോലും ഭൂമിയിൽ തങ്ങിനിൽക്കുന്നില്ല. ഭൂഗർഭജലത്തിൻെറ ലഭ്യതയും വളരെ കുറവാണു്. മുകളിൽ പറഞ്ഞ വസ്തുതകൾ പരിഗണിച്ചു് നമ്മുടെ പഞ്ചായത്തിനു് ഏററവും അനുയോജ്യമായ താഴെ പട്ടികയിൽപറയുന്ന ലിഫ്ററ് ഇറിഗേഷൻ പദ്ധതികളും (പട്ടിക 1) കുളം, തോടു്, ചിറ, ക്രോസ്ബാറുകൾ, ചീപ്പുകൾ, എന്നിവ നിർമ്മാണവും നന്നാക്കലും [പട്ടിക 2) ഏറെറടുത്തു് നടപ്പാക്കുന്നതിനു് ശ്രമിക്കേണ്ടതാണു്.

## ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് വിവിധ ഗ്രാമസഭയിൽ നിന്നും വന്ന നിർദ്ദേശങ്ങൾ

### പട്ടിക1 – ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

| വാർഡ് | ലിഫ്റ്റിന്റെ പേര് | ലിഫ്റ്റ് ചെയ്യാനുള്ള സ്ഥലം | പഴയത് | പുതിയത് | പ്രയോജനപ്പെടുത്താവുന്ന പ്രദേശങ്ങൾ |
|---|---|---|---|---|---|
| I | കല്ലിൽ ലിഫ്റ്റ് | മേതല ടണൽ | നിലവിലുള്ളത്, 40 H.P. മോട്ടോർ മാററി 60 H. P. മോട്ടോർ സ്ഥാപിക്കുക | | ആനംകുഴിയിൽവാലുംഭാഗത്ത് അക്വഡക്ററ് നിർമ്മിച്ച് വണ്ടമററംവഴി 3. Km. നീട്ടുക 1.2 വാർഡുകൾക്ക് പ്രയോജനം |
| | മുത്തുമുകൾ ലിഫ്റ്റ് | മേതല ടണൽ | | പുതിയത് | മുട്ടത്തുമുകളിൽ വെള്ളം എത്തിച്ച് മൂന്ന് കൈവഴികളായി തിരിച്ച് വിടുക |
| II | മേതല ലിഫ്റ്റ് | മണിക്കുന്ന് മുകൾ P. V. I. P. കനാൽ | നിലവിൽ പണി മുടങ്ങി കിടക്കുന്നത് | | വായ്ക്കര, തലപുഞ്ച, ഓടക്കാലി ഗവേഷണ കേന്ദ്രം എന്നിവയിലേക്ക് നീട്ടി 2,3,4 വാർഡുകൾക്ക് പ്രയോജനപ്പെടുത്താം |
| | അബൂക്കർലിഫ്റ്റ് | മണിയാട്ടുകുടിഭാഗത്ത് കുളംതാഴ്ത്തുക | | നിലവിൽപദ്ധതി അംഗീകരിച്ചത് | വണ്ടമററം, അംബൂക്കർ, കാട്ടാംകുഴി, എന്നിവിടങ്ങളിൽ കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗപ്പെടുത്താം |
| III | കോട്ടച്ചിറ ലിഫ്റ്റ് | കോട്ടച്ചിറ | | പുതിയത് | പള്ളിത്തണ്ടിൽ വെള്ളമെത്തിച്ച് ഓടക്കാലി വരെ നീട്ടാവുന്നതാണ് |
| IV | പൂമല ലിഫ്റ്റ് | V –ാം വാർഡിൽ പുന്നയം കനാൽ പാലത്തിന് കിഴക്കുവശം | | പുതിയത് | ഓടക്കാലി, പൂമലപ്രദേശത്തിന് പ്രയോജനപ്പെടുത്താം |
| | ചെറുകുന്നം ശാസ്താ ക്ഷേത്രം ലിഫ്റ്റ് | ശാസ്താക്ഷേത്രത്തിന് തെക്കുവശം കുളംതാഴ്ത്തുക | | പുതിയത് | IV–ാം വാർഡിന് പ്രയോജനപ്പെടുത്താം |
| V | ചാത്തൻചിറലിഫ്റ്റ് | പുന്നയംപാടത്ത് നിന്നും | | പുതിയത് | അഞ്ചാംവാർഡിലെ ഉയർന്ന പ്രദേശങ്ങളിൽ വെള്ളമെത്തിക്കാം |
| VI | നൂലേലി ലിഫ്റ്റ് | നൂലേലി ചിറ | | പ്രാരംഭനടപടികൾ ആരംഭിച്ചത് | 280 ഹെക്ടർ കൃഷിക്കും 2000 കുടുംബങ്ങൾക്കും പ്രയോജനപ്പെടുത്താം |
| VII | കോളശ്ശേരിപ്പടി ലിഫ്റ്റ് | കോളശ്ശേരിപ്പടിഭാഗത്ത് കുളം താഴ്ത്തുക | | പുതിയത് | 7–ാം വാർഡിലെ ഉയർന്ന പ്രദേശങ്ങൾക്ക പ്രയോജനപ്പെടുത്താം |
| VIII | ഞണ്ടാടി ലിഫ്റ്റ് | ഞണ്ടാടിപ്പാടത്ത് കുളംതാഴ്ത്തുക. | | പുതിയത് | കാപ്രമോളം കോളനിക്കുംസമീപ സ്ഥലത്തിനും പ്രയോജനപ്പെടുത്താം |
| IX | പുത്തൻകുളം ലിഫ്റ്റ് | പുത്തൻകുളത്തിൽ നിന്നും | | പുതിയത് | 9–ാം വാർഡിലെ പ്രദേശങ്ങൾക്ക പ്രയോജനപ്പെടുത്താം |

## കുളം, ചിറ, തോട്, ക്രോസ്ബാർ, ചീർപ്പുകൾ നന്നാക്കുന്നതിനും പുതിയത് നിർമ്മിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ (പട്ടിക 2)

| വാർഡ് | കുളങ്ങൾ | ചിറകൾ | തോടുകൾ | ക്രോസ്ബാർ പുതിയത് | ക്രോസ്ബാർ നന്നാക്കേണ്ടത് | ചീപ്പുകൾ |
|---|---|---|---|---|---|---|
| I | കദളിക്കുളം, കാളചിറക്കുളം, തൃക്കക്കുളം, കുരാളിക്കുളം, പുത്തൻകുളം | | കരിമ്പനാകുഴിച്ചാൽ പുന്നിലംതോട്, വെള്ളാർപാടം, എങ്ങാമററം, നടപ്പാടംപുന്നിലംതോട് | ഇഞ്ചകുഴിചാൽ കല്ലുപാലം വാലുകുടിതാഴം | മുട്ടചിറ വെള്ളരിക്കകണ്ടം | |
| II | കാനാകുളം, മണിയാട്ടുകുടികുളം, തട്ടാർകുളം | ചക്കൻചിറ കരിമ്പനാച്ചാൽ (തടയണ) കോട്ടചിറ | പാറക്കത്തോയി കാട്ടുകണ്ടം, മേക്കായത്തുപടി കാഞ്ഞിരമററം, പാറക്കണ്ടം | നാലുകണ്ടം | വട്ടപ്പാറപ്പാടം | |
| III | | കൂനംചിറ, പനിയേലിച്ചിറ, നമ്പേലിചിറ | കണ്ണാച്ചേരി, കുത്തറായി ഏക്കന്നം, കളവുംകോട്, മുട്ടപാറതോട്, പുല്ലേരിത്തോട് | തലപ്പുഞ്ചപ്പാടം | | മുട്ടപാറ വാഴ്ക്കരപ്പാടം |
| IV | അരീക്കകുളം | കുററിക്കാട്ടുചിറ | ഞണ്ടാടിതോട്, ആറടിതോട്, വാഴ്കരതോട്, കാട്ടുകണ്ടം - ചാത്തൻചിറതോട് | വായ്ക്കര ചെറുകുന്നം തോട്ടിൽരണ്ട് എണ്ണം | തലപ്പുഞ്ച | |
| V | വെട്ടുകാട്, വട്ടക്കാട്ടുകുളം, കടാച്ചേരികുളം ഓണമ്പിള്ളികുളം, പറമ്പികുളം | കുരീച്ചിറ അമ്പലച്ചിറ കോതചിറ | കോതചിറകളമ്പാടംതോട്, കളമ്പാടംകുററിക്കാട്ടുതോട്, കുററിക്കാട്ട്-ആറടിതോട്, നടുതോട്, നിലാൻതോട്, ചാത്തൻചിറതോട്, വെട്ടുകാട്തോട്, മണലോടി-ചപ്പക്കാട്ടുതോട്, മണലോടി കുമരക്കുളംതോട്, കൂടംകുഴി-കഴതേലിതോട്, കണ്ണൻകുററി-കണേലിതോട് | | | |
| VI | | കരങ്ങാട്ടുചിറ | കാരിതോട്, നൂലേലിതോട്, നമ്പിയംതോട്, ചുററുങ്ങൽതോട് | | | |
| VII | പനിച്ചേരികുളം | | കോഴിവാലൻതോട്, അശമന്നൂർഅമ്പലംതോട്, ചാലുകണ്ടംതോട്, ചാററുകണ്ടംതോട്, കാവുങ്ങമററംതോട് | | | |
| VIII | മാത്തിൽ പടിഞ്ഞാറേടത്ത് കുളം | വട്ടച്ചിറ ചാത്തൻചിറ | ചാത്തൻചിറതോട്,, മുളങ്ങാട്ട്തോട്, ഞണ്ടാടിതോട് | കളങ്ങരപ്പാടം ക്രോസ്ബാർ | | |
| IX | | | കുററിക്കുഴിതോട്, കുററിക്കുഴി-ചെങ്ങയംതോട്, പുത്തൻകുളം പാടംതോട്, കല്ലുമററം വഴിപ്പുഴതോട്, അശമന്നൂർഅമ്പലംവഴിപ്പുഴതോട്, ഇങ്ങുകണ്ടംപാടംതോട് | | | |

**മററുനിർദേശങ്ങൾ** (1) P.V.I.P. കനാൽ മെയ്ൻറനൻസ് കാലാകാലങ്ങളിൽ നടത്തുകയും കേടുവന്ന സ്ലൂയിസുകൾ നന്നാക്കുകയും ചെയ്യുക. (2) ഈ പഞ്ചായത്തിലെ മുഴവൻ ചിറ, കുളങ്ങൾ, തോടുകൾ, കിണറുകൾ എന്നിവ അളന്ന് തിരിച്ച് കെട്ടി സംരക്ഷിക്കുക.

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

**മൃഗസംരക്ഷണം:-**

നമ്മുടെ സാമ്പത്തിക വികസനത്തിന് വളർത്തുമൃഗങ്ങളുടെ ഉല്പാദനവർദ്ധനവിലൂടെ ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾക്ക് ഊന്നൽ നൽകേണ്ടതാണ്. അതിന് സങ്കേതിക വിദ്യയും പൊതുജന പങ്കാളിത്തവും ഉറപ്പു വരുത്തണം. സാമ്പത്തിക സ്ഥാപനങ്ങളുടെ സഹായത്തോടെ പശു, എരുമ, ആട്, പന്നി, മുയൽ, കോഴി, താറാവ്, കാട തുടങ്ങിയവയുടെ പരിപാലനവും ഉൽപാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഫലമായി നാടൻ കന്നുകാലികളിൽ 90 ശതമാനത്തേയും കൃത്രിമ ബീജധാരണം വഴി സങ്കരയിനം കന്നുകാലികളാക്കി മാററുന്നതിന് സാധിച്ചു. പാൽ ഉൽപാദനരംഗത്തും വൻ പുരോഗതി നേടുന്നതിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ശാസ്ത്രീയമായ പരിചരണ രീതികളുടെ അഭാവം മൂലം അകിടുവീക്കം, ദഹനസംബന്ധമായ അസുഖങ്ങൾ, മിൽക്ക് ഫിവർ തുടങ്ങിയ രോഗങ്ങൾ നിത്യസംഭവങ്ങളായിട്ടുണ്ട്.

എത്ര പാൽ ഉല്പാദിപ്പിച്ചാലും അവ വിതരണം നടത്തുന്നതിന് പര്യാപ്തമായ രീതിയിൽ മൂന്ന് മിൽമാസൊസൈററികളും അഞ്ച് പി. ഡി. ഡി. പി. സൊസൈററികളും (P. D. D. P.) ഇവിടെ നിലവിലുണ്ട്. ഇതുപോലെ മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദന രംഗത്തും സഹകരണ മാതൃകയിൽ വിപണന ശൃംഖല വളർത്തിയെടുക്കേണ്ടതാണ്. നിലവിലുള്ള സർവ്വീസ് സഹകരണ ബാങ്കിന് ഈ മേഖലയിൽ കാര്യമായ സംഭാവന ചെയ്യുവാൻ കഴിയും.

ക്ഷീര കർഷകരെ അലട്ടുന്ന ഏററവും വലിയ പ്രശ്നങ്ങൾ കാലിത്തീററയുടെ വില വർദ്ധനവും മേച്ചിൽ സ്ഥലങ്ങളുടെ അഭാവവുമാണ്. പാഴായിപ്പോകുന്ന കാർഷിക ഭക്ഷ്യ ഉത്പന്നങ്ങളുടെ അവശിഷ്ടങ്ങൾ ഉപയോഗപ്പെടുത്തി കാലിത്തീററ കോഴിത്തീററ എന്നിവ ഉൽപാദിപ്പിച്ച് വിതരണം നടത്തുന്നതിന് സഹകരണ പ്രസ്ഥാനത്തിൻ കീഴിൽ സ്ഥാപനങ്ങൾ നിലവിൽ വരണം. അതുപോലെ തന്നെ തീററപ്പുൽ കൃഷിയും പരിപോഷിപ്പിക്കേണ്ടതാണ്.

കന്നുകാലികളെ ബാധിക്കുന്ന രോഗങ്ങൾ നിയന്ത്രിക്കുവാൻ ഒരു പരിധിവരെ കഴിഞ്ഞെങ്കിലും കോഴികളിൽ കാണുന്ന വിവിധതരം രോഗങ്ങൾ ഫലപ്രദമായി നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടില്ല.

## മൃഗസംരക്ഷണ മേഖലയിൽ നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കുന്ന പദ്ധതികളും അവയുടെ വിപുലീകരണവും

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി
2. പേവിഷ നിയന്ത്രണ പദ്ധതി
3. കാലിവസന്ത നിർമ്മാർജ്ജനപദ്ധതി
4. പന്നി വളർത്തൽ പദ്ധതി
5. വീട്ടുവളപ്പിലെ കോഴിവളർത്തൽ
6. കുളമ്പുരോഗ നിവാരണ പദ്ധതി
7. ആടുവളർത്തൽ പദ്ധതി

ഏററവും പ്രാധാന്യമർഹിക്കുന്ന ഒന്നായ കന്നുകുട്ടി പരിപാലന പദ്ധതി, കാലിത്തീററയുടെ വില വർദ്ധനവും സബ്സിഡിയിലുള്ള കുറവും മൂലം സാധാരണ കർഷകർക്ക് പ്രയോജനം ലഭിക്കുന്നില്ല.

മാരകമായ പേവിഷബാധ തടയുന്നതിനാവശ്യമായ വാക്സിനുകൾ, ആവശ്യാനുസരണം സൗജന്യനിരക്കിൽ ലഭ്യമാക്കേണ്ടതും, വളർത്തുനായകൾക്ക് ലൈസൻസ് നിർബന്ധമാക്കുകയും അലഞ്ഞു തിരിഞ്ഞ് നടക്കുന്ന നായ്ക്കളെ പൂർണ്ണമായും നശിപ്പിക്കുകയും ചെയ്യണം.

വാർഡുകൾതോറും കർഷക ക്ലബ്ബുകൾ രൂപീകരിച്ച് കോഴിക്കും കന്നുകാലിക്കും വരുന്ന രോഗങ്ങളെപ്പററിയും, രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള കുത്തിവയ്പുകളെപ്പററിയും പരിശീലനവും ബോധവൽക്കരണവും നൽകേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിലെ മലയോര പ്രദേശങ്ങളിൽ ആടുവളർത്തൽ വ്യാപകമാക്കേണ്ടതും, ഏററവും ഗുണനിലവാരമുള്ള 'മലമ്പാരി' ആടുകളുടെ വംശനാശം ഒഴിവാക്കാൻ പ്രജനനത്തിന് ആവശ്യമുള്ള ആട് വളർത്തൽ യൂണിററ് തുടങ്ങേണ്ട കാര്യം പരിഗണിക്കപ്പെടണം.

കോഴിമുട്ട വിരിയിച്ച് രണ്ട് മാസം വരെ വളർത്തി വിതരണം ചെയ്യുന്ന "എഗ്ഗർ നഴ്സറി" പദ്ധതി വ്യാപകമാക്കുക. സാദ്ധ്യതകളും ഉള്ളിടത്ത് താറാവുകൃഷിയും പ്രോത്സാഹിപ്പിക്കണം. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ഇറച്ചിക്കോഴി വളർത്തൽ വ്യാപകമാക്കേണ്ടതാണ്. വിപണനസൗകര്യം വദ്ധിപ്പിച്ച് കാട, മുയൽ, ടർക്കിക്കോഴി എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുക തുടങ്ങിയ പരിപാടികളും ഏറ്റെടുത്ത് നടത്തേണ്ടതാണ്.

### അശമന്നൂർ പഞ്ചായത്തിലെ മൃഗങ്ങളുടെ കണക്ക് 1987 സെൻസസ് പ്രകാരം

| Sl. No. | ഇനം | സങ്കരയിനം | | നാടൻ | |
|---|---|---|---|---|---|
| | | ആൺ | പെൺ | ആൺ | പെൺ |
| 1 | കാള / പശു | 298 | 1757 | 430 | 1708 |
| 2 | പോത്ത് / എരുമ | | | 94 | 177 |
| 3 | ആട് | | | 153 | 592 |
| 4 | പന്നി | | | മൊത്തം | 4 |
| 5 | നായ് | | | മൊത്തം | 1122 |
| 6 | കോഴി | മൊത്തം | 750 | മൊത്തം | 13679 |
| 7 | താറാവ് | | | മൊത്തം | 102 |

### 1987 ലെ സെൻസസ് പ്രകാരം അശമന്നൂർ പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന പാലിന്റെ ഉദ്ദേശ കണക്ക്

അളവ് - കിലോഗ്രാം / വർഷം

| | | |
|---|---|---|
| 1. | പശുവിൻ പാൽ | 1642500 |
| 2. | എരുമ പാൽ | 146000 |
| 3. | ആട്ടിൻ പാൽ | 9375 |
| | ആകെ ഉൽപാദനം | 1797875 |

### 1987 ലെ സെൻസസ് പ്രകാരം അശമന്നൂർ പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന മുട്ടയുടെ ഉദ്ദേശ കണക്ക്

എണ്ണം / വർഷം

| | | |
|---|---|---|
| 1. | കോഴിമുട്ട | 882367 |
| 2. | താറാവുമുട്ട | 7000 |
| | ആകെ ഉൽപാദനം | 889367 |

നിലവിൽ നമ്മുടെ പഞ്ചായത്തിൽ 3 ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങളും ഉണ്ട്. ഈ കേന്ദ്രങ്ങളിൽ നിന്ന് ഉദ്ദേശം 4000 ത്തോളം ഇറച്ചിക്കോഴികളെ പ്രതിമാസം വിററഴിക്കുന്നുണ്ട്. എന്നാൽ ഈ ഇറച്ചിക്കോഴികളിൽ നല്ലൊരു ശതമാനം നമ്മുടെ പഞ്ചായത്തിനു പുറത്തേയ്ക്കാണ് പോകുന്നത്. ഇറച്ചിയുടെ ആവശ്യത്തിനായി പ്രത്യേകമായി കാള പോത്ത്, എന്നിവയെ നാം വളർത്താറില്ലെങ്കിലും, ആൺ വർഗ്ഗത്തിൽപ്പെട്ട നാൽക്കാലികളെ നാം ഇറച്ചി ആവശ്യത്തിനായിഉപയോഗിക്കാറുണ്ട്. അതുപോലെ തന്നെ നിലവിൽ പന്നി വളത്തലിൽ ഏർപ്പെട്ടിരിക്കുന്ന കുറച്ച് കർഷകരും നമുക്കുണ്ട്. ഇവയെ ഇറച്ചി ആവശ്യത്തിനു മാത്രമായി വളർത്തുന്നവയാണ്. ഇവയിൽ ഭൂരിഭാഗവും പഞ്ചായത്തിനു പുറത്താണ് വിററഴിക്കുന്നത്. ഇപ്രകാരം നോക്കുകയാണെങ്കിൽ നമ്മുടെ പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഇറച്ചിയുടെ കണക്ക് താഴെ പറയുന്ന പ്രകാരമാകുന്നു.

| | ഇനം | കിലോഗ്രാം / വർഷം |
|---|---|---|
| 1. | ഇറച്ചിക്കോഴികൾ | 57030 |
| 2. | കാള / പശു | 13920 |
| 3. | പോത്ത് | 2784 |
| 4. | ആട് | 600 |
| 5. | പന്നി | 5000 |
| 6. | മൊത്തം ഉൽപാദനം | 79334 |

**അശമന്നൂർ പഞ്ചായത്ത് നിലവിൽ വിററഴിക്കുന്ന മുട്ട, ഇറച്ചി എന്നിവയുടെ കണക്ക്**

| | | |
|---|---|---|
| 1. | കോഴിമുട്ട | 321020 / വർഷം |
| 2. | താറാവ്മുട്ട | 311620 / വർഷം |
| 3. | മാട്ടിറച്ചി | 57067 കി.ഗ്രാം. / വർഷം |

മുകളിൽ കാണിച്ച മുട്ടയും, മാംസവും നമ്മുടെ പഞ്ചായത്തിൽ കടകളിലൂടേയും, ഹോട്ടലുകളിലൂടേയും വിററഴിയ്ക്കുന്നതും, എന്നാൽ നമ്മുടെ പഞ്ചായത്തിനു പുറമെ നിന്നും കൊണ്ടുവരുന്നതുമാണ്. പ്രത്യേകിച്ച് കോഴിമുട്ട, നമ്മുടെ തന്നെ സംസ്ഥാനത്തിനു വെളിയിൽ നിന്നും കൊണ്ടുവരുന്നതാണ്. ഇതുപ്രകാരം നമ്മുടെ പഞ്ചായത്തിൽ നിന്നും ഒഴികി പോകുന്ന പണത്തിന്റെ മൂല്യം കണക്കാക്കുകയാണെങ്കിൽ കോഴിമുട്ടയ്ക്ക് 1. രൂപ 50 പൈസ നിരക്കിൽ മൊത്തം 4,81530 / – രൂപയും താറാവ് മുട്ടയ്ക്ക് (2.50) 7,79050 / – രൂപയും ഇറച്ചിയ്ക്ക് 22,82680 / – രൂപയും (40 രൂപ) ആണെന്ന് കാണാൻ കഴിയും. അതായത് ആകെ 35,43260 രൂപ. ഒരോ വർഷവും ഒഴുകുന്നു. ഇത്രയും സാധനങ്ങൾ നമ്മുടെ പഞ്ചായത്തിൽ തന്നെ ഉൽപാദിപ്പിച്ച് വിററഴിക്കാൻ ഒരു പ്രയാസവുമില്ല. അതുകൊണ്ട് നമ്മുടെ കർഷകരുടെ സാമ്പത്തിക ഉന്നമനത്തിനും തൊഴിലില്ലായ്മ പരിഹരിയ്ക്കുന്നതിനും കഴിയും.

1991ലെ സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 16429 ആണ്. ആരോഗ്യസംഘടനയുടെ അഭിപ്രായത്തിൽ ഒരാൾക്ക് പൂർണ്ണമായ ആരോഗ്യപരിപാലനത്തിന് ഒരു ദിവസം 250ഗ്രാം പാലും ഒരു വർഷത്തിൽ 200 മുട്ടയും ഒരു ദിവസം 100ഗ്രാം ഇറച്ചിയും അത്യാവശ്യമാണ്. ഇതനുസരിച്ച് നമ്മുാട പഞ്ചായത്തിന് ആവശ്യമായ പാൽ, മുട്ട, ഇറച്ചി എന്നിവ ഇപ്രകാരമാണ്.

1. 16429 × 250 × 365 = 1499146.25 കി. ഗ്രാം. / വർഷം
2. 16429 × 200 = 3285800 എണ്ണം / വർഷം
3. 16429 × 100 × 365 = 58788.5 കി. ഗ്രാം. / വർഷം

നിലവിലുള്ള ജനസംഖ്യ അനുസരിച്ച്, ഇവയുടെ ആവശ്യം എത്രയോ വലുതാണ്. എന്നാൽ നിലവിൽ വളരെ കുറച്ചു മാത്രമേ ഈ സാധനങ്ങൾ ഉപയോഗിക്കുന്നുള്ളൂ. അതുകൊണ്ട് ജനങ്ങളെ കൂടുതൽ ബോധവൽക്കരിച്ച് ഇവയുടെ ഉപയോഗം കൂട്ടുക തന്നെവേണം. എങ്കിൽ മാത്രമേ 2000-ാംമാണ്ട് ആകുമ്പോഴേക്കും എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ.

### നിലവിൽ അശമന്നൂർ പഞ്ചായത്തിലെ പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉപയോഗം താഴെ പറയുന്ന പ്രകാരമാണ്

| ക്ര. ന. | ഇനം | ഉപയോഗം | ഉല്പാദനം |
|---|---|---|---|
| 1. | പാൽ | 885375 കി. ഗ്രാം | 885375 കി. ഗ്രാം. |
| 2. | കോഴിമുട്ട | 1203387 എണ്ണം | 882357 എണ്ണം |
| 3. | താറാവ്മുട്ട | 318620 എണ്ണം | 7000 എണ്ണം |
| 4. | മാട്ടിറച്ചി | 57067 കി. ഗ്രാം. | 25035 കി. ഗ്രാം. |
| 5. | കോഴിഇറച്ചി | 2817 കി. ഗ്രാം. | 2817 കി. ഗ്രാം. |

ഇതിൽ നിന്നും നമ്മുടെ ആവശ്യം, നമ്മുടെ ഉൽപാദനം നമ്മുടെ ഉപഭോഗം ഇവ തമ്മിലുള്ള അന്തരം വളരെ വ്യക്തമാണ്. ആയതുകൊണ്ട് മൃഗസംരക്ഷണ മേഖലയ്ക്ക് ഇനിയും വളരെ അധികം കാര്യങ്ങൾ ചെയ്യുവാനുണ്ട്. അതുവഴി നമുക്ക് നമ്മുടെ ആരോഗ്യവും, സമ്പത്തും, തൊഴിൽ സാധ്യതയും വർദ്ധിപ്പിക്കാൻ സാധിക്കും.

### ജനപങ്കാളിത്വത്തോടെ നടപ്പിലാക്കേണ്ട പൊതു നിർദ്ദേശങ്ങൾ

1 നിലവിലുള്ള മൃഗാശുപത്രിക്കും മേതല സബ്-സെൻററിനും സ്വന്തമായി കെട്ടിടം നിർമ്മിച്ച് മൃഗാശുപത്രി അപ്പ് – ഗ്രേഡ് ചെയ്ത് വെററിനറി പോളി ക്ലിനിക്കാക്കുക.

2 രോഗ നിർണ്ണയത്തിന് ആവശ്യമായ ലാബും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുക.

3 ഒരു സബ്സെൻറർ കൂടി ആരംഭിച്ച് ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

4 മൃഗാശുപത്രിയിൽ അത്യാവശ്യം വേണ്ട മരുന്നുകൾ സ്റേറാക്ക് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുക.

5 പഞ്ചായത്ത്തല മൃഗസംരക്ഷണ – വികസന സമിതി രൂപീകരിക്കുക.

6 "യൂറിയ ട്രീററ്മെൻറ്" വഴി വയ്ക്കോൽ സംപുഷ്ടമാക്കുന്ന പദ്ധതിക്ക് കർഷകർക്ക് പരിശീലനം നല്കുക.

7 ധാതുലവണങ്ങരം പുല്ലുല്പാദനത്തിനു് ആവശ്യമായ വിത്തു്, വളം, തുടങ്ങിയവ 50% സബ്സിഡി നിരക്കിൽ മുഴുവൻ ക്ഷീരകർഷകർക്കും വിതരണം ചെയ്യുക.

8 പാലക്കാടൻ വയ്ക്കോൽ ഇടനിലക്കാരെ ഒഴിവാക്കി ന്യായവിലയ്ക്കു് കർഷകർക്കു് ലഭ്യമാക്കുക.

9 ഇടവിളയായിപോഷകഗുണമുള്ള നേപ്പിയർ,ഗിനി, ചോളം തുടങ്ങിയവയുടെ കൃഷിപ്രോത്സാഹിപ്പിക്കുക.

10 വനിതകളെ ഈ മേഖലയിലേക്കു് കൂടുതലായി കൊണ്ടു വരികയും സഹകരണ അടിസ്ഥാനത്തിൽ യോജിച്ചു് പ്രവർത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

11 ക്ഷീര കർഷകർക്കു് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുകയും ഉല്പാദനശേഷി കൂടിയ എല്ലാപ്പശുക്കളേയും ഒരു മാസ്റ്റർ പോളിസിയിൽ കൊണ്ടുവരികയും ചെയ്യുക.

12 ഊർജ്ജിത കന്നുകുട്ടിപരിപാലന പദ്ധതിയുടെ പ്രയോജനം എല്ലാവർക്കും ലഭ്യമാക്കുക.

13 പാൽ സൊസൈററികരം ഇല്ലാത്ത വാർഡുകളിൽ പുതിയവ തുടങ്ങുക.

14 ഒരു പാൽ പാസ്ചറൈസേഷൻ-ശീതീകരണ വിതരണകേന്ദ്രം ഈ പഞ്ചായത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികരം സ്വീകരിക്കുക.

15 സൗകര്യം ഉള്ള സ്ഥലങ്ങളിൽ പന്നിവളർത്തൽ ആരംഭിക്കുകയും അനുബന്ധമായി ഗോബർഗ്യാസ് പ്ലാൻറ് സ്ഥാപിച്ചു് ആരോഗ്യപ്രശ്നങ്ങളും പരിസ്ഥിതിപ്രശ്നങ്ങളും പരിഹരിക്കുക.

16 നമ്മുടെ പഞ്ചായത്തിൽ ആവശ്യമുള്ള പാലും പാലുൽപന്നങ്ങളും കൂടാതെ ഇറച്ചി, മുട്ട എന്നിവയും ഇവിടെതന്നെ ഉല്പാദിപ്പിക്കുന്നതിനും അവ സംസ്കരിച്ചു് ലാഭം കൂടാതെ സഹകരണ മേഖലയിൽ ഇവിടെതന്നെ വിൽപന നടത്തുന്നതിനുമുള്ള നടപടികരം ആവിഷ്ക്കരിച്ചു് നടപ്പാക്കുക.

17 പഞ്ചായത്തിലെ എല്ലാവാർഡുകളിലും വർഷം തോറും മാതൃക ക്ഷീരോല്പാദന യൂണിററുകരം തെരഞ്ഞെടുത്തു് ധനസഹായം നല്കണം.

18 മാതൃകാ കാലിതൊഴുത്തു് നിർമ്മാണത്തിനുള്ള ധനസഹായം വർദ്ധിപ്പിച്ചു് എല്ലാ ആവശ്യക്കാർക്കും വിതരണം ചെയ്യുക.

## മത്സ്യബന്ധനം

മത്സ്യത്തിൻെറ കാര്യത്തിൽ ഈ പഞ്ചായത്തിൽ ഉപഭോഗം കൂടിവരികയും ഉല്പാദനം ഇല്ലാതിരിക്കുകയും ചെയ്യുന്ന അവസ്ഥയാണു് നിലവിലുള്ളതു്. അതിനു് പ്രധാനകാരണം പുഴകളുടെയും വലിയ തോടുകളുടെയും അഭാവമാണു്. മാത്രമല്ല പഞ്ചായത്തിൽ പ്രകൃതിദത്തമായ ശുദ്ധജലാശയങ്ങരം ഇല്ല. ജലാശയങ്ങളുടെ അഭാവം മത്സ്യസമ്പത്തിൻെറ അഭ്യന്തര ഉല്പാദനത്തെ ബാധിക്കുന്നു. പഞ്ചായത്തിൻെറ തെക്കും വടക്കും പടിഞ്ഞാറും അതൃത്തികളിൽ കൂടി രണ്ടു് ഇറിഗേഷൻ കനാലുകരം പോകുന്നുണ്ടെങ്കിലും പഞ്ചായത്തിൻെറ ഭൂരിഭാഗം പ്രദേശങ്ങളും കുന്നിൻ പ്രദേശമാകയാൽ ശുദ്ധജലലഭ്യത വളരെ കുറവാണു്. ഈ പഞ്ചായത്തിലെ ജനങ്ങരം ഉപയോഗിക്കുന്ന മത്സ്യത്തിൽ ഏതാണ്ടു് 95% വും കടൽ മത്സ്യമാണു്. അതിൽ തന്നെ കൂടുതലായും ഉണക്ക മത്സ്യമാണു് നിലവിലുള്ള പാടശേഖരങ്ങളിലും കുളങ്ങളിലും കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ചു് ഇപ്പോരം നാടൻ മത്സ്യങ്ങരം ഇല്ല. കൃഷിക്കു് വേണ്ടിയുള്ള അശാസ്ത്രീയമായ കീടനാശിനി പ്രയോഗം, മത്സ്യരോഗം, കാലാകാലങ്ങളായി നിലവിലുണ്ടായിരുന്ന ജലാശയങ്ങളുടേയും പാടശേഖരങ്ങ

ളുടെയും വിസ്തീർണ്ണ കുറവ്, പുഴകളിൽനിന്നും മത്സ്യം കയറി വരാനുള്ള സാദ്ധ്യതകുറവ്, ഇവയെല്ലാം മത്സ്യ സമ്പത്തിന്റെ കുറവിന് കാരണങ്ങളാണ്. ഇപ്പോൾ കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് ഗുണമേന്മയുള്ള കടൽ മത്സ്യത്തിന്റെ ലഭ്യതയും വളരെ കുറഞ്ഞിരിക്കുന്നു. സാധാരണക്കാർക്ക് താങ്ങാൻ പറ്റാത്ത വിലകൊടുത്ത് ഗുണനിലവാരം കുറഞ്ഞ മത്സ്യം ഉപയോഗിക്കേണ്ട സ്ഥിതിവിശേഷമാണ് നിലവിലുള്ളത്.

നമ്മുടെ രാജ്യത്തെ മത്സ്യത്തിന്റെ ആളോഹരി ഉപയോഗം ഒരു വർഷം ശരാശരി 3 മുതൽ 5 കി. ഗ്രാം വരെ ആണ് എന്ന് വിവിധ സർവ്വേകൾ കാണിക്കുന്നു. ഒരു പാശ്ചാത്യ പൗരന്റെ ആളോഹരി ഉപയോഗം ഒരു വർഷം 30 മുതൽ 50 കി. ഗ്രാം വരെയാണ്. നമ്മുടെ രാജ്യത്തെ ആളോഹരി ഉപയോഗം വച്ച് താരതമ്യപ്പെടുത്തുമ്പോൾ ഈ പഞ്ചായത്തിൽ ഉദ്ദേശം 6 മുതൽ 10 ടൺ വരെ മത്സ്യം ഒരു വർഷം ഉപയോഗിക്കുന്നതായി കണക്കാക്കാം. ഇവയിൽ അധികവും താരതമ്യേന പോഷകഗുണം കുറഞ്ഞ ഉണക്ക മത്സ്യമായിട്ടാണ് ഉപയോഗിക്കുന്നത്.

നിലവിലുള്ള സാഹചര്യത്തിൽ ഗുണമേന്മയുള്ള മത്സ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുവാൻ പഞ്ചായത്തിലുള്ള കുളങ്ങളിൽ മത്സ്യത്തെ വളർത്തുക മാത്രമേ നിവൃത്തിയുള്ളൂ.

## മത്സ്യകൃഷിക്കുള്ള സാദ്ധ്യതകൾ

1. പൊതുമേഖല:- പഞ്ചായത്തിന്റെ അധീനതയിൽ കുളങ്ങളും ചിറകളും അല്ലാതെ മത്സ്യകൃഷിക്കനുയോജ്യമായ മറ്റ് പൊതുജലാശയങ്ങൾ ഇല്ല. പഞ്ചായത്തു വക 18 കുളങ്ങളാണ് നിലവിലുള്ളത്. ഇവയുടെ വിസ്തീർണ്ണം വളരെ കുറവാണ്. ഇവയെല്ലാം നെൽകൃഷിക്കും മറ്റ് ഗാർഹിക ആവശ്യങ്ങൾക്കും വേണ്ടി നിർമ്മിച്ചവയുമാണ്. ഇവയുടെ ആകെ വിസ്തീർണ്ണം 3 ഹെക്ടർ വരും. ഇത്രയും സ്ഥലത്തു നിന്ന് ഇപ്പോഴത്തെ ശരാശരി ഒരു വർഷത്തെ ഉൽപാദനം ഏകദേശം 300 കി. ഗ്രാം ആണ്. മേൽപറഞ്ഞ കുളങ്ങളിൽ 3 എണ്ണം വ്യക്തികൾക്ക് മത്സ്യം വളർത്തുന്നതിന് വിട്ട് കൊടുക്കുകയും, അവർ ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട് മത്സ്യകൃഷി നടത്തുകയും ചെയ്തു. ശാസ്ത്രീയമായ മത്സ്യകൃഷി പഞ്ചായത്ത്കുളങ്ങളിൽ നടത്തുന്നതിന് പരിമിതികൾ ഉള്ളതിനാൽ ഒരു മത്സ്യകൃഷി മാത്രമേ നടത്തിയിരുന്നുള്ളൂ. എന്നിട്ടും ഈ സ്ഥലത്ത് നിന്ന് (2 ഏക്കർ) 1000 കി. ഗ്രാം മത്സ്യം ലഭിച്ചതായി കണക്കാക്കുന്നു. ഈ പഞ്ചായത്തിലെ 3 ഹെക്ടർ വിസ്തീർണ്ണമുള്ള കുളങ്ങളിൽ ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട പരിമിതികൾ മുന്നിൽ കണ്ടുകൊണ്ട് മത്സ്യകൃഷി നടത്തുകയാണെങ്കിൽ മേൽപ്പറഞ്ഞ സ്ഥലത്തു നിന്ന് കുറഞ്ഞത് 3 ടൺ മത്സ്യം ഉല്പാദിപ്പിക്കാവുന്നതാണ്. 15000 /- രൂപയെങ്കിലും ഒരു ഹെക്ടർ സ്ഥലത്ത് മീൻ വളർത്തുന്നതിന് ചെലവാകും. പഞ്ചായത്ത് കുളങ്ങളിൽ മത്സ്യകൃഷി നടപ്പാക്കുന്നതു വഴി പൊതുകുളങ്ങളിലെ മത്സ്യ ഉല്പാദനം വർഷത്തിൽ 300 കി. ഗ്രാമിൽ നിന്നും 3 ടണ്ണായി വർദ്ധിപ്പിക്കുന്നതോടൊപ്പം കൂടുതൽ വരുമാനവും, തൊഴിലവസരങ്ങളും ഉണ്ടാകുന്നതാണ്.

2. സ്വകാര്യമേഖല:- ഈ പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ 1 സെന്റ് മുതൽ 20 സെന്റ് വരെ വിസ്തീർണ്ണമുള്ള 40 കുളങ്ങളെങ്കിലും ഉണ്ടെന്ന് കണക്കാക്കുന്നു. ഇവയുടെ ആകെ വിസ്തീർണ്ണം ഉദ്ദേശം 1.5ഹെക്ടർ ആണ്. പൊതുകുളങ്ങളെ അപേക്ഷിച്ച് സ്വകാര്യകുളങ്ങളിൽ ശാസ്ത്രീയമത്സ്യകൃഷി നടത്തുവാൻ പരിമിതികൾ കുറവാണ്. ആയതിനാൽ സ്വകാര്യമേഖലയിൽ മത്സ്യോൽപാദനം കൂട്ടുവാൻ

സാധിക്കും. സ്വകാര്യമേഖലയിലെ വലിയ കുളങ്ങളെല്ലാം പാറ പൊട്ടിച്ചെടുത്ത കുഴികളാണ്. ഇവയിലും മത്സ്യം വളർത്തുന്നതിന് പരിമിതികൾ ഉണ്ട്. ശാസ്ത്രീയമത്സ്യകൃഷി നടത്തുമ്പോൾ ഫിഷറീസ് വകുപ്പിന്റെ റിപ്പോർട്ട് അനുസരിച്ച് 2.5 മുതൽ 3.5 ടൺവരെ മത്സ്യം ഒരു ഹെക്ടറിൽ നിന്നു ലഭിക്കാം. പൂർണ്ണമായും ശാസ്ത്രീയ മത്സ്യകൃഷി സാധിക്കുകയില്ലെങ്കിലും സ്വകാര്യകുളങ്ങളിൽ നല്ല പരിചരണത്തോടെ മത്സ്യകൃഷിനടത്തിയാൽ സ്വകാര്യ മേഖലയിലെ കുളങ്ങളിൽ നിന്ന് 2.5 ടൺ മത്സ്യം ഒരു വർഷം ഉല്പാദിപ്പിക്കുവാൻ കഴിയും. വളരെ ചുരുക്കം വ്യക്തികൾ ഈ പഞ്ചായത്തിൽ ശാസ്ത്രീയ മത്സ്യ കൃഷി നടത്തി മേൽപറഞ്ഞ നിരക്കിൽ ഉല്പാദനം ലഭ്യമാക്കിയിട്ടുണ്ട്.

## പദ്ധതിയുടെ നേട്ടങ്ങൾ

1. നാട്ടിലെ മത്സ്യത്തിന്റെ ലഭ്യതവർദ്ധിക്കുന്നു.
2. ജലാശയങ്ങളിൽനിന്നും നല്ലൊരു വരുമാനം ഉണ്ടാകുന്നു.
3. അനേകം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു.
4. പഞ്ചായത്തു തലത്തിൽ മത്സ്യത്തിന്റെ കാര്യത്തിൽ കുറഞ്ഞതോതിലെങ്കിലും സ്വയം പര്യാപ്തത ഉണ്ടാകുന്നു.

## എങ്ങനെ നടപ്പാക്കാം

1. പഞ്ചായത്തു കുളങ്ങൾ വൃത്തിയാക്കി ബണ്ട് ശരിപ്പെടുത്തുക.
2. വൃത്തിയാക്കിയ കുളങ്ങൾ മോശമാകാതെ നോക്കുന്നതിനും ബണ്ടിനു കേടുപാടുകൾ വരുത്താതെ നോക്കുന്നതിനും പരിസരനിവാസികളുടെ ഒരു കമ്മററിയെ ചുമതലപ്പെടുത്തുക.
3. ഈ കമ്മററിക്ക് കുളത്തിൽ മത്സ്യം വളർത്തുന്നതിന് അനുവാദം കൊടുക്കുക.
4. ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട് മത്സ്യ കൃഷിക്ക് ആവശ്യമായ സാങ്കേതിക പരിശീലനം, മത്സ്യകുഞ്ഞുങ്ങൾ, അവയ്ക്കുള്ള തീററ എന്നിവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുക.
5. കമ്മററികൾ ഇല്ലാത്ത സാഹചര്യത്തിൽ വ്യക്തികൾക്ക് കുളത്തിന്റെ പരിപാലനവും മത്സ്യ കൃഷിക്കുള്ള അനുവാദവും നല്കുക.
6. സ്വകാര്യ കുളങ്ങളുടെ സർവ്വേ നടത്തി ഉടമകളെകൊണ്ടു മത്സ്യകൃഷി നടത്തിക്കുന്നതിന് വേണ്ട പ്രോത്സാഹന നടപടികൾ കൈക്കൊള്ളുക.

മേൽപറഞ്ഞ കാര്യങ്ങൾ വിലയിരുത്തി പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയാൽ ഉപയോഗമില്ലാതെ കിടക്കുന്ന പൊതുസ്വകാര്യമേഖലകളിലെ ജലാശയങ്ങളിൽനിന്നും നല്ല വരുമാനം ലഭിക്കുകയും മത്സ്യത്തിന്റെ കാര്യത്തിൽ ഒരു പരിധിവരെ സ്വയം പര്യാപ്തത കൈവരിക്കുകയും, അനേകം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യാവുന്നതാണ്.

# വിദ്യാഭ്യാസം

അശമന്നൂർ പഞ്ചായത്തിൽ ആകെ മൂന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളാണുള്ളത്.

## ഗവ: അപ്പർ പ്രൈമറി സ്കൂൾ അശമന്നൂർ

ഈ പഞ്ചായത്തിൽ ഏററവും പഴക്കമേറിയത് അശമന്നൂർ ഗവ: യു. പി. സ്കൂളാണ്. കിഴക്കേക്കര അകത്തൂട്ട് ശ്രീ. നാരായണ പണിക്കർ സ്മാരകമായി മക്കാം സ്ഥാപിച്ച് പിൽക്കാലത്ത് ഗവൺമെൻറിലേക്ക് കൈമാറിയ പ്രൈമറി വിദ്യാലയമാണ് ഇത്. പിന്നീട് ഇതൊരു അപ്പർ പ്രൈമറി സ്കൂളായി ഉയർത്തി. എക്കാലത്തും പഠനകാര്യങ്ങളിലും പാഠ്യേതര പ്രവർത്തനങ്ങളിലും ഉന്നത നിലവാരം പുലർത്തിപ്പോരുന്ന ഒരു വിദ്യാലയമാണിത്. ഇതൊരു ഹൈസ്കൂളായി ഉയർത്തുന്നതിനുള്ള നാട്ടുകാരുടെ പരിശ്രമം ഇതുവരെ വിജയിച്ചിട്ടില്ല.

## ഗവ: ഹൈസ്കൂൾ, കല്ലിൽ, മേതല

കൊ. വ. 1081ൽ രണ്ടു ക്ലാസ്സുകളോടുകൂടി മേതല ഭാഗത്തെ പ്രധാന ജൻമി തറവാടായിരുന്ന കല്ലിൽ പിഷാരത്തെ കളപ്പുരയിലാണ് ഈ വിദ്യാലയത്തിൻെറ ആരംഭം. 1950 ൽ അപ്പർ പ്രൈമറി സ്കൂളായും 1984 ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ടു. സാമാന്യം ഭേദപ്പെട്ട രീതിയിൽ പ്രവർത്തിച്ചുവരുന്ന ഒരു വിദ്യാലയമാണിത്. ഒരു ഉൾനാടൻ പ്രദേശമായ മേതലയുടെ പുരോഗതിക്ക് ഈ സ്ഥാപനം ഏറെ ഉപകരിച്ചിട്ടുണ്ട്.

## ഗവ: വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ, ഓടക്കാലി

ഇതൊരു പ്രൈമറി സ്കൂളായി 1951ൽ ആരംഭിച്ചു. ഓടക്കാലി മന്ദാരമന്ദിരത്തിൽ ''എസ്.എൻ.'' എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ശ്രീ. എസ്. നാരായണൻ നായരുടെ ഭവനമായ മന്ദാരമന്ദിരത്തിൻെറ മുകളിലത്തെ നിലയിലുള്ള വിശാലമായ രണ്ടു് വരാന്തകളാണ് ആരംഭകാലത്ത് ക്ലാസ്സ് മുറികളായി ഉപയോഗിച്ചിരുന്നതു് എന്ന വസ്തുത പ്രത്യേകം സ്മരണീയമാണ്. അദ്ദേഹത്തിൻെറ അശ്രാന്ത പരിശ്രമ ഫലമായിട്ടാണ് ഈ വിദ്യാലയം ഒരു അപ്പർ പ്രൈമറി സ്കൂളായും 1966ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ടത്. ആദ്യകാലങ്ങളിൽ ഉയന്ന വിജയശതമാനം കാഴ്ചവച്ച് ഖ്യാതി നേടിയ ഈ സ്കൂളിലെ അടുത്തകാലത്തെ പഠന നിലവാരം തീരെ അഭിമാനകരമല്ല. അതിനുള്ള മുഖ്യ കാരണമായി പറയപ്പെടുന്നത് കെട്ടിട സൗകര്യമില്ലാത്തതു മൂലം സെഷനൽ സമ്പ്രദായത്തിൽ പ്രവർത്തിക്കുന്നു എന്നുള്ളതാണ്. എറണാകുളം ജില്ലയിൽ സെഷനൽ സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന ഏക വിദ്യാലയമാണ് ഇത് എന്നറിയുന്നു.

ഈ പഞ്ചായത്തിലെ രണ്ടു ഹൈസ്കൂളുകളിലും N. C. C., സ്കൗട്ടിംഗ്, ഗൈഡിംഗ് തുടങ്ങിയ പാഠ്യേതര പ്രവർത്തനങ്ങൾ ഒന്നുമില്ല. കായിക രംഗത്ത് പ്രസ്താവ്യമായ എന്തെങ്കിലും ചലനങ്ങൾ ഉണ്ടാക്കുന്നതിന് മൂന്ന് വിദ്യാലയങ്ങൾക്കും സാധിച്ചിട്ടില്ലാത്തതിനാൽ കായികാദ്ധ്യാപകരുടെ സേവനങ്ങളെപ്പററി എടുത്തു പറയേണ്ടതായി വരുന്നില്ല. ഹൈസ്കൂളുകളിലെ പഠന നിലവാരം ഇനിയും മെച്ചപ്പെടുത്തേണ്ടതായിട്ടാണ് ഇരിക്കുന്നതെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. സ്കൂൾ ലൈബ്രറിയുടെ പ്രയോജനം കുട്ടികൾക്ക് വേണ്ടവിധം ലഭിക്കുന്നില്ല. ഭാഷാ വിഷയങ്ങളിൽ ഇംഗ്ലീഷിൻെറ നിലവാരം എടുത്തുപറയത്തക്കവിധം മോശമാണ്. മൂന്നു വിദ്യാലയങ്ങളിലേയും അടിസ്ഥാന സൗകര്യങ്ങളായ കെട്ടിടം, ഉപകരണങ്ങൾ, കുടിവെള്ള സാദ്ധ്യത, മൂത്രപ്പുര, കക്കൂസ് മുതലായവ അപര്യാപ്തമാണ്.

ഓടക്കാലി ഹൈസ്കൂളിനോടനുബന്ധിച്ചുള്ള വൊക്കേഷണൽ ഹയർ സെക്കൻററി വിഭാഗത്തിൽ ലബോറട്ടറി ടെക്നീഷ്യൻ കോഴ്സ്, ബയോ മെഡിക്കൽ കോഴ്സ്, റബ്ബർ ടെക്നോളജി കോഴ്സ് എന്നീ ദ്വിവത്സര ക്ലാസ്സുകൾ നടത്തി വരുന്നു. ഈ പഞ്ചായത്തിലേയും പരിസര പ്രദേശങ്ങളിലേയും വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പഠന സൗകര്യം വിഭാവനം ചെയ്യുന്നുവെങ്കിലും താൽക്കാലിക അദ്ധ്യാപകരെമാത്രം ഉപയോഗിച്ച് ക്ലാസ്സുകൾ നടത്തുന്നതുകൊണ്ട് വിദ്യാർത്ഥികൾക്ക് വേണ്ടത്ര പ്രയോജനം ലഭിക്കുന്നില്ല.

പ്രൈവററ് മേഖലയിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം പോലും ഈ പഞ്ചായത്തിലില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏററവും കുറവുള്ള പഞ്ചായത്തുകളിൽ ഒന്നാണിത്. സാങ്കേതിക വിദ്യാഭ്യാസ

രംഗം അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവ് പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥക്കു കാരണമായിരിക്കുന്നു. ഗവൺമെന്റ് നിലവാരത്തിലോ സ്വകാര്യ മേഖലയിലോ ഒരു പോളിടെക്നിക് സ്ഥാപിച്ചാൽ ഇന്നത്തെ പിന്നോക്കാവസ്ഥക്ക് അല്പമെങ്കിലും പരിഹാരമുണ്ടാകുന്നതാണ്.

## വിദ്യാഭ്യാസരംഗംമെച്ചപ്പെടുത്തുന്നതിനുള്ള പൊതു നിർദ്ദേശങ്ങൾ

1. ഓടക്കാലി V. H. S. സ്കൂളിലെ സെഷനൽ സമ്പ്രദായം അവസാനിപ്പിക്കണം.
2. ഹൈസ്കൂളിനോടനുബന്ധിച്ചുള്ള ലോവർ പ്രൈമറി വിഭാഗം അടുത്തെവിടെയെങ്കിലും മാററി സ്ഥാപിക്കണം.
3. എല്ലാ വിദ്യാലയങ്ങൾക്കും ആവശ്യമുള്ള കെട്ടിടങ്ങൾ, ഉപകരണങ്ങൾ, മൂത്രപ്പുര, കക്കൂസ്, കളിസ്ഥലം മുതലായവ ലഭ്യമാക്കണം.
4. അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം 1:30 ആക്കണം.
5. വിദ്യാലയങ്ങളിൽ ഒരു മാസമോ അതിൽ കൂടുതലോ വരുന്ന അദ്ധ്യാപകരുടെ ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം നടത്തുന്നതിന് ഉള്ള അധികാരം ഹെഡ്മാസ്ററർക്കും ഗ്രാമ പഞ്ചായത്തിനും നൽകണം.
6. പ്രൈമറി ക്ലാസ്സുകളിൽ മാതൃഭാഷയ്ക്കും കണക്കിനും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പാഠ്യപദ്ധതി ഉണ്ടാകണം.
7. ടി. ടി. സി. പ്രവേശനത്തിന് ഏററവും കുറഞ്ഞ യോഗ്യത പ്രീ-ഡിഗ്രി ആക്കണം.
8. അപ്പർ പ്രൈമറി ക്ലാസ്സ മുതൽ, ട്രെയിനിംഗ് ലഭിച്ച ബിരുദധാരികളായ അദ്ധ്യാപകരെ മാത്രം നിയമിക്കണം.
9. ഇംഗ്ലീഷ് ഐച്ഛിക വിഷയമായി ഡിഗ്രിക്കും ട്രെയിനിംഗിനും പഠിച്ചവരെ മാത്രം ഇംഗ്ലീഷ് പഠിപ്പിക്കുവാൻ നിയോഗിക്കുക.
10. 4 ഉം 7 ഉം ക്ലാസ്സുകളുടെ അവസാനം പൊതു പരീക്ഷാ സമ്പ്രദായം നടപ്പിലാക്കുക.
11. കുട്ടികൾക്ക് ക്ലാസ്സ് കയററം നൽകുന്നതിന് നിലവിലിരിക്കുന്ന 100%, 90%, 80% നിബന്ധന എടുത്തുകളയുക.
12. S. S. L. C. പരീക്ഷക്ക് ജയം, തോൽവി രേഖപ്പെടുത്താതെ ഗ്രേഡ് സമ്പ്രദായം ഏർപ്പെടുത്തുക. അതോടൊപ്പം നിലവിലുള്ള മാർക്ക് മെച്ചപ്പെടുത്തുന്നതിനുള്ള സൗകര്യം നിലനിർത്തേണ്ടതാണ്.
13. സ്കൂൾ കോംപ്ലക്സിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.
14. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് രാഷ്ട്രീയ വിമുക്തമാക്കുക.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ഓരോ വാർഡിലും ആയിരം ജനങ്ങൾക്ക് ഒന്ന് എന്ന ക്രമത്തിൽ ബാലവാടികൾ തുറന്ന് കാര്യക്ഷമമായി പ്രവർത്തിക്കണം.

   പഞ്ചായത്തിലെ പ്രൈമറി സ്കൂളുകളോട് അനുബന്ധിച്ച് പ്രീ പ്രൈമറി ക്ലാസ്സുകൾ ആരംഭിക്കണം.

   പരിശീലനം ലഭിച്ച അദ്ധ്യാപകരെ മാത്രമേ ഈ സ്ഥാപനങ്ങളിൽ നിയമിക്കാവൂ.
2. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ ഓരോ അംഗൻവാടി സ്ഥാപിക്കുക.
3. ഒന്ന്, രണ്ട്, മൂന്ന്, ആറ്, ഏഴ്, ഒൻപത് എന്നീ വാർഡുകളിൽ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കണം. പെരിയാർ വാലി പുറംപോക്ക് സ്ഥലങ്ങൾ (രണ്ടും, നാലും, വാർഡുകൾ) ഈ ആവശ്യത്തിനു ഉപയോഗിക്കാവുന്നതാണ്.
4. അശമന്നൂർ ഗവ. യു. പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തുക.
5. കല്ലിൽ ഗവ. ഹൈസ്കൂളിൽ പ്ലസ്ടു കോഴ്സ് ആരംഭിക്കുക.
6. ഈ പഞ്ചായത്തിൽ ITC / ITI ഇവയിൽ ഒന്നെങ്കിലും ആരംഭിക്കണം.
7. വായനശാലകൾ ഇല്ലാത്ത വാർഡുകളിൽ ജനപങ്കാളിത്തത്തോടെ വായനശാലകൾ ആരംഭിക്കണം.

8. എല്ലാ വാർഡുകളിലും ജനവിദ്യാകേന്ദ്രങ്ങൾ ആരംഭിച്ച് നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുക.

9. കായികരംഗം പുഷ്ടിപ്പെടുത്തുന്നതിനായി എല്ലാ വിദ്യാലയങ്ങളോടും അനുബന്ധിച്ച് കളിസ്ഥലങ്ങൾ നിർമ്മിക്കുക.

10. എല്ലാ വിദ്യാലയങ്ങളിലും റീഡിംഗ് റൂമുകൾ ഉണ്ടാക്കണം. എല്ലാ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

**അശമന്നൂർ ഗ്രാമപഞ്ചായത്ത് അതിർത്തിയിലുള്ള സ്കൂളുകളുടെ കഴിഞ്ഞ 5 വർഷത്തെ S.S.L.C വിജയ ശതമാനം**

| സ്കൂളിന്റെ പേര് | 91_92 | | 92_93 | | 93_94 | | 94_95 | | 95_96 | |
|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % | എണ്ണം | % | എണ്ണം | % |
| V.H.S.S. ഓടക്കാലി | 334 | 33 | 322 | 34 | 321 | 32 | 308 | 28 | 298 | 25 |
| ഗവ: ഹൈസ്കൂൾ കല്ലിൽ | 60 | 63 | 64 | 50 | 69 | 61 | 78 | 68 | 91 | 47 |

# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

അശമന്നൂർ പഞ്ചായത്തിലെ ഒന്ന്, രണ്ട്, മൂന്ന്, നാല്, ആറ് എന്നീ വാർഡുകളിൽ കുടിവെള്ള പ്രശ്നം അതിരൂക്ഷമാണ്. മറ്റു വാർഡുകളിലെ ഉയർന്ന പ്രദേശങ്ങളിലും കുടിവെള്ള ലഭ്യത തീരെയില്ല. ഈ മേഖലയിൽ അശമന്നൂർ ശുദ്ധജല പദ്ധതിയും, തലപ്പുഞ്ച, അംബദ്കർ, ഏക്കുന്നം, ചെറുകുന്നം, തച്ചയംപടി, നൂലേലി, കാപ്രമോളം, കുററിക്കുഴി എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന എട്ട് കുഴൽ കിണറുകളും ചുരുക്കം ചില പഞ്ചായത്ത് കിണറുകളുമാണ് ശുദ്ധജല ശ്രോതസ്സുകളായി നിലവിലുള്ളത്. ഇതിൽ തലപ്പുഞ്ചയിലുള്ള കുഴൽ കിണറിന് മോട്ടോർ, പമ്പുസെററുണ്ടെങ്കിലും ജലസംഭരണി നിർമ്മിച്ചിട്ടില്ല മാത്രമല്ല വേനൽ കാലത്ത് തുടർച്ചയായി പമ്പുചെയ്യുന്നതിനുള്ള വെള്ളവുമില്ല. ശേഷിക്കുന്നവയിൽ ചെറുകുന്നം, ഏക്കുന്നം എന്നിവിടങ്ങളിലുള്ള കുഴൽ കിണറുകൾ മാത്രമേ പ്രവർത്തിക്കുന്നുള്ളു. മററുള്ളവ വിവിധ കാരണങ്ങളാൽ പ്രവർത്തനരഹിതമായി കിടക്കുന്നു. വേനൽക്കാലത്ത് നാലഞ്ചു മാസക്കാലം ലോറിയിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. ഇതിനായി എല്ലാ വർഷവും ഗവൺമെൻറിന് ഭാരിച്ച തുക ചെലവാക്കേണ്ടിവരുന്നു. ഈ കാരണങ്ങളാൽ നമ്മുടെ പഞ്ചായത്തിൽ കുടിവെള്ള പ്രശ്നത്തിന് സ്ഥായിയായ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തിയേ മതിയാകൂ.

## പൊതു നിർദ്ദേശങ്ങൾ

1. നിലവിലുള്ള അശമന്നൂർ ശുദ്ധജല പദ്ധതി വികസിപ്പിക്കുക. ഈ പദ്ധതിയുടെ ജലസംഭരണശേഷി വളരെ കുറവാണ്. അതിനോടു ചേർന്നോ പൂമലയിൽ മറേറതെങ്കിലും ഉയർന്ന സ്ഥലത്തോ ഓടക്കാലി ഭാഗത്തോ കൂടുതൽ ശേഷിയുള്ള ഒരു ജല സംഭരണി കൂടി നിർമ്മിക്കേണ്ടതാണ്. നിലവിലുള്ള ശ്രോതസ്സിൽ നിന്നു തന്നെ വെള്ളം പമ്പുചെയ്ത് വിതരണം ചെയ്താൽ ഒരു വലിയ അളവുവരെ കുടിവെള്ളക്ഷാമം പരിഹരിക്കാം. ഇപ്പോഴുള്ള പമ്പ്ഹൗസ് തന്നെ ഇതിന് പ്രയോജനപ്പെടുത്താവുന്നതാണ്. ഒരു പുതിയ പൈപ്പ് ലൈൻ ഇടുന്നതിനും ടാങ്ക് നിർമ്മിക്കുന്നതിനും ഉള്ള ചെലവ് മാത്രമേ വേണ്ടിവരുന്നുള്ളു.

2. പ്രാരംഭ നടപടികൾ കഴിഞ്ഞിട്ടുള്ളതും അശമന്നൂർ, നെല്ലിക്കുഴി, പായിപ്ര എന്നീ പഞ്ചായത്തുകൾക്ക് പ്രയോജനപ്പെടുന്നതുമായ 'മൂവാററുപുഴ ശുദ്ധജല പദ്ധതി' നടപ്പിലാക്കുക.

3. നിലവിലുള്ളതും പ്രവർത്തനരഹിതവുമായി കിടക്കുന്ന കുഴൽ കിണറുകൾ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുക.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. എല്ലാ വാർഡുകളിലും സർവ്വേ നടത്തി ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കുഴൽകിണറുകൾ സ്ഥാപിക്കുക.

2. നിലവിലുള്ള അശമന്നൂർ ശുദ്ധജല പദ്ധതി വിപുലീകരിച്ച് ആവശ്യമുള്ള സ്ഥലങ്ങളിൽ പൈപ്പുലൈൻ നീട്ടി ശുദ്ധജലമെത്തിക്കുക

3. അശമന്നൂർ ശുദ്ധജല പദ്ധതിയുടെ ശ്രോതസ്സായ മുപ്പക്കാട്ടുചിറയുടെ ആഴം കൂട്ടിയും വശങ്ങൾ ചോർച്ചയില്ലാത്തവിധം കെട്ടിയും തെക്കു ഭാഗത്തുനിന്നും ഇപ്പോൾ വെള്ളം ചിറയിലേക്കൊഴുകുന്നതിനുള്ള പൈപ്പുകൾ അടച്ചും സംരക്ഷിക്കുക.

4. തുടർച്ചയായി ജലം പമ്പുചെയ്യുന്നതിനുള്ള സംവിധാനം നിലവിലുള്ള പദ്ധതികളിൽ ഉണ്ടാക്കുക.

5. അശമന്നൂർ പദ്ധതിയിലെ വികസനത്തിന് ആവശ്യമെങ്കിൽ എല്ലാ കാലത്തും സുലഭമായി ജലം ലഭിക്കുന്ന കാരൂർ ചിറ (രായമംഗലം പഞ്ചായത്ത്) ജല ശ്രോതസ്സായി പരിഗണിക്കാവുന്നതാണ്.

6. കല്ലിൽ സെററിൽമെൻറ് കോളനിയിൽ ജല സംഭരണി നിർമ്മിച്ച് വെള്ളം വിതരണം ചെയ്യുക.

7. 1-ാം വാർഡിൽ നിലവിലുള്ള പൈപ്പ്ലൈൻ നീട്ടുക.

8. മേതല കനാൽ കവലയിൽ കിണർ കുഴിച്ച് വള്ളിത്തണ്ടിൽ ടാങ്ക്കെട്ടി ശുദ്ധജലവിതരണം നടത്തുക.

9. നിലവിലുള്ള തലപ്പുഞ്ച കുഴൽകിണർ പദ്ധതിക്ക് ജലസംഭരണി നിർമ്മിക്കുക.

10. ഞണ്ടാടി കനാൽപ്പാലത്തിന് സമീപത്തോ അശമന്നൂർ സ്ക്കൂൾ പരിസരത്തോ പുതിയ ജലവിതരണ പദ്ധതി നടപ്പാക്കി എട്ടാം വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കുക.

11. ഒൻപതാം വാർഡിൽ കുററിക്കുഴി തോട് ഭാഗത്ത് കിണർ കുഴിച്ച് പുതിയ ശുദ്ധജല പദ്ധതി നടപ്പാക്കുക. ഈ വാർഡിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനാണിത്.

12. കോട്ടച്ചിറ കുററിലഞ്ഞി റോഡ്, എടത്തിക്കാവ് കോളനി, പാറക്കണ്ടംചാലി കോളനി, ഏക്കുന്നം കല്ലേലിമുകൾ റോഡ് തുടങ്ങിയ ഭാഗങ്ങളിൽ കുടിവെള്ളത്തിന് കടുത്ത ക്ഷാമം നേരിടുന്നു. ഇതിന് യുക്തമായ പരിഹാരം കാണുക.

13. മേതല ത്രിവേണി സംഗമം റോഡിലെ പൈപ്പ് ലൈൻ കല്ലിൽ ഭാഗത്തേയ്ക്കും വടക്കോട്ട് കൊട്ടേലിക്കുടി ഭാഗത്തേക്കും നീട്ടുക. മുട്ടത്തുമുകൾ കോട്ടച്ചിറ ഭാഗത്തേക്ക് പോകുന്ന പൈപ്പ്ലൈൻ തൃക്കറോഡിലൂടെ ഹൈലെവൽ കനാൽ ബണ്ടിലേക്ക് ബന്ധിപ്പിക്കുക.

14. ഒന്നാം വാർഡിൽ മേതല ഹൈലവൽ കനാലിന് സമീപമുള്ള തൃക്ക കുളത്തിൽ നിന്നും വെള്ളംപമ്പ്ചെയ്ത് മുട്ടത്തുമുകളിൽ സംഭരണി നിർമ്മിച്ച് ഒന്ന്, രണ്ട്, മൂന്ന് വാർഡുകളിലെ അതിർത്തി പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുക.

15. മേതല വാട്ടർ ഷെഡ്ഡിൻെറ കീഴിൽ ഒരു ലിഫ്ററ് പദ്ധതിയുടെ എസ്ററിമേററ് നിലവിലുണ്ട്. പ്രസ്തുത പദ്ധതി അടുത്ത ഒരു വർഷം കൊണ്ട് അവസാനിക്കുന്നതിനാൽ മുൻഗണന കൊടുത്ത് കഴിയുന്നതും വേഗം നടപ്പിലാക്കണം.

16. ആറാം വാർഡിൽ നൂലേലി, ചേരിക്കുളം വിപുലീകരിച്ച് ഒരു പുതിയ ശുദ്ധജലപദ്ധതി നടപ്പിലാക്കണം.

17. ഏഴാം വാർഡിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് പനിച്ചേരി കുളം ജലശ്രോതസ്സായി സ്വീകരിച്ച് ഒരു പുതിയ പദ്ധതി നടപ്പാക്കുക.

18. കാപ്രമുകൾ ഭാഗത്തും, ഞാപ്ളിപ്പാറ ഭാഗത്തും ഓരോ കുഴൽ കിണർ നിർമ്മിച്ച് ശുദ്ധജലം ലഭ്യമാക്കുക.

19. നിലവിലുള്ള പൈപ്പ് ലൈൻ 500 മീററർ കൂടി നൂലേലി ഭാഗത്തേക്ക് നീട്ടുക.

20. വരമ്പോത്തു കുളത്തിൽനിന്നും ജലം പമ്പുചെയ്ത് രണ്ടാം വാർഡിൽ ഇല്ലത്തുപടി കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുക.

## പൊതുജനാരോഗ്യം

രണ്ടായിരാമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം കൈവരിക്കാനുള്ള പദ്ധതികളുമായി നാം മുമ്പോട്ടു പോവുകയാണല്ലോ? ആരോഗ്യരംഗത്ത് കേരളം മററ് വികസിത രാഷ്ട്രങ്ങളുടെ നിലവാരത്തിൽ എത്തിയിട്ടുണ്ട് എന്നുള്ളത് നമുക്ക് അഭിമാനകരമാണ്. പഞ്ചായത്തിലെ മുഴുവൻ കുട്ടികളേയും പ്രതിരോധ കുത്തിവയ്പുകൾക്ക് വിധേയമാക്കിയിട്ടുണ്ട് അതുപോലെതന്നെ കുടുംബാസൂത്രണം സ്വീകരിച്ച സ്ത്രീകളുടെ എണ്ണം പുരുഷൻമാരുടേതിനേക്കാൾ കൂടുതലാണ്. പൊതുജനാരോഗ്യത്തിന്റെ കാര്യത്തിൽ സ്ഥിതി തൃപ്തികരമാണെങ്കിലും ചില രംഗങ്ങളിൽ ഇനിയും മാററങ്ങൾ ആവശ്യമാണ്. ജനസംഖ്യാ വർദ്ധനവാണ് ഇവയിൽ ഏററവും പ്രധാനം. യുവതലമുറയുടെയിടയിൽപോലും രണ്ടിൽ കൂടുതൽ കുട്ടികൾ പഞ്ചായത്തിലുള്ള പല കുടുംബങ്ങളിലും കണ്ടുവരുന്നു. ജനസംഖ്യാ വർദ്ധനവ് കർശനമായും നിയന്ത്രിച്ചില്ലെങ്കിൽ വരും തലമുറയുടെ ജീവിതം ക്ലേശം നിറഞ്ഞതായിരിക്കും എന്നതിനു സംശയമില്ല. ശുചീകരണ രോഗപ്രതിരോധ രീതികൾ എന്നിവയാണ് ഇതര രംഗങ്ങൾ. ശരിയായ ബോധവൽക്കരണമാണ് ഇവയ്ക്കുള്ള ഏക പരിഹാരമാർഗ്ഗം.

ഓടക്കാലിയിൽ സ്ഥിതിചെയ്യുന്ന ഒരു പ്രാഥമികാരോഗ്യകേന്ദ്രവും ഒരു ആയുർവ്വേദ ഡിസ്പൻസറിയുമാണ് അശമന്നൂർ പഞ്ചായത്തിലെ പൊതുജനാരോഗ്യകേന്ദ്രങ്ങൾ. പ്രാഥമിക ആരോഗ്യകേന്ദ്രത്തിനു കീഴിൽ മേതല, ചെറുകുന്നം, പനിച്ചയം, പയ്യാൽ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സബ്ബ് സെൻററുകളുമുണ്ട്. സബ്ബ് സെൻററുകളെല്ലാം സ്ഥല സൗകര്യങ്ങൾ കുറഞ്ഞ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ സെൻററുകളിലെ ജീവനക്കാർക്ക് താമസ സൗകര്യം ഇല്ലാത്തതുകൊണ്ട് അവരുടെ സേവനം വേണ്ടരീതിയിൽ നാട്ടുകാർക്ക് ലഭിക്കുന്നില്ല. സർക്കാർ ഹോമിയോ ഡിസ്പൻസറികളൊന്നും ഈ പഞ്ചായത്തിലില്ല.

## ഗ്രാമസഭ ചർച്ചചെയ്ത പ്രശ്നങ്ങളും നിർദ്ദേശങ്ങളും

### A. പ്രശ്നങ്ങൾ

1. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ആവശ്യമുള്ള മരുന്നുകളും ചികിത്സാ സൗകര്യങ്ങളും ഉണ്ടെങ്കിലും അതു് അർഹരായ പൊതുജനങ്ങൾക്ക് വേണ്ട രീതിയിൽ പ്രയോജനപ്പെടുന്നില്ല.
2. നിലവിലുള്ള ആയുർവ്വേദാശുപത്രിയിൽ രോഗികളുടെബാഹുല്യം കൂടുതലായതുകൊണ്ട് അവിടെ ലഭിക്കുന്ന മരുന്നുകൾ വിതരണത്തിന് തികയുന്നില്ല.
3. വിദ്യാലയങ്ങളിൽ കുട്ടികളുടെ ആരോഗ്യപരിശോധന ഫലപ്രദമാകുന്നില്ല.
4. ശരിയായ ബോധവൽക്കരണ നടപടികളുടെ അഭാവം എല്ലാത്തരത്തിലുമുള്ള ആരോഗ്യപരിപാലനത്തിന് ഒരളവുവരെ തടസ്സം നേരിടുന്നു.

### നിർദ്ദേശങ്ങളും പരിഹാരങ്ങളും

1. നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രവും ആയുർവ്വേദ- ഒരു ഹോമിയോ ആശുപത്രിയും ഒററ മേൽക്കൂരയ്ക്കു് താഴെ വിവിധ വിഭാഗങ്ങളായി പ്രവർത്തിച്ചാൽ പൊതുജനങ്ങൾക്ക് ഏറെ സൗകര്യപ്രദമായിരിക്കും.
2. പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ജീവനക്കാർക്ക് പാർപ്പിട സൗകര്യത്തോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കുക.
3. സബ്ബ് സെൻററുകൾ ഇല്ലാത്ത വാർഡുകളിൽ പുതിയ സെൻററുകൾ ആരംഭിക്കുക.
4. നിലവിലുള്ള ആയുർവ്വേദാശുപത്രിയിൽ എല്ലാ രോഗികൾക്കും കൊടുക്കുന്നതിനാവശ്യമായ മരുന്നുകൾ എത്തിക്കുക. ഇരുപത് കിടക്കയുള്ള ഒരു ആശുപത്രിയായി ഇതിനെ ഉയർത്തേണ്ടതാണ്.
5. ഇപ്പോൾ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ വരുന്ന രോഗികൾക്ക് വിലകൂടിയ മരുന്നുകൾ കൊടുക്കുവാൻ വ്യവസ്ഥയില്ല എന്നറിയുന്നു. അതുകൊണ്ട് എല്ലാ വിഭാഗങ്ങളിലുംപെട്ട രോഗികൾക്കും ഇത്തരം മരുന്നുകൾ ലഭ്യമാക്കണം.
6. വാർഡുതലത്തിൽ പൊതുജനാരോഗ്യ ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും നടത്തണം.
7. 18 വയസ്സിനു് മേലുള്ള മുഴുവൻ ആളുകളുടേയും രക്തഗ്രൂപ്പ് നിർണ്ണയം നടത്തി ഒരു രക്തദാന സേന രൂപീകരിക്കണം.

8. ആരോഗ്യ കേന്ദ്രത്തിലെ ബന്ധപ്പെട്ട ജീവനക്കാർ മാസത്തിലൊരിക്കൽ എല്ലാ വീടുകളും സന്ദർശിച്ച് ആളുകളുടെ ആരോഗ്യസ്ഥിതി വിലയിരുത്തണം.

9. നിശ്ചിത ഇടവേളകളിൽ സ്കൂൾ ആരോഗ്യ പരിശോധന നടത്തുകയും ഓരോ കുട്ടിക്കും പ്രത്യേകം ഹെൽത്ത് കാർഡ് സൂക്ഷിക്കുകയും വേണം. ആവശ്യമുള്ള കുട്ടികൾക്ക് ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തണം

10. പരിസര മലിനീകരണം തടയുന്നതിന് എല്ലാ വീടുകളിലും കമ്പോസ്ററ് കുഴികൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങളുണ്ടാകണം.

11. അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. ലൈസൻസില്ലാത്ത മുഴവൻ നായ്ക്കളെയും നശിപ്പിക്കേണ്ടതാണ്.

12. പൊതു ശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് വിവിധ വാർഡുകളിൽ നിന്ന് ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

13. പോഷകാഹാരവസ്തുക്കൾ അർഹിക്കുന്നവർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

14. പഞ്ചായത്തിലെ മുഴവൻ ആളുകളെയും ഉൾപ്പെടുത്തി ചികിത്സാ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കണം.

15. ഓടക്കാലിയിൽ ഒരു പബ്ളിക് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കണം.

16. വൃദ്ധജന സദനങ്ങൾ നിർമ്മിക്കേണ്ടതാണ്.

പൊതുജനാരോഗ്യ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പൊതുജന പങ്കാളിത്തവും ഉദ്യോഗസ്ഥൻമാരുടെ പങ്കാളിത്തവും ഒഴിച്ചുകൂടാനാവാത്ത കാര്യങ്ങളാണ്. ഓടകൾ നന്നാക്കുക പഞ്ചായത്തിൽ മൊത്തം ശുചീകരണ പ്രവർത്തനം നടത്തുക തുടങ്ങിയ കാര്യങ്ങൾ ഏതെങ്കിലും ഒരു വിഭാഗത്തെ ഏല്പിക്കാതെ മുഴവൻ ജനങ്ങളേയും സംയോജിപ്പിച്ചുകൊണ്ട് നടപ്പാക്കേണ്ടതാണ്.

★

# വ്യവസായം

വ്യാവസായികമായി കാര്യമായ പുരോഗതിയൊന്നും നേടാൻ കഴിയാത്ത ഒരു പഞ്ചായത്താണ് അശമന്നൂർ. പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ വ്യവസായ സ്ഥാപനങ്ങൾ എന്നു പറയാൻ പററിയതൊന്നും തന്നെ ഈ പഞ്ചായത്തിലില്ല. ഖാദി ബോർഡിന്റെ സഹായത്തോടുകൂടി തുടങ്ങിയ ചെറുകിട യൂണിററുകളായ തീപ്പെട്ടി കമ്പനിയും വനിതാ സംരംഭമായിരുന്ന റബ്ബർ ബാൻഡ് നിർമ്മാണ യൂണിററും കുറച്ചുകാലം പ്രവർത്തിച്ചിരുന്നു. പാറകൾ ആവശ്യത്തിനുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ ആകെ രണ്ട് മെററൽ ക്രഷറുകൾ മാത്രമാണുള്ളത്. കൂടാതെ ചില കുടുംബങ്ങൾ അവരുടെ വീടുകളിൽ മരച്ചീനി, ചക്ക തുടങ്ങിയവ ഉപയോഗിച്ച് ചിപ്പ്സ് നിർമ്മിച്ച് വിപണനം നടത്തിവരുന്നു.

## വ്യാവസായിക രംഗത്തെ പ്രധാന പ്രശ്നങ്ങൾ

### 1. അടിസ്ഥാന സൗകര്യങ്ങൾ

ഒരു വ്യവസായം ആരംഭിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, അതായത് ജലം, വൈദ്യുതി, ഗതാഗത സൗകര്യങ്ങൾ എന്നിവയുടെ അപര്യാപ്തത ഇവിടത്തെ വ്യവസായ വികസനത്തിന് തടസ്സം നിൽക്കുന്നു.

### 2. സംരംഭകരുടെ അഭാവം

വ്യവസായം സ്വകാര്യ മേഖലയിലോ സഹകരണ മേഖലയിലോ തുടങ്ങുന്നതിന് മുന്നിട്ടിറങ്ങുന്നതിനോ അഥവാ ഇറങ്ങിയാൽതന്നെ അവർക്ക് സാങ്കേതിക ഉപദേശവും മററും നൽകുന്നതിനുള്ള സൗകര്യങ്ങളോ ഇല്ല.

## 3. പണം സ്വരൂപിക്കുന്നതിനുള്ള പ്രശ്നങ്ങൾ

വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ മൂലധനവും പ്രവർത്തന ധനവും സ്വരൂപിക്കാനുള്ള പ്രയാസങ്ങളും അതിനായി സംരംഭകൻ നേരിടേണ്ടിവരുന്ന നൂലാമാലകളും ഏറെയാണ്.

## 4. മാർക്കററിംഗ് സൗകര്യങ്ങൾ

നമ്മുടെ നാട്ടിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തലാണ് മറെറാരു കാതലായ പ്രശ്നം.

## 5. വ്യാവസായിക രംഗത്തെ അറിവില്ലായ്മ

സാക്ഷരത കൂടുതലുള്ള പ്രദേശമാണെങ്കിലും വ്യാവസായിക മേഖലയിലുള്ള പരിജ്ഞാനക്കുറവ് വ്യാവസായിക വളർച്ചയ്ക്ക് തടസ്സം സൃഷ്ടിക്കുന്നു.

## 6. വനിതാ സംരംഭകരുടെ അഭാവം

സാധാരണയായി ഈ പഞ്ചായത്തിലെ സ്ത്രീകൾ ഇത്തരം സംരംഭങ്ങളുമായി മുന്നോട്ടുവരാൻ വിമുഖത കാണിക്കുന്നു. അതുപോലെതന്നെ അവക്ക് തൊഴിൽ–വ്യാവസായിക രംഗങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള സൗകര്യക്കുറവും പ്രധാന പ്രശ്നമാണ്.

## 7. കാർഷിക മേഖല

നമ്മുടെ മുഖ്യ കാർഷികോത്പന്നങ്ങളായ റബ്ബർ, നാളികേരം എന്നിവ നമ്മുടെ വ്യാവസായിക മേഖലക്ക് പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല.

## 8. പരമ്പരാഗത മേഖല

പരമ്പരാഗത–കുടിൽ വ്യവസായങ്ങളായ ഈററ നെയ്ത്ത് തൊഴിലാളികൾക്ക് ആവശ്യമായ ഈററ തുടങ്ങിയ അസംസ്കൃത സാമഗ്രികളുടെ ലഭ്യതക്കുറവ് ഇത്തരം തൊഴിൽ മേഖലയെ തളർത്തുന്നു.

## സാദ്ധ്യതകൾ

1. അശമന്നൂർ പഞ്ചായത്തിലെ കാഷികോത്പന്നങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നത് സ്വാഭാവിക റബ്ബർ ആണ്. രണ്ടാംസ്ഥാനം നാളികേരത്തിനാണ്. എന്നാൽ ഇവമുഴുവൻ ഇടനിലക്കാർ വഴി പഞ്ചായത്തിന് വെളിയിലേക്ക് പോകുന്നു. ഇവ അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ചുകൊണ്ട് റബ്ബർ–നാളികേര അധിഷ്ഠിത വ്യവസായങ്ങൾ സഹകരണ മേഖലയിൽ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകളാരായേണ്ടതാണ്.

2. പഞ്ചായത്തിൽ വ്യാപകമായി ഇപ്പോൾ പൈനാപ്പിൾ കൃഷിചെയ്തു വരുന്നുണ്ട്. എന്നാൽ ഇവയ്ക്ക് ഫലപ്രദമായ വിപണന സാദ്ധ്യതകൾ കുറവാണ്. അതുകൊണ്ട് ഒരു പൈനാപ്പിൾ സംസ്കരണശാല തുടങ്ങിയാൽ സഹകരണ സംഘങ്ങൾ രൂപീകരിച്ച് അവയുടെ ശേഖരണത്തിനും വിപണനത്തിനും ഉള്ള സാദ്ധ്യതകൾ വർദ്ധിപ്പിക്കാവുന്നതാണ്.

3. ചക്ക, മരച്ചീനി തുടങ്ങിയ ഉത്പന്നങ്ങൾ ഉപയോഗപ്പെടുത്തി ചിപ്സ് (ഉപ്പേരി) നിർമ്മാണ യൂണിററുകൾ ആരംഭിക്കുന്നതിനും അതിന് വേണ്ട തൊഴിലാളികളെ ഔട്ട് വർക്കേഴ്സ് (Out workers system) സമ്പ്രദായത്തിലൂടെ സംഘടിപ്പിക്കാവുന്നതുമാണ്.

4. ഈ പഞ്ചായത്തിലെ ധാരാളം ചെറുപ്പക്കാർ വിവിധ ട്രേഡുകളിലായി സാങ്കേതിക പരിശീലനം നേടിയവരുണ്ട്. അവരെല്ലാം തന്നെ പഞ്ചായത്തിനു വെളിയിലുള്ള പട്ടണങ്ങളിലെ വർക്ക്ഷാപ്പുകളിൽ പണിയെടുക്കുന്നു. ഇത്തരം പരിശീലനം കിട്ടിയിട്ടുള്ള ആളുകളുടെ സേവനം ഉപയോഗപ്പെടുത്തി ചെറുകിട–എൻജിനീയറിംഗ് വ്യവസായങ്ങൾ കൂട്ടായൊ സഹകരണ അടിസ്ഥാനത്തിലോ ആരംഭിക്കാവുന്നതാണ്.

5. ഈ പഞ്ചായത്തിൽ നിരവധി പാറമടകൾ ഉണ്ട്. ഇവയിൽ നിന്ന് പൊട്ടിച്ചെടുക്കുന്ന പാറകൾ അന്യസ്ഥലങ്ങളിൽ കൊണ്ടുപോകുകയാണ്. അവഉപയോഗിച്ചും മററും നിർമ്മിക്കുന്ന കെട്ടിട നിർമ്മാണ വസ്തുക്കളായ മെററൽ, ചരൽ മുതലായവ നമ്മൾ വെളിയിൽനിന്നാണ് വാങ്ങുന്നതു്. അത്തരം ബിൽഡിംഗ് മെററീരിയൽസ് കുറഞ്ഞ ചെലവിൽ നിർമ്മിക്കുന്ന ഒരു യൂണിറേറാ യൂണിററുകളോ തുടങ്ങുകയും ഹോളോ ബ്രിക്സിൻെറ നിർമ്മാണ യൂണിററുകൾ പ്രോത്സാഹിപ്പിക്കുകയും ചെയ്താൽ ധാരാളം തൊഴിലവസരങ്ങൾ ലഭ്യമാകുന്നതാണ്.

6. നമ്മുടെ നാട്ടിൽ മില്ലുവീടുകളിലും പശുവളത്തലും പാലുത്പാദനവും ഉണ്ട്. അവ ഉപയോഗിച്ച് പാലുത്പന്നങ്ങൾ നിർമ്മിക്കുന്ന വനിതാ യൂണിററുകൾ വളരെ എളുപ്പം രൂപീകരിക്കാവുന്ന ഒന്നാണ്.

7. ഖാദി ബോർഡിൻെറ സഹായത്തോടെ ആരംഭിക്കുകയും ഇപ്പോൾ പ്രവർത്തനം നിലച്ചിരിക്കുന്നതുമായ വ്യവസായ യൂണിററുകൾ പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞാൽ അതൊരു നേട്ടമായിരിക്കും.

8. നമ്മുടെ നാട്ടിൽ സുലഭമായ ചിരട്ട, ചകിരി നാര് തുടങ്ങിയ വസ്തുക്കൾ ഉപയോഗപ്പെടുത്തി കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന യൂണിററുകൾക്ക് ഇക്കാലത്ത് വളരെ സാദ്ധ്യതകൾ ഉണ്ട്.

9. പരമ്പരാഗത വ്യവസായങ്ങളായ കുട്ട, വട്ടി പനമ്പുനെയ്ത്ത് ജോലികൾ പ്രോത്സാഹിപ്പിക്കുകയും അതിനാവശ്യമായ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും അവ വഴി ഈററ തുടങ്ങിയ വസ്തുക്കൾ ലഭ്യമാക്കുകയും ആ ഉത്പന്നങ്ങളുടെ വിപണനം ഏറെറടുത്ത് നടത്തുകയും ചെയ്താൽ ഗ്രാമീണ മേഖലയിൽ കുടിൽ വ്യവസായം വദ്ധിപ്പിക്കാവുന്നതാണ്.

10. പലഹാരങ്ങൾ, കറിപൗഡറുകൾ എന്നിവ വനിതാസഹകരണ സംഘങ്ങൾ സ്ഥാപിച്ച് ഉത്പാദിപ്പിച്ചാൽ വിജയ സാദ്ധ്യതയുള്ള ഒന്നാണ്.

11. ചെറുകിട സോപ്പ് നിർമ്മാണ യൂണിററുകൾ റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിററുകൾ നാളികേരം ഉപയോഗപ്പെടുത്തി ഓയിൽ മില്ലുകൾ എന്നിവയും തുടങ്ങാവുന്നതാണ്.

## ഗ്രാമസഭയിൽനിന്നുവന്ന മററു നിർദ്ദേശങ്ങൾ

പഞ്ചായത്തിലെ വിവിധ ഗ്രാമസഭകളിൽ നിന്നും വന്ന പൊതുനിർദ്ദേശങ്ങളും ആവശ്യങ്ങളും താഴെ കൊടുക്കുന്നു.

1. പട്ടുനൂൽ പുഴ വളർത്തൽ
2. മാംസ സംസ്ക്കരണം
3. തടി–പ്ലൈവുഡ് വ്യവസായം
4. ബാംബൂ കോർപ്പറേഷൻ ഡിപ്പോ
5. ഫർണീച്ചർ നിർമ്മാണ യൂണിററ്
6. പ്ലാസ്റ്റിക് വ്യവസായം
7. അവിൽ, ശീതളപാനീയങ്ങൾ എന്നിവ നിർമ്മിക്കുന്ന യൂണിററുകൾ
8. വ്യവസായ–തൊഴിൽ പരിശീലന കേന്ദ്രം
9. K. S. E. B. സബ്സ്റ്റേഷൻ
10. ഓടക്കാലിയിൽ ഇപ്പോഴുള്ള ഗവേഷണകേന്ദ്രം ഒരു വൻകിട ഔഷധ നിർമ്മാണ കേന്ദ്രമായി വികസിപ്പിക്കുക.

പഞ്ചായത്തിൽ ലഭ്യമായ വിഭവങ്ങളെ നമ്മുടെ മാനുഷിക വിഭവവും വൈദഗ്ദ്ധ്യങ്ങളും ചേർത്തിണക്കി ആവശ്യമായ പരിശീലനങ്ങളും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയാൽ ധാരാളം ചെറുകിട വ്യവസായ യൂണിററുകൾ വളർന്നുവരാൻ പററിയ സാഹചര്യങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

വ്യവസായം തുടങ്ങാൻ താൽപര്യമുള്ള സംരംഭകരെ കണ്ടെത്തി അവർക്കാവശ്യമായ ഉപദേശങ്ങളും സഹായങ്ങളും നിർദ്ദേശങ്ങളും നല്കുകയും ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ സെൻറർ പോലുള്ള ഗവണ്മെൻറ് സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുകയും വേണം.

മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പിലായാൽ നമ്മുടെ പ്രദേശത്തെ തൊഴിലില്ലായ്മ ഒരളവുവരെ ഒഴിവാക്കുന്നതിനും നമ്മുടെ പണവും പ്രയത്നവും നമ്മുടെ നാട്ടിൽതന്നെ വിനിയോഗിക്കുന്നതിനും അതുവഴി പഞ്ചായത്തിൻെറ സമഗ്രപുരോഗതി സാദ്ധ്യമാക്കുന്നതിനും കഴിയും

xxxxxxxx

# ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും

## ഭവന നിർമ്മാണം

ഈ പഞ്ചായത്തിലെ ജനങ്ങളേറെയും ദരിദ്ര കർഷകരും കൃഷ്ക തൊഴിലാളികളും മററു നിർമ്മാണ തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്നവരും ആണ്. മററു പഞ്ചായത്തുകളിൽ ഉള്ളതുപോലെയുള്ള ബഹുനില കെട്ടിടങ്ങൾ ഇവിടെ വളരെകുറവാണ്. മിക്കവാറും ഓടുമേഞ്ഞ കെട്ടിടങ്ങളാണ് ഉള്ളത് പുതിയതായി നിർമ്മിക്കുന്നവയെല്ലാം തന്നെ കോൺക്രീററ് കെട്ടിടങ്ങളാണ്. ലഭ്യമായ കണക്കനുസരിച്ച് ആകെ 4891 വീടുകളാണ് ഈ പഞ്ചായത്തിൽ ഉള്ളതു്. സ്വന്തമായി പാർപ്പിടം ഇല്ലാത്ത ഏകദേശം അഞ്ഞൂറോളംകുടുംബങ്ങൾ ഉണ്ട്.

പാർപ്പിടം എന്നതു് മനുഷ്യന് ആഹാരം വസ്ത്രം എന്നിവ പോലെ തന്നെ ആവശ്യം വേണ്ട ഒന്നാണ്. അതുകൊണ്ട് സ്വന്തമായി വീട് ഇല്ലാത്തവരെയും വീട് വയ്ക്കാൻ സ്ഥലം ഇല്ലാത്തവരേയും നാം സമൂഹത്തിൻെറ മുഖ്യധാരയിലേക്കെത്തിക്കുവാൻ അനുഭാവപൂർവ്വം മുൻഗണനയെടുത്ത് യത്നിക്കേണ്ടതാണ്. വിവിധ ഭവനനിർമ്മാണ പദ്ധതികളിലൂടെ കുറച്ച് ആളുകൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെങ്കിലും സമഗ്ര ഭവന നിർമ്മാണ പദ്ധതികളൊന്നും തന്നെ നമുക്ക് ലഭ്യമായിട്ടില്ല. നിലവിലുള്ള വീടുകളിൽ തന്നെ വഴി വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാത്തവ ധാരാളം ഉണ്ട്. കക്കൂസുകൾ പോലുംഇല്ലാത്ത600ൽപരം കുടുംബങ്ങൾ ഉണ്ട് എന്ന് കണക്കുകൾ പറയുന്നു. നിലവിലുള്ള വീടുകളിൽ സിമൻറുതറകളും ചാണകം മെഴുകിയ തറകളും ആണ് കൂടുതൽ. മൊസേക്ക് / മാർബിൾ തറകൾ വളരെ കുറച്ച് മാത്രമേ ഉള്ളൂ.

ഭാരിച്ച നിർമ്മാണ ചെലവ് അതായത് നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ്, നിർമ്മാണ തൊഴിലാളികളുടെ കൂലി വർദ്ധനവ് എന്നിവ മൂലം ഇന്ന് സാധാരണക്കാരൻെറ വീട് നിർമ്മാണം പ്രതിസന്ധിയിലാണ്. ഭവനനിർമ്മാണ സഹകരണ സംഘങ്ങളോ ഏജൻസികളോ ഒന്നുംതന്നെ ഈ പഞ്ചായത്തിലില്ല. നിർമ്മാണ സാമഗ്രികളൊന്നും ഇവിടെ ലഭ്യമല്ല അതുകൊണ്ട് അവ പട്ടണത്തിൽ നിന്ന് കൊണ്ടുവന്നാൽ തന്നെ കെട്ടിടം പണിയുന്ന സ്ഥലത്തു് എത്തിക്കുവാനുള്ള ഗതാഗത സൗകര്യങ്ങളുടെ കുറവും ഒരു പ്രശ്നമാണ്. ഇപ്പോൾ ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന ഭവനനിർമ്മാണ സഹായ പ്രവർത്തനങ്ങൾ ഒരുപക്ഷേ കുറച്ച് ആളുകൾക്ക് പ്രയോജനം ലഭിച്ചേക്കും. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് R L E G P, J R Y തുടങ്ങിയ പദ്ധതികളിൽപ്പെടുത്തി വീടുകൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

## നിർദ്ദേശങ്ങളും പരിഹാരങ്ങളും

1. പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിച്ച് വീടില്ലാത്തവർക്ക് വീട് പണിയുന്നതിനാവശ്യമായ ധനസഹായവും സഹകരണ സംഘത്തിൻെറ കീഴിൽ കെട്ടിടനിർമ്മാണ സാമഗ്രികൾ നിർമ്മിക്കുകയും കുറഞ്ഞ ചെലവിൽ ലഭ്യമാക്കുകയും ചെയ്യുക.

2. സ്വന്തമായി വീട് വയ്ക്കാൻ സ്ഥലമില്ലാത്തവർക്ക് സ്ഥലം ലഭ്യമാക്കുന്നതിന് നടപടിയെടുക്കുക.

   സ്ഥലലഭ്യതാ വിവരങ്ങൾ:-

   1-ാം വാർഡ്-പെരിയാർവാലി കനാൽ പുറംപോക്ക്

   2-ാം വാർഡ്-പെരിയാർവാലി കനാൽ പുറം പോക്ക്.

   8-ാം വാർഡ്-പെരിയാർവാലി കനാൽ പുറം പോക്ക്.

3. പഞ്ചായത്തിൽ കക്കൂസ് തുടങ്ങിയഅടിസ്ഥാന സൗകര്യങ്ങളില്ലാത്ത കുടുംബങ്ങൾക്ക് അവ നിർമ്മിക്കുന്നതിനാവശ്യമായ സഹായം നല്കുക.

4. പഞ്ചായത്തിലെ നിർദ്ധനരും സാമൂഹ്യമായി പിന്നോക്കം നില്ക്കുന്നവരുമായ കുടുംബങ്ങൾക്ക് വീടുകളുടെ അററകുററപ്പണികൾ നടത്തുന്നതിനും വൈദ്യുതീകരിക്കുന്നതിനും വേണ്ട സഹായം നല്കുക.

5. പ്രകൃതിക്ഷോഭം മൂലം വീടുകൾക്ക് നാശം സംഭവിക്കുമ്പോൾ പുതുക്കി പണിയുന്നതിന് സാമ്പത്തിക സഹായം എത്തിക്കുക.

6. കുറഞ്ഞ ചെലവിൽ ഭവന നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്നതിന് ''നിർമ്മിതികേന്ദ്ര'' ത്തിൻെറ ഒരു ശാഖ പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്.

7. കേടുവന്ന ഇരട്ട ലക്ഷംവീടുകൾക്ക് പകരം ഒററ വീടുകൾ നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുക.

## സാമൂഹ്യക്ഷേമം

പണ്ട് നിരവധി കർഷകത്തൊഴിലാളികളും ദരിദ്ര കർഷകരും വളരെ കഷ്ടപ്പെട്ട് ജീവിച്ചുവന്നിരുന്ന ഒരു പഞ്ചായത്താണ് അശമന്നൂർ. ഇന്ന് കൃഷ്ക തൊഴിലാളികൾ ആ മേഖലയിൽ നിന്ന് മാറി നിർമ്മാണ തൊഴിലാളികളായി. സാമൂഹ്യമായി പിന്നോക്കം നില്ക്കുന്നവരുടേയും ദാരിദ്ര്യരേഖയ്ക്ക്താഴെ കിടക്കുന്നവരുടേയും ഉന്നമനത്തിനായി കഴിഞ്ഞ പഞ്ചവത്സര പദ്ധതികളിലൂടെ കേന്ദ്ര–സംസ്ഥാന ഗവണ്മെൻറുകൾ ധാരാളം പണം ചെലവഴിച്ചിട്ടുണ്ട്. എങ്കിലും അതുകൊണ്ട് വലിയൊരു സാമൂഹ്യ മുന്നേററത്തിന് തുടക്കം കുറിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കുറെ കാര്യങ്ങൾ നമുക്ക് നേടാൻ സാധിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ അഴിമതികളും അനാസ്ഥയും മൂലം പലപ്പോഴും ഇത്തരം ഫണ്ടുകൾ വഴിമാറി ചെലവഴിക്കുകയും ചെലവഴിക്കപ്പെടാതെ പോകുകയും ചെയ്തിട്ടുണ്ട്.

ഒന്നാം പദ്ധതിക്കാലത്ത് തുടങ്ങിയ കമ്മ്യൂണിററി ഡവലപ്പ്മെൻറ് പ്രോഗ്രാം തുടന്ന് വിവിധ പദ്ധതിക്കാലയളവിൽ തുടങ്ങിയ N R E P, R L E G P അതിനുശേഷം അവ കൂട്ടിച്ചേർത്ത J R Y അതുപോലെ തന്നെ 1980_കളിൽ ആരംഭിച്ച I R D P, കുട്ടികളുടേയും സ്ത്രീകളുടേയും ഉന്നമനത്തിനായി രൂപം കൊടുത്ത D W C R A തുടങ്ങിയ പരിപാടികൾ എല്ലാം തന്നെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കായാണ് ആരംഭിച്ചത്.

### അശമന്നൂർ ഗ്രാമപഞ്ചായത്ത് I R D P സർവ്വേ പ്രകാരം–ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| I | 170 | 25 | 29 | 21 | 15 | 155 |
| II | 193 | 10 | 22 | 10 | 12 | 181 |
| III | 165 | 13 | 22 | 12 | 10 | 155 |
| IV | 160 | 11 | 23 | 11 | 13 | 147 |
| V | 159 | 5 | 31 | 5 | 25 | 134 |
| VI | 217 | 4 | 32 | 4 | 21 | 196 |
| VII | 163 | 3 | 21 | 3 | 12 | 151 |
| VIII | 185 | 3 | 22 | 3 | 14 | 171 |
| IX | 113 | 2 | 20 | 2 | 11 | 102 |

## DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരണം

| വാർഡ് | ഇനം | ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത |
|---|---|---|---|---|
| IV | പലചരക്ക്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം | 1996 | 8 | സാമാന്യം നല്ല രീതിയിൽ നടക്കുന്നു. |
| VIII | പശുവളർത്തൽ | 1995 | 10 | ,, |

### പ്രശ്നങ്ങൾ

1. കർഷക തൊഴിലാളി ക്ഷേമനിധി പ്രവർത്തനങ്ങൾ ഒരുവിധം ഭംഗിയായി നടക്കുന്നുണ്ടെങ്കിലും കർഷക തൊഴിലാളികളിൽ ഭൂരിഭാഗവും ഇന്ന് നിർമ്മാണ തൊഴിലാളികളാണ്. എന്നാൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ഈ പഞ്ചായത്തിൽ വേണ്ടവിധത്തിൽ ലഭ്യമല്ല.

2. വനിതാ വികസന കോർപ്പറേഷൻ, പട്ടികജാതി–പട്ടികവർഗ്ഗ വികസന കോർപ്പറേഷനുകൾ എന്നിവയുടെ കാര്യമാത്രമായ യാതൊരു പ്രയോജനവും നമുക്ക് ലഭ്യമല്ല.

3. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമപ്രവർത്തനങ്ങൾക്കും ചെലവഴിക്കുന്ന പണം ശരിയായ രീതിയിൽ വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള സ്ഥിരം സംവിധാനങ്ങൾ നിലവിലില്ല.

4. സാമൂഹ്യക്ഷേമ പരിപാടികളെക്കുറിച്ച് വ്യക്തമായ അറിവില്ലായ്മ ഒരു പ്രധാന പ്രശ്നമാണ്.

5. സാമൂഹ്യക്ഷേമരംഗത്ത് വിപ്ലവകരമായ മാററം വരുത്തുവാൻ കഴിയുന്ന സ്ഥാപനങ്ങളാണ് അംഗൻവാടികൾ. എന്നാൽ ഇവ ഒന്നുപോലും നമ്മുടെ പഞ്ചായത്തിൽ ഇല്ല.

6. മിക്ക വാർഡുകളിലും ബാലവാടികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആവശ്യമായ ഉപകരണങ്ങളോ മററു സജ്ജീകരണങ്ങളോ ഇല്ലാത്തതുകൊണ്ട് പലതും ഉദ്ദേശിച്ച ഫലം ചെയ്യുന്നില്ല.

7. അടിസ്ഥാന–പ്രാഥമിക സൗകര്യങ്ങൾ എത്തിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ചുരുക്കം ചില പ്രദേശങ്ങൾ ഇവിടെയുണ്ട്.

8. IRDP, TRYSEM (ട്രൈസം) തുടങ്ങിയ തൊഴിൽദാന–തൊഴിൽ പരിശീലന പദ്ധതികളിൽപ്പെടുത്തി നിരവധി ആളുകൾക്ക് പരിശീലനവും ധനസഹായവും നൽകിയെങ്കിലും അതിൽ ഭൂരിഭാഗവും പാഴായതായി കണക്കുകൾ സൂചിപ്പിക്കുന്നു. ട്രൈസം പരിശീലനം ലഭിച്ച '71' പേരിൽ '16' പേർ മാത്രമാണ് ഇന്ന് പ്രസ്തുത തൊഴിൽ രംഗത്തുള്ളു.

9. DWCRA പദ്ധതി പ്രകാരം ആകെ പഞ്ചായത്തിൽ രണ്ടു വാർഡുകളിൽ മാത്രമാണ് തൊഴിൽ സംരംഭങ്ങൾ തുടങ്ങിയിട്ടുള്ളത്.

10. വാർദ്ധക്യ, കർഷകതൊഴിലാളി, വിധവ, വികലാംഗ പെൻഷനുകൾ നൽകുന്നതിലുള്ള അപാകതകൾ ഗൗരവമേറിയ പ്രശ്നമാണ്. അതുപോലെതന്നെ കാലതാമസം, അർഹതയുള്ളവരെ കണ്ടെത്തുന്നതിലുള്ള വീഴ്ച എന്നിവയും മുഖ്യ പ്രശ്നങ്ങളാണ്

11. പൊതുവിതരണ സമ്പ്രദായം ഇന്നത്തെ നിലക്ക് തുടർന്നാൽ അവ എന്നന്നേയ്ക്കുമായി നിലച്ചുപോകും.

## നിർദ്ദേശങ്ങൾ – സാദ്ധ്യതകൾ

1. താഴെ പറയുന്ന വിവിധ പരിപാടികൾ അവയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ അതിന്റെ യഥാർത്ഥ അർത്ഥത്തിൽ ഉൾക്കൊണ്ട് നടപ്പാക്കണം.

**I. R. D. P.** (സംയോജിത ഗ്രാമവികസന പരിപാടി)

ദാരിദ്ര്യരേഖക്ക് താഴെകിടക്കുന്ന ഗ്രാമീണമേഖലയിലെ കുടുംബങ്ങൾക്ക് വായ്പയും സബ്സിഡിയും കൊടുത്തുകൊണ്ട് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായിട്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇത് കാര്യക്ഷമമായി നടപ്പാക്കിയാൽ പഞ്ചായത്തിൽ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സാധിക്കും.

**TRYSEM** (ട്രൈസം)

ഗ്രാമീണ യുവജനങ്ങൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ നാളിതുവരെയുള്ള പോരായ്മകൾ പരിഹരിച്ച് അർഹതയുള്ളവർക്ക് മാത്രം പ്രയോജനം ലഭ്യമാക്കി വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കാൻ അവരെ പ്രാപ്തരാക്കണം.

J. R. Y. D. W. C. R. A., P. M. R. Y. തുടങ്ങിയ നിരവധി പദ്ധതികൾ അതിന്റെ ഉദ്ദേശ്യ ശുദ്ധി ഉൾകൊണ്ട് ഫലപ്രദമായി നടപ്പാക്കിയാൽ ഉത്പാദന രംഗത്തും തൊഴിൽ രംഗത്തും വൻനേട്ടം കൈവരിക്കാൻ സാധിക്കും.

2. മഹിളാസമാജങ്ങൾ – അംഗൻവാടികൾ – ബാലവാടികൾ

പഞ്ചായത്തിൽ പല വാർഡുകളിലും മഹിളാ സമാജങ്ങൾ ഉണ്ടെങ്കിലും പ്രവർത്തന രംഗത്തുള്ളവ വിരളമാണ്. വനിതകളുടെ കൂട്ടായ പ്രവർത്തനം ഈ സമാജങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച് ചെറുകിട – വ്യാവസായിക യൂണിറ്റുകൾ ആരംഭിക്കുകയും മറ്റു സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നടത്തുകയുംചെയ്യാവുന്നതാണ്. അതിനുവേണ്ട എല്ലാവിധ സാമ്പത്തിക – സാങ്കേതിക സഹായങ്ങളും പഞ്ചായത്ത് മുൻകൈ എടുത്തു ലഭ്യമാക്കണം.

അംഗൻവാടികൾ വാർഡുകൾതോറും ആരംഭിച്ച് സമഗ്രമാതൃ-ശിശു സംരക്ഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം.

നമ്മുടെ കുഞ്ഞുങ്ങൾക്ക് ആവശ്യമായ മാനസിക-ശാരീരിക വളർച്ച നേടുന്നതിൽ നിർണ്ണായക പങ്കു വഹിക്കുന്നവയാണ് ബാലവാടികൾ. ആയതുകൊണ്ട് അവ ഇല്ലാത്ത സ്ഥലങ്ങളിൽ സ്ഥാപിക്കുകയും നിലവിലുള്ളവയുടെ ശോചനീയാവസ്ഥ പരിഹരിക്കുകയും വേണം.

3. വിവിധ പെൻഷൻ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുക.

a. വാർദ്ധക്യകാല പെൻഷൻ

സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ അശരണരായ പ്രായമായവരെ ഉദ്ദേശിച്ചുള്ളതാണ് ഈ പെൻഷൻ പരിപാടി. ആകെ പഞ്ചായത്തിൽ '21' പേർക്കേ ഈ പെൻഷൻ നൽകിവരുന്നുള്ളു. കൂടുതൽ അർഹരായവരെകണ്ടെത്തി ഇതിന്റെപ്രയോജനം ലഭ്യമാക്കണം

b. വിധവാ പെൻഷൻ

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന (പ്രായപൂർത്തിയായ കുട്ടികളില്ലാത്ത) വിധവകൾ

ക്കാണ്ട് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുക. പഞ്ചായത്തിൽ 47പേരെ ഇതുനൽകാൻ തെരഞ്ഞെടുത്തിട്ടുണ്ട്.

C. കർഷകതൊഴിലാളി പെൻഷൻ

കർഷക തൊഴിലാളികൾ കുറഞ്ഞു വരുന്നുണ്ട് എങ്കിലും ഇന്നുജീവിച്ചിരിക്കുന്ന പ്രായമായ കർഷക തൊഴിലാളികളെ മുഴുവനും ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവന്ന് സഹായം ലഭ്യമാക്കണം.

തൊഴിലില്ലായ്മ വേതനം

ഇന്നു തൊഴിലില്ലായ്മ വേതനം വാങ്ങുന്ന എല്ലാവരും തന്നെ അതിനർഹരാണോ എന്ന കാര്യം പരിശോധിച്ച് അർഹരായവർക്ക ലഭിക്കുന്നതിനുള്ള നടപടികൾ എടുക്കേണ്ടതാണ്.

വികലാംഗപെൻഷൻ

സ്വന്തമായി തൊഴിലെടുത്തു ഉപജീവനം നയിക്കുവാൻ കഴിയാത്ത വികലാംഗ സമൂഹം തീർച്ചയായും പരിഗണനയും സഹായവും അർഹിക്കുന്നവരാണ്. ആ ബോധം ഉൾക്കൊണ്ടു തന്നെ അവരുടെ പെൻഷൻ പദ്ധതികൾ ഇന്നുള്ളതിനേക്കാൾ കാര്യക്ഷമമായി നടത്തേണ്ടതാണ്.

ഈ പദ്ധതികളെ കൂടാതെ കുടുംബ ധനസഹായപദ്ധതി, മാതൃസഹായ പദ്ധതി തുടങ്ങിയ പദ്ധതികളും കാര്യക്ഷമമായി നടപ്പാക്കണം.

2. ക്ഷേമനിധികൾ

ക്ഷേമനിധികളുടെ കാര്യത്തിൽ ഏറെ പ്രാധാന്യം നിർമ്മാണ തൊഴിലാളിക്ഷേമനിധിയും കർഷക തൊഴിലാളി ക്ഷേമനിധിയും ആണ്. എന്നാൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധിപ്രവത്തനങ്ങൾ അത്ര കാര്യക്ഷമമായി നടക്കുന്നില്ല. ആയതിനാൽ ആ വിഭാഗത്തിൽപ്പെടുന്ന തൊഴിലാളികളെ ക്ഷേമനിധിബോർഡിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുകയും അതിനാവശ്യമായ ബോധവത്ക്കരണ പരിപാടികൾ നടത്തുകയും വേണം.

## മററു നിർദ്ദേശങ്ങൾ

1. സാമൂഹ്യക്ഷേമ പരിപാടികളെ കുറിച്ച് ഗ്രാമീണജനങ്ങളിൽ അവബോധം വളർത്തുന്നതിനും അർഹതപ്പെട്ട സഹായങ്ങൾ നേടിയെടുക്കുന്നതിനും ആവശ്യമായ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കണം.

2. പട്ടികജാതി വികസന കോർപ്പറേഷൻ, വനിതാവികസന കോർപ്പറേഷൻ തുടങ്ങിയവയുടെ സഹായം നേടിയെടുക്കുന്നതിന് യത്നിക്കണം.

3. തൊഴിൽ മേഖലയിൽ വേണ്ടത്ര പരിശീലനവും ധനസഹായവും ലഭ്യമാക്കണം തൊഴിൽദാന പദ്ധതികൾ കാര്യക്ഷമമാക്കണം.

4. കക്കൂസ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന പ്രാഥമിക സൗകര്യങ്ങൾ എല്ലാവർക്കും എത്തിക്കുന്നതിനാവശ്യമായ നടപടികൾ എടുക്കണം.

5. കോളനികൾ കേന്ദ്രീകരിച്ച് T. V. കൾ സ്ഥാപിക്കണം.

6. ഏകദേശം 25 കുടുംബങ്ങൾക്ക് ഒരു പ്രതിനിധി എന്ന നിലയിൽ 'അയൽക്കൂട്ടങ്ങൾ' രൂപീകരിക്കുകയും വികസന–ക്ഷേമ പ്രവർത്തനങ്ങൾ അവരുടെ നേതൃത്വത്തിൽ നടത്തുകയും വേണം.

7. പൊതുവിതരണസമ്പ്രദായം കാര്യക്ഷമമാക്കുക, മാവേലിസ്റ്റോറുകൾ, പൊതുവിതരണകേന്ദ്രം എന്നിവയുടെ പ്രവർത്തനം പരിശോധിക്കണം. അവ പുതിയതായി ആവശ്യമുള്ളിടത്ത് ആരംഭിക്കണം.

മററു സംസ്ഥാനങ്ങളിൽനിന്ന് അരികൊണ്ടുവരുന്നതിന് പകരം നെല്ലാണ് കൊണ്ടുവരുന്നതെങ്കിൽ കുറച്ചുകൂടി നല്ല അരിയാക്കി അത് വിതരണം ചെയ്യുന്നതിനും അതുവഴി കുറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കും.

8. നിലവിൽ പോസ്റ്റോഫീസ് സൗകര്യം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ അവയുടെ ബ്രാഞ്ചുകൾ സ്ഥാപിക്കണം. പ്രധാന കവലകളിൽ Post Boxകൾ സ്ഥാപിക്കണം.

9. സമൂഹ വിവാഹങ്ങൾ പഞ്ചായത്തിന്റെയും സന്നദ്ധ സംഘടനകളുടേയും സഹായത്തോടെ നടത്തണം.

10. ജലസമ്പത്ത് സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം.

11. പഞ്ചായത്തിലെ എല്ലാ അപേക്ഷകർക്കും ടെലിഫോൺ കണക്ഷൻ നൽകണം.

12. പെരുമ്പാവൂരിൽ നിന്ന് കോതമംഗലത്തിന് Optical cable line പോകുന്നുണ്ടെങ്കിലും വഴിമദ്ധ്യേയുള്ള ഓടക്കാലി ടെലഫോൺ എക്സ്ചേഞ്ചുമായി ഇതിനെ ബന്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ എടുക്കണം.

# ഊർജ്ജവും ഗതാഗതവും

## ഊർജ്ജം

അശമന്നൂർ പഞ്ചായത്തിലെ മിക്കവാറും പ്രദേശങ്ങളിൽ വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും ഇതുവരെ വൈദ്യുതീകരിക്കാത്ത വീടുകളും ചുരുക്കം കോളനി പ്രദേശങ്ങളും ഉണ്ട്. ഇവിടെ നാലായിരത്തോളം ഉപഭോക്താക്കളാണുള്ളത്. ഒരു സെക്ഷൻ ഓഫീസിനു കീഴിൽ വരുന്നതിലേറെ ഉപഭോക്താക്കളുണ്ടെങ്കിലും വൈദ്യുതി ബോർഡിന്റെ ഒററ ഓഫീസുപോലും ഈ പഞ്ചായത്തിലില്ല. ഇവിടെ മുടിക്കൽ, കോതമംഗലം എന്നീ രണ്ട് ഫീഡറുകളിൽ നിന്നാണ് വൈദ്യുതി ലഭിക്കുന്നത്. കുറുപ്പംപടി മേജർ സെക്ഷൻ ഓഫീസിന് കീഴിലുള്ള ഈ പ്രദേശത്ത് ആകെ 16 ട്രാൻസ്ഫോമറുകൾ ഉണ്ടെങ്കിലും വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. വൈദ്യുതി ഉപഭോഗം ഈ പഞ്ചായത്തിൽ 90 ശതമാനവും ഗാർഹിക ആവശ്യത്തിനും 10 ശതമാനം കാർഷിക-വ്യാവസായിക ഇതര ആവശ്യത്തിനും വിനിയോഗിക്കുന്നു

അശാസ്ത്രീയമായ വൈദ്യുതി വിതരണ സമ്പ്രദായം (ലൈൻ വലിക്കുന്നതിലും ഒരേ ലൈനിൽ നിന്ന് നിരവധി കണക്ഷനുകൾ കൊടുക്കുന്നതുമൂലം) വോൾട്ടേജ് ക്ഷാമവും പ്രസരണ നഷ്ടവും ഉണ്ടാകുന്നു. പല സ്ഥലങ്ങളിലും മീററുകൾ കാലങ്ങളായി പ്രവർത്തിക്കുന്നില്ല. മിക്കവാറും ഗ്രാമസഭകളിൽ നിന്നും വോൾട്ടേജ് ക്ഷാമത്തിന് പരിഹാരമെന്ന നിലയിൽ പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായത്തിലാകെ 68 ട്യൂബുകളും 378 ബൾബുകളും, സ്ട്രീററ് ലൈററായി ഉണ്ടെന്നാണ് ഔദ്യോഗിക കണക്കുകൾ. എന്നാൽ നിലവിൽ ഇവ പല സ്ഥലങ്ങളിലും ഇല്ല.

അററകുററപ്പണികൾ നടത്തുന്നതിൽ വൈദ്യുതി ബോർഡിന്റെ അനാസ്ഥയും, ലൈനുകളുടെ സമീപം റബ്ബർ തുടങ്ങിയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നത് തടയാൻ കഴിയാത്തതുമൂലം കമ്പുകൾ ഒടിഞ്ഞുവീണും ചിലപ്പോൾ മുട്ടിയും കേടുപാടുകളും അപകടങ്ങളും പ്രസരണ നഷ്ടവും ഉണ്ടാകുന്നു. K S E B രജിസ്റ്ററിൽ ഉള്ളതിനേക്കാൾ ഏറെ വൈദ്യുതി ഇവിടെ ഉപയോഗിക്കുന്നുണ്ട്. അത് കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ ഫലപ്രദമായി നടപ്പിലില്ല.

## നിർദ്ദേശങ്ങളും പരിഹാരങ്ങളും

1. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ, K S E B യുടെ പരിഗണനയിലുള്ള സബ് സ്റേറഷൻ ഓടക്കാലിയിൽ എത്രയും വേഗം സ്ഥാപിക്കുക. അനുയോജ്യമായ സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിച്ച് വീടുകളിലെ വോൾട്ടേജ്ക്ഷാമം പരിഹരിക്കണം.

2. വൈദ്യുതി എത്താത്ത പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ വീടുകളിൽ വൈദ്യുതി എത്തിക്കാനാവശ്യമായ നടപടി എടുക്കണം

3. പ്രേക്ഷണ-പ്രസരണ നഷ്ടം പ്രാധാന്യം കൊടുത്ത് പരിഹരിക്കേണ്ട ഒന്നാണ്. അതിനു വേണ്ടി നിലവിലുള്ള ലൈനുകൾ മെയിൻറനൻസ് നടത്തുകയും മരച്ചില്ലകൾ വെട്ടി മാററുകയും ചെയ്യണം. അതിനുത്തരവാദിതപ്പെട്ട ഉദ്യോഗസ്ഥൻ അതു കൃത്യമായി നടത്താത്തതുകൊണ്ട് പ്രായോഗികമായി ചെയ്യുന്നതിന് ഗുണഭോക്താക്കളുടെ അയൽക്കൂട്ടം രൂപീകരിച്ച് ഏരിയ തിരിച്ച് ഏല്പിക്കേണ്ടതാണ്.

4. പഞ്ചായത്തിലെ വഴിവിളക്കുകൾ പ്രകാശിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുകയും. കേടുവരുന്നവകാലാകാലങ്ങളിൽ മാററിസ്ഥാപിക്കുകയും പുതിയ വഴിവിളക്കുകൾ ആവശ്യമുള്ളിടത്ത് സ്ഥാപിസ്സുകയും വേണം. പ്രധാനകവലകളിൽ മെർക്കുറിലാമ്പ് സ്ഥാപിച്ചാൽനന്നായിരിക്കും.

5. പഞ്ചായത്തതിത്തിക്കുള്ളിലെ തെരുവു വിളക്കുകളുടെ ചുമതല പഞ്ചായത്തിനെ ഏല്പിച്ചാൽ കുറെയേറെ ബൾബുകളും ട്യൂബുകളും ജനപങ്കാളിത്തത്തോടെ സംഭാവനയായി ലഭിക്കുവാൻ സാദ്ധ്യതയുണ്ട്.

6. വൈദ്യുതി ബോർഡിന്റെ ഒരു സെക്ഷൻ ഓഫീസ് പഞ്ചായത്തിൽ സ്ഥാപിക്കണം.

ഈ പഞ്ചായത്തിലെ അധികം കുടുംബങ്ങളിലും വിറകാണ് ഇന്ധനമായി പാചകത്തിനുപയോഗിക്കുന്നത്. മണ്ണെണ്ണയും പാചകവാതകവും ചുരുക്കം വീടുകളിൽ ഉപയോഗിക്കുന്നുണ്ട്. ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ ഈ പഞ്ചായത്തിലെഭവനങ്ങളിൽ ഉണ്ട്. വളരെ ചുരുക്കം വീടുകളിൽ ഇത്തരം പ്ലാൻറുകൾ നിർമ്മിച്ചിട്ടുണ്ട്. അതുപോലെ തന്നെ പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിച്ചാൽ ധാരാളം ഇന്ധനം ലാഭിക്കാനും ആരോഗ്യം സംരക്ഷിക്കാനും സാധിക്കും. അതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ സന്നദ്ധ സംഘടനകളുടേയും പഞ്ചായത്തിന്റേയും കൂട്ടായ പരിശ്രമത്തിൽ നടത്തുകയും വേണം.

★

## ഗതാഗതം

അശമന്നൂർ പഞ്ചായത്തിൽ ഗതാഗതത്തിനായി റോഡുകൾ മാത്രമാണ് ആശ്രയം. കുന്നുംചെരിവുകളും സമതലങ്ങളും ആയുള്ള പഞ്ചായത്തിലെ 80% സ്ഥല ങ്ങളിലേക്കും റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ സഞ്ചാരയോഗ്യമായ റോഡുകൾ ആവശ്യത്തിന്റെ പകുതി വരില്ല. സ്റ്റേററ് ഹൈവേയായ ആലുവ–മൂന്നാർ റോഡ് ഏകദേശം നാലു കിലോമീററർ ദൂരം ഈ പഞ്ചായത്തിനെ രണ്ടായി പകുത്തുകൊണ്ട് കടന്നുപോകുന്നു. ഇതുകൂടാതെ P W D റോഡുകളായി മൂവാററുപുഴ പാണിയേലി–9 കി. മീ., ഓടക്കാലി കല്ലിൽ–6 കി. മീ., പുല്ലുവഴി കല്ലിൽ–3കി. മീ., ഓടക്കാലി ക്രാരിയേലി–3 കി. മീ., ഓടക്കാലി–നാഗഞ്ചേരി–2 കി. മീ. എന്നിവയും ടാർ ചെയ്ത പഞ്ചായത്തുറോഡുകളായി 26 കി. മീററും ടാറു ചെയ്യാത്തയിനമായി 98 കി. മീററർ ദൈർഘ്യവും വരുന്നവയാണ് നമ്മുടെ പഞ്ചായത്തിൽ നിലവി ലുള്ള റോഡു ഗതാഗത സൗകര്യങ്ങൾ. ഇവയിലധി കവും ഇന്ന് സഞ്ചാരയോഗ്യമല്ലാത്ത അവസ്ഥയി ലാണ്. കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ 25 ലക്ഷ ത്തിൽപ്പരം രൂപ ഈ റോഡുകളുടെ ടാറിംഗിനും അററ കുററപ്പണികൾക്കുമായി ചെലവഴിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിലെ ഭൂപ്രകൃതിയുടെ പ്രത്യേകത കൊണ്ട് റോഡുകളുടെ നിർമ്മാണം വളരെ ചെലവേറി യതാണ്. കൂടാതെ റോഡുകളിൽ കാനകളുടെ അഭാ വവും വീതികുറവും മൂലം ടാർചെയ്ത റോഡുകൾ വളരെ പെട്ടെന്ന് സഞ്ചാരയോഗ്യമല്ലാതായി തീരുന്നു.

ഈ പഞ്ചായത്തിൽ ആകെ മൂന്ന് വെയിററിംഗ് ഷെഡ്ഡുമാത്രമാണുള്ളത്. പഞ്ചായത്തിന്റെ ആസ്ഥാനമായ ഓടക്കാലിയിലാണ് വിവിധ സ്ഥാപനങ്ങളായ സർക്കാർ ഓഫീസുകൾ, ആശുപത്രി കൾ, ബാങ്കുകൾ എന്നിവ പ്രവർത്തിയ്ക്കുന്നത്. എന്നാൽപഞ്ചായത്തിന്റെ തെക്കെ അററത്തുള്ളമേതല യിൽനിന്നും വടക്ക് അശമന്നൂർ, പയ്യാൽ എന്നിവിട ങ്ങളിൽ നിന്നും ഓടക്കാലിയിൽ എത്തിച്ചേരുന്ന തിനു് വേണ്ടത്ര വാഹനസൗകര്യങ്ങൾ ഇല്ല. നില വിലുള്ള P W D റോഡുകളുടെ അററകുററ പണികൾ ഡിപ്പാർട്ട്മെൻറ് തന്നെ നടത്തുന്നുണ്ട്. എന്നാൽ ജീവനക്കാരുടെ ശമ്പളംപോലും കൊടുക്കാൻ പററാത്ത ഈ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ കാലാകാലങ്ങളിൽ അററകുററപണികൾ നടത്താനും ടാറിംഗ് നടത്താനും കഴിയാറില്ല.

ഗതാഗതരംഗത്ത് അശമന്നൂർ പഞ്ചായത്തിന്റെ ഏററവും വലിയ പ്രശ്നം ഭൂരിഭാഗം പ്രദേശത്തുകൂടിയും ആവശ്യാനുസരണം ബസ്സ്സർവ്വീസുകൾ ഇല്ല എന്ന താണ്. യാത്രക്കാർക്ക് മിക്കവാറും ഓട്ടോ റിക്ഷയെ ആശ്രയിക്കേണ്ടിവരുന്നു. തന്മൂലം ഒരാൾക്ക് 3 കി. മീററിന് 1.25 രൂപ ചെലവാകുന്ന സ്ഥാനത്ത് (പരമാവധി 3 പേർക്ക് 3.75) 15 രൂപ ചെലവ് വരുന്നു.

ഇത് സംബന്ധിച്ച പഠനറിപ്പോർട്ട് താഴെ ചേർക്കുന്നു

| | |
|---|---|
| അശമന്നൂർ പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിലായിഓടുന്ന ഓട്ടോ റിക്ഷ കളുടെ എണ്ണം | 80 |
| ശരാശരി ഒരു വണ്ടിക്ക് ഒരു ദിവ സത്തെ കളക്ഷൻ | 300 രൂപ |
| എല്ലാ വാഹനങ്ങൾക്കും കൂടിയുള്ള ആകെ കളക്ഷൻ | 24000 രൂപ |
| തന്മൂലം പരമാവധി തൊഴിൽ ലഭി ക്കുന്ന ആളുകളുടെ എണ്ണവും കൂലിയും | 8000 രൂപ (80×100) |

ഈ ഇനത്തിൽ ഒരു ദിവസം 16000 രൂപയും (24000–8000) പ്രതിവർഷം 5840000രൂപയും പൊതു ജനങ്ങളിൽ നിന്നും ചോർന്നുപോകുന്നു.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ ബസ്സ് സർവ്വീസുകളുള്ള റോഡു കളുടെ എല്ലാ കവലകളിലും വെയിററിംഗ് ഷെ ഡ്ഡുകൾ സ്ഥാപിക്കണം.
2. നെൽകൃഷിയും മററും നഷ്ടത്തിലായിരിക്കുന്ന ഈ അവസ്ഥയിൽ കൃഷി ഇറക്കുന്നതിനും വിള വെടുപ്പ് നടത്തുന്നതിനും ഉള്ളസൗകര്യാർത്ഥം ഫാം റോഡുകൾ നിർമ്മിക്കണം.
3. ഒരു സഹകരണ പ്രസ്ഥാനത്തിന്റെ കീഴിൽ മിനി ബസ്സുകൾ വാങ്ങി അശമന്നൂർ പഞ്ചായ ത്തിന്റെ എല്ലാ ഭാഗത്തും കൂടി സർക്കുലർ സർവ്വീസ് നടത്തിയാൽ പ്രതിവർഷം വലിയ ഒരു തുക ലാഭിക്കാവുന്നതും അത് മററ് ഉല്പാദന പ്രക്രിയകളിൽ പ്രതിഫലിപ്പിക്കാവുന്നതുമാണ് മാത്രമല്ല ഔദ്യോഗിക ആവശ്യങ്ങൾക്കും മററു മായി വിവിധ ഭാഗങ്ങളിൽനിന്നും ഓടക്കാലി യിൽ എത്തിച്ചേരുന്നതിനുള്ള ബുദ്ധിമുട്ട് ഒഴി വാക്കുന്നതോടൊപ്പം ഓടക്കാലിയെ ക്രമേണ ഒരു വലിയ ടൗണായി വികസിപ്പിക്കുന്നതിനും സാധിക്കും.

| 4 | കലുങ്കുകൾ, പാലങ്ങൾ, ഓടകൾ വിവിധ വാർഡുതല ആവശ്യങ്ങൾ | | |
|---|---|---|---|
| വാർഡ് | കലങ്കുകൾ | പാലങ്ങൾ | ഓടകൾ |
| I | പുല്ലുവഴി - കല്ലിൽ ടെമ്പിൾ വെള്ളാറക്ക് സമീപം | | |
| II | അംബേദ്കർ കണ്ണാടിക്കോട് റോഡിലും, അംബേദ്കർ മനേക്കുടി റോഡിലും മുട്ടത്തുമുകൾ പുള്ളിക്കപ്പടി റോഡിലും കലുങ്കുകൾ നിർമ്മിക്കുക | | പാണേലി മൂവാറ്റുപുഴ റോഡിൽ മേതലഭാഗത്ത് ഓട നിർമ്മിക്കുക. |
| III | ഓടക്കാലി ഏക്കുന്നം റോഡിൽ കലുങ്ക് നിർമ്മിക്കുക | | ആലുവ മൂന്നാർ റോഡിൽ മുടക്കരായി മുതൽ ആലുംചുവടു വരെ ഓടകൾ ഇല്ലാത്തിടത്ത് ഓടകൾ നിർമ്മിക്കുകയും നിലവിലുള്ളത് അറ്റകുറ്റപ്പണി നടത്തുകയും വേണം. |
| IV | | | തലപ്പുഞ്ച ചെറുകുന്നം റോഡിൽ ഓടകൾ നിർമ്മിക്കുക |
| V | പി. ഡബ്ല്യു. ഡി. റോഡിൽ കലുങ്കുകൾ നിർമ്മിക്കുക | | |
| VI | | നുലേലി പനിച്ചയം റോഡിലുള്ള പാലം വീതികൂട്ടണം | ഓടക്കാലി നാഗഞ്ചേരി റോഡിൽ ഓടകൾ നിർമ്മിക്കുക |
| VII | | | ഓടക്കാലി മേക്കപ്പാല റോഡിൽ കലുങ്കുകൾ നിർമ്മിക്കുക |
| VIII | വഴിപ്പുഴ നെടുങ്ങപ്ര റോഡിൽ നാലു കലുങ്കുകൾ | | ഓടക്കാലി നെടുങ്ങപ്ര റോഡിൽ കലുങ്കുകൾ നിർമ്മിക്കുക |
| IX | പയ്യാൽ കോട്ടപ്പടി റോഡിൽ കലുങ്ക് നിർമ്മിക്കുക | പയ്യാൽ തോടിനു കുറുകേയുള്ള പാലം പുനർനിർമ്മിക്കണം. | |

| 5A | റോഡുകളെ സംബന്ധിച്ച് ഗ്രാമസഭകളിൽ നിന്നുള്ള ആവശ്യങ്ങളും നിർദ്ദേശങ്ങളും പുതുതായി നിർമ്മിക്കേണ്ട റോഡുകൾ | |
|---|---|---|
| വാർഡ് | ക്ര. ന: | റോഡിന്റെ പേര് |
| I | 1. | കല്ലിൽ ക്ഷേത്രം - കല്ലിൽ സെറ്റിൽമെന്റ് കോളനി റോഡ് |
| | 2. | മേതല ടണൽ - ചൊള്ളാപ്പടി റോഡ് |
| | 3. | മുട്ടത്തുമുകൾ - വായ്ക്കര കോട്ടേലപ്പടി റോഡ് |
| | 4. | കല്ലിൽ - നിരവത്ത് റോഡ്, പാണിയേലി - മൂവാറ്റുപുഴ റോഡുമായി ബന്ധിപ്പിക്കുക. |
| | 5. | മുട്ടത്തുമുകൾ - തൃക്ക റോഡ് ഹൈലവൽ കനാൽ റോഡിലേക്ക് ബന്ധിപ്പിക്കുക |
| | 6. | കല്ലിൽ ക്ഷേത്രം - ത്രിവേണി (തണ്ടായത്തുപടി) |
| | 7. | കാരുകുഴിച്ചാൽ - 606 കോളനി തൊണ്ട് വീതികൂട്ടി നിർമ്മിക്കണം |
| | 8. | കല്ലിൽ സ്ക്കൂൾ - കനാൽ ബണ്ട് റോഡ് |

| | | |
|---|---|---|
| II | 1. | മനേക്കുടിപ്പടി - അംബേദ്ക്കർ റോഡ് |
| | 2. | ചാലിപ്പാറ - പുത്തൻകാവ് - മണിക്കുന്നംമോളം റോഡ് |
| III | 1. | ഉദയാക്കവല - പള്ളിപ്പടി റോഡ് |
| | 2. | പൂതക്കുഴി - നമ്പേലി റോഡ് |
| | 3. | ഉദയ - ഏക്കുന്നം - കുറ്റിലിഞ്ഞി റോഡ് |
| IV | 1. | വായ്ക്കര - ചെറുകുന്നം - കുറ്റിക്കാട് പറമ്പ് റോഡ് പുന്നയം റോഡുമായി ബന്ധിക്കുക |
| | 2. | ആറടിപ്പാടം - ചെറുകുന്നം - പുന്നയം റോഡ് |
| | 3. | ചെറുകുന്നം - കമ്പനിപ്പടി - വെള്ളാമത്തുകുടി പാടശ്ശേഖര റോഡ് പുന്നയം മുടിക്കരായി റോഡുമായി ബന്ധിക്കണം |
| | 4. | കുരിക്കാൻപാറ - പൂമല റോഡ് |
| V | 1. | പുന്നയം - മുടിക്കരായി റോഡ് |
| | 2. | പുന്നയം - കനാൽ - കളമ്പാടം റോഡ് |
| | 3. | പുന്നയം - കനാൽ ബണ്ട് - നെടുങ്ങപ്ര റോഡ് |
| | 4. | പുന്നയം - കനാൽ ബണ്ട് - കുറ്റിക്കാട് പറമ്പ് റോഡ് |
| | 5. | പുന്നയം - ബാലവാടി - പുന്നയം കാവ് റോഡ് |
| | 6. | പുന്നയം - അമ്പലംപടി - മുടിക്കരായി റോഡ് |
| | 7. | ചപ്പക്കോട് - തുരുത്തി റോഡ് |
| | 8. | പുന്നയം - തെക്കേപ്പാടം റോഡ് |
| | 9. | കുറ്റിക്കാട്ട് പറമ്പ് - ചെറുകുന്നം അമ്പലം റോഡ് |
| | 10. | പറമ്പി വീട് - ഇലഞ്ഞിക്കോട് റോഡ് |
| VI | 1. | നമ്പ്യാർചിറങ്ങര - നൂലേലി മുസ്ലീം പള്ളി റോഡ് |
| VII | 1. | പനിച്ചയം - പാണാമ്പുറം റോഡ് |
| | 2. | വൈദ്യൻപടി - കാവ് റോഡ് |
| | 3. | പള്ളിപ്പടി - ഓടക്കാലി - പനിച്ചയം റോഡ് |
| | 4. | നൂലേലി - പള്ളിപ്പടി - പനിച്ചയം അമ്പലം പാടം റോഡ് |
| VIII | 1. | ഞണ്ടാടി - വടചിറ ഫാം റോഡ് |
| | 2. | അശമന്നൂർ - വടചിറ റോഡ് |
| IX | 1. | പയ്യാൽ - പേപ്പതി - പനിച്ചയം കാവ് റോഡ് |
| | 2. | വഴിപ്പുഴ - മുണ്ടുപാലം റോഡ് |

## 5B നന്നാക്കേണ്ട റോഡുകൾ

| വാർഡ് | ക്ര. ന : | റോഡിന്റെ പേര് |
|---|---|---|
| I | 1. | കല്ലിൽ - തൃക്ക റോഡ് |
| | 2. | കല്ലിൽ - കൂരാലി റോഡ് |
| | 3. | കാരുകുഴിച്ചാൽ - കോളനി റോഡ് |
| | 4. | കല്ലിൽ സ്ക്കൂൾ - നെല്ലിപ്പറമ്പ് റോഡ് |
| | 5. | വായനശാല - നെല്ലിപ്പറമ്പ് റോഡ് |
| II | 1. | മേതല - ചക്കൻചിറ റോഡ് (റീ ടാറിംഗ്) |
| | 2. | അംബദ്കർ - ത്രിവേണി റോഡ് |
| | 3. | അംബദ്കർ - പള്ളിപ്പടി റോഡ് (പൂർത്തീകരണം) |
| | 4. | വണ്ടമറ്റം - കാനാകുളം റോഡ് |
| | 5. | മേതല - കാനാകുളം റോഡ് |
| | 6. | മേതല - കുറ്റിലഞ്ഞി റോഡ് |
| | 7. | പായിപ്ര - കല്ലിൽ റോഡ് |
| | 8. | അംബദ്കർ - കണ്ണാടിക്കോട് റോഡ് |
| | 9. | പായിപ്ര കനാൽ - ബണ്ട് ചക്കൻചിറ റോഡ് |
| | 10. | പായിപ്ര ബ്രാഞ്ച് കനാൽ ബണ്ട് വീതികൂട്ടുക |
| | 11. | മുട്ടത്തുമുകൾ - പുളിക്കപ്പടി (പുത്തൻകാവ് റോഡ്) |
| III | 1. | കോട്ടച്ചിറ - മുട്ടത്തുമുകൾ റോഡ് (റീ ടാറിംഗ്) |
| | 2. | മുട്ടത്തുമകൾ റോഡ് - ഉദയ റോഡ് |
| | 3. | ഏക്കുന്നം - ഉദയ റോഡ് |
| | 4. | നമ്പേലി കോളനി റോഡ് |
| | 5. | ഓടക്കാലി - ഏക്കുന്നംറോഡ് (റീ ടാറിംഗ്) |
| | 6. | പുത്തയത്തുകുടി - ഏക്കുന്നം റോഡ് |
| | 7. | പരത്തുവയൽപടി - ഏക്കുന്നം റോഡ് |
| | 8. | തലപ്പുഞ്ച - ഗവേഷണ കേന്ദ്രം റോഡ് |
| | 9. | എടത്തിക്കാവ് കോളനി റോഡ് |
| IV | 1. | കരീക്കൻപാറ - വായ്ക്കര റോഡ് |
| | 2. | പൂമല - ചെറുകുന്നം റോഡ് |
| | 3. | തലപ്പുഞ്ച - ചെറുകുന്നം റോഡ് |
| | 4. | കുറ്റിക്കാട്ട് - വായ്ക്കര റോഡ് |
| | 5. | ചെറുകുന്നം - പൊന്നിടായി റോഡ് |
| | 6. | ചെറുകുന്നം - വായ്ക്കര റോഡ് |
| | 7. | മേതല - തലപ്പുഞ്ച റോഡ് (റീ ടാറിംഗ്) |
| | | **സ്റ്റെപ്പ് നിർമ്മിക്കേണ്ടവ** |
| | 1. | ചെറുകുന്നം - വാട്ടർടാങ്ക് (കോളനി) |
| | 2. | കളമ്പാടം തൊണ്ട് - ബ്രദറൻ ഹാൾ |
| | 3. | ബ്രദറൻ ഹാൾ - എ. എം. റോഡ് |
| V | 1. | പുന്നയം - അശമന്നൂർ റോഡ് |
| | 2. | പുന്നയം - ലക്ഷം വീട് കോളനി മാലിൽ റോഡ് |
| | 3. | പുന്നയം - വട്ടച്ചാൽ റോഡ് |
| | 4. | പുന്നയം കനാൽ ബണ്ട് റോഡ് |
| | 5. | പുന്നയം - തുരുത്തി റോഡ് |
| | 6. | പൂമല - പുന്നയം - വേങ്ങൂർ റോഡ് (റീ ടാറിംഗ്) |
| VI | 1. | നൂലേലി - ഏക്കുന്നം റോഡ് |
| | 2. | നൂലേലി - അശമന്നൂർ റോഡ് |
| | 3. | അശമന്നൂർ - നൂലേലി - പള്ളിപ്പടി റോഡ് |
| | 4. | നൂലേലി - പനിച്ചയം - പള്ളിപ്പടി റോഡ് (റീ ടാറിംഗ്) |
| | 5. | നൂലേലി - ലക്ഷം വീട് കോളനി റോഡ് |
| | 6. | ഓടക്കാലി എച്ച്. എസ്. - നൂലേലി മദ്രസപ്പടി റോഡ് |
| | 7. | ഓടക്കാലി - വേങ്ങൂർ റോഡ് |
| | 8. | നൂലേലി - അമ്പല്പടി റോഡ് |
| | 9. | കഴുവേറ്റുംമോളം - നൂലേലി - അമ്പലപ്പടി റോഡ് |
| VII | 1. | പനിച്ചയം - കാവ് - കോട്ടപ്പടി റോഡ് |
| | 2. | പനിച്ചയം - കോട്ടപ്പടി റോഡ് |
| | 3. | പനിച്ചയം - കോളശ്ശേരി റോഡ് |
| | 4. | പനിച്ചയം - കാവ് കനാൽബണ്ട് റോഡ് |
| | 5. | പുളിയാപിള്ളി - കോളനി എടുപ്പാട്ടുപടി റോഡ് |
| | 6. | പനിച്ചയം - സൺഡേസ്ക്കൂൾ ചെങ്ങയം റോഡ് |
| | 7. | പനിച്ചയം - പാണമ്പുറം റോഡ് |
| VIII | 1. | ഓടക്കാലി - നെടുങ്ങപ്ര റോഡ് (റീ ടാറിംഗ്) |
| | 2. | അശമന്നൂർ - തുരുത്തി റോഡ് |
| | 3. | അശമന്നൂർ - മന്നപ്പാടം റോഡ് |
| | 4. | അശമന്നൂർ ടെമ്പിൾ - കാപ്രമോളം കോളനി റോഡ് |
| | 5. | ലത്തീൻ ചർച്ച് - കല്ലുമറ്റം റോഡ് |
| | 6. | അശമന്നൂർ - വടചിറ നടുങ്ങപ്ര ചെങ്കോൽ റോഡ് |
| | 7. | പുളിയാമ്പിള്ളി - അശമന്നൂർ ടെമ്പിൾ റോഡ് |
| | 8. | കഴുവേറ്റമോളം - കനാൽ - അശമന്നൂർ നോർത്ത് റോഡ് |
| | 9. | പുളിയാമ്പിള്ളി - കോളനി റോഡ് |
| IX | 1. | പയ്യാൽ - കോട്ടപ്പടി റോഡ് |
| | 2. | അശമന്നൂർ - പയ്യാൽ - പാട്ടാംകണ്ടം കോളനി റോഡ് |
| | 3. | പയ്യാൽ - കുറ്റിക്കുഴി - കോളനി റോഡ് |

പി. വി. ഐ. പി. കനാൽ ബണ്ട് റോഡുകളിലെ പാലങ്ങളുടെ അറ്റകുറ്റ പണികൾ കാലാകാലങ്ങളിൽ നടത്തുക.

## മാർക്കറ്റ്

പഞ്ചായത്തിന്റെ കേന്ദ്രമായ ഓടക്കാലിയിൽ പണ്ട് ഒരു മാർക്കറ്റ് ആരംഭിച്ചിരുന്നുവെങ്കിലും ഇന്ന് പഞ്ചായത്തിൽ നിലവിൽ മാർക്കറ്റുകളൊന്നുമില്ല. പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങളും മറ്റ് കാർഷികേതര ഉത്പന്നങ്ങളും വിപണനം നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതുമൂലം ഇടനിലക്കാരുടെ ചൂഷണത്തിന് ഇവിടുത്തെ കർഷകർ വിധേയരാകുന്നു. അതുപോലെ തന്നെ മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് ഉത്പന്നങ്ങൾ വിവിധ പട്ടണങ്ങളിലേക്ക് കൊണ്ടുപോയി വിപണനം നടത്തുന്നതിന് ബുദ്ധിമുട്ടുള്ളതുമാണ്. നിലവിൽ പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലവും ഓട്ടോറിക്ഷാ സ്റ്റാന്റും ചേർത്ത് ഒരു മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാവുന്നതാണ്.

## സംസ്കാരം

അശമന്നൂർ പഞ്ചായത്ത് ഒരു കാലത്ത് ജൈനമത വിശ്വാസികളുടെ ആവാസകേന്ദ്രമായിരുന്നു. അവരുടെ സംസ്കാരങ്ങളും പാരമ്പര്യങ്ങളും ഈ പ്രദേശത്തെ സാംസ്കാരിക പാരമ്പര്യത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നതിനും വ്യക്തമായ തെളിവുകളുണ്ട്. പഞ്ചായത്തിന്റെ തെക്കെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന കുന്നിൻമുകളിലെ ശിലാസമുച്ചയങ്ങളും അവിടത്തെ ഗുഹാക്ഷേത്രവും കൊത്തുപണികളും ആ വസ്തുതയ്ക്കു ആധികാരികത നൽകുന്നു.

ജന്മിത്വത്തിന്റെ കൈപ്പേറിയ അനുഭവങ്ങൾ ഏറെ അനുഭവിച്ചവരാണ് ഈ പ്രദേശത്തെ പഴമാക്കാർ എങ്കിലും അവർ അക്ഷരാഭ്യാസമുള്ളവരും ഉന്നത വീക്ഷണമുള്ളവരും ആയിരുന്നു. വളരെ പഴയ കാലം മുതൽ തന്നെ ഹിന്ദു മസ്ലീം ക്രിസ്ത്യൻ സമുദായങ്ങൾ വളരെ സഹവർത്തിത്തത്തോടെ ജീവിച്ചു വന്നിരുന്നു. അത് ഇപ്പോഴും അങ്ങനെതന്നെ തുടരുന്നു.

പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 8 ഗ്രന്ഥശാലകളും 12 ആർട്ട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളും ഉണ്ട്. അവയിൽ ആർട്ട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ മിക്കതും തന്നെ നിർജ്ജീവാവസ്ഥയിലാണ്. കുന്നത്തുനാട് താലൂക്കിലെ രണ്ടാമത്തേതും ഈ പഞ്ചായത്തിലെ ഒരു എ ഗ്രേഡ് വായനശാലയുമാണ്. 1951 സ്ഥാപിച്ച കല്ലിൽ ദേവിവിലാസം വായനശാല ഇന്ന് അത് കല്ലിൽ വായന ശാല എന്ന പേരിൽ അറിയപ്പെടുന്നു. 1954ൽ ഗ്രാമോദ്ധാരണ വായനശാല & റീഡിംഗ് ക്ലബ്ബ് എന്ന നാമത്തിൽ ആരംഭിച്ച സ്ഥാപനമാണ് ഇന്നത്തെ അശമന്നൂർ പഞ്ചായത്ത് പബ്ലിക് ലൈബ്രറി.

കേരളത്തിന്റെ തനതായ ശാസ്ത്രീയ കലാരൂപമായ കഥകളിയുടെ ആചാര്യനും അക്ഷരശ്ലോകവിദഗ്ദ്ധനും സംസ്കൃതപണ്ഡിതനും ജ്യോതിഷ പണ്ഡിതനുമായ ശ്രീ ചന്ദ്രമന ശ്രീധരൻ നമ്പൂതിരിയും കഥകളി വേഷത്തിന് 1994 ലെ കേരള സംഗീത നാടക അക്കാഡമിയുടെ അവാർഡിന് അർഹനായ ദർപ്പണഗോവിന്ദൻ നമ്പൂതിരിയും ദേശീയതലത്തിൽ ശാസ്ത്രീയസംഗീതത്തിൽ അറിയപ്പെടുന്ന യുവ സംഗീതജ്ഞനായ ശ്രീ എം.കെ ശങ്കരൻനമ്പൂതിരിയും ഈ പഞ്ചായത്തിലെ പുന്നയം നിവാസികളാണ്.

വർഷങ്ങളായി കേരളോത്സവം എന്ന പേരിൽ പഞ്ചായത്തിലെ യുവജനങ്ങളെ ഉദ്ദേശിച്ച് കലാ കായികമേളകൾ സംഘടിപ്പിക്കാറുണ്ടെങ്കിലും അതൊന്നും ആദ്യവർഷങ്ങളിൽ ഒഴികെ ഉദ്ദേശിച്ച ജനപങ്കാളിത്തമോ ഉയർന്ന നിലവാരമോ പുലർത്താറില്ല, നിരവധി ക്ലബ്ബുകളും ഗ്രന്ഥശാലകളും ഓണം, ക്രിസ്തുമസ് തുടങ്ങിയ ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കാറുള്ള മത്സരങ്ങളിലും കലാപരിപാടികളിലുമായി നമ്മുടെ സാംസ്കാരിക രംഗം ശുഷ്ക്കിച്ചിരിക്കുന്നു.

നാടൻ കലകളായ തിരവാതിരകളി, ശാസ്താംപാട്ട് വിവിധതരം തുള്ളലുകൾ കോൽകളി, പരിചമുട്ടുകളി, ഒപ്പന, അരവണമുട്ട് എന്നിവ ഈ പഞ്ചായത്തിൽ പ്രചരിച്ചിരുന്നു.

എന്നാൽ ഇന്ന് അവയിൽ പലതും അപ്രത്യക്ഷമായി. സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിന്റെ ഭാഗമായി നടന്ന പ്രവർത്തനങ്ങളിൽ ഈ പഞ്ചായത്തിലെ എല്ലാവാർഡുകളിലുമുള്ള ജനങ്ങൾ ആത്മാർത്ഥമായി സഹകരിച്ചു.

### മറ്റു പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഗ്രന്ഥശാലകളോ സാംസ്കാരിക സ്ഥാപനങ്ങളോ ഇല്ല എന്ന് മാത്രമല്ല ഉള്ളതുതന്നെ എല്ലാവരും പ്രയോജനപ്പെടുത്തുന്നുമില്ല.
2. ഉള്ള ഗ്രന്ഥശാലകളിൽ തന്നെ അവശ്യം വേണ്ട ഉപകരണങ്ങളോ മറ്റു അടിസ്ഥാനസൗകര്യങ്ങളോ ഇല്ല.
3. കലാകായിക രംഗത്തു നിലനിന്നിരുന്ന പ്രാചീന നാടൻ കലാരൂപങ്ങൾ ഇന്ന് വിസ്മൃതിയിലാണ്
4. സാമ്പത്തിക പരാധീനതമൂലം പഠിക്കാനും ഉള്ള കലാഭിരുചികൾ വളർത്തുന്നതിനും കഴിയാത്ത ധാരാളം പ്രതിഭകൾ നമ്മുടെ ചുറ്റിലുമുണ്ട്.
5. കായികരംഗമെടുത്താൽ ഒരു പൊതു കളിസ്ഥലത്തിന്റെ

അഭാവം വലിയോരു പ്രശ്നം തന്നെയാണ്.

6. T.V തുടങ്ങിയ ഇലക്ട്രോണിക് മാദ്ധ്യമാങ്ങളുടെ അതിപ്രസരംമൂലം ജനങ്ങൾക്ക് ഗ്രന്ഥശാലകളും സാംസ്കാരിക സ്ഥാപനങ്ങളുമായുള്ള ബന്ധം കുറഞ്ഞുവരുന്നു.

### പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. പഞ്ചായത്തിൽ നിലവിൽ ഗ്രന്ഥശാലകളോ സാംസ്കാരികസ്ഥാപനങ്ങളോ ഇല്ലാത്ത വാർഡുകളിൽ തദ്ദേശവാസികളുടേയും പഞ്ചായത്തിന്റെയും കൂട്ടായ ശ്രമത്താൽ അത്തരം സ്ഥാപനങ്ങൾ ഉണ്ടാക്കണം.
2. നിലവിലുള്ള ഗ്രന്ഥശാലകളുടെ അടിസ്ഥാന സൗകര്യങ്ങളും നിലവാരവും ഉയർത്തി കൂടുതൽ ആളുകളെ ഗ്രന്ഥശാലകളുമായി ബന്ധപ്പെടുത്തണം.
3. സ്ത്രീകളിൽ വായനശീലം വളർത്തുന്നതിനുവേണ്ടി വീടുവീടാന്തരമുള്ള ഗ്രാമീണ പുസ്തക വിതരണപരിപാടി എല്ലാ വാർഡുകളിലും നടപ്പാക്കുക.
4. പഞ്ചായത്തു തലത്തിൽ സംഘടിപ്പിക്കുന്ന കലാകായിക മത്സരങ്ങൾ വിവിധ വാർഡുകളിലെ സാംസ്കാരിക നിലയങ്ങളുമായി ബന്ധപ്പെടുത്തി ഓരോ വാർഡിലും നടത്തുക.
5. കുന്നത്തുനാട് താലൂക്കിലെ രണ്ടാം സ്ഥാനത്തു നിൽക്കുന്ന കല്ലിൽ ഗ്രന്ഥശാലയെ ഒരു ഇൻഫർമേഷൻസെന്ററും റഫറൻസ് ലൈബ്രറിയുമായി ഉയർത്തുക
6. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ആഡിറ്റോറിയവും ഒരു കമ്മ്യൂണിറ്റിഹാളും നിർമ്മിക്കണം
7. സ്ഥലലഭ്യതയുള്ള വാർഡുകളിൽ ഓരോ കളിസ്ഥലം നിർമ്മിക്കുക
8. പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ആവശ്യത്തിനുവേണ്ട സ്പെഷ്യൽ അദ്ധ്യാപകരെ നിയമിച്ച് കുട്ടികളിലുള്ള കലാകായിക വാസനകളെ പരിപോഷിപ്പിക്കുക.
9. നാടൻ കലാരൂപങ്ങൾ പരിപോഷിപ്പിക്കുന്നതിന് പരിശീലിപ്പിക്കുന്നതിനും ഒരു സ്ഥാപനം പഞ്ചായത്തു കേന്ദ്രീകരിച്ചു തുടങ്ങണം.
10. നിലവിലുള്ള പഞ്ചായത്ത് സാക്ഷരത സമിതിയുടെ മേൽനോട്ടത്തിൽ വാർഡുകൾ തോറും ജനവിദ്യാ കേന്ദ്രങ്ങളും സാക്ഷരതാക്ലാസ്സുകളും ആരംഭിക്കുക.

## വനിത

രാഷ്ട്ര നിർമ്മിതിയിൽ പ്രധാനപങ്കു വഹിക്കേണ്ട വരാണ് സ്ത്രീകൾ എങ്കിലും സ്വാതന്ത്ര്യലബ്ദിക്കുശേഷം 9ാം പദ്ധതിക്ക് തുടക്കം കുറിക്കാൻ പോകുന്ന ഈ അവസരത്തിലും സ്ത്രീകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സാധിച്ചിട്ടില്ല. പഞ്ചായത്ത്രാജ് നിയമം നടപ്പിലാക്കുകവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണ നേതൃത്വത്തിൽ മൂന്നിലൊന്നുഭാഗം സ്ത്രീകൾ വന്നു. എന്നാൽ ഇതൊന്നുകൊണ്ടുമാത്രം സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പരിഹാരമാകുന്നില്ല.

കേരളത്തിൽ സ്ത്രീ പുരുഷ അനുപാതം പരിശോധിക്കുമ്പോൾ സ്ത്രീകളാണ് കൂടുതൽ എന്നുകാണുവാൻ കഴിയും. എന്നാൽ നമ്മുടെ പഞ്ചായത്തിൽ 1991 ലെ സെൻസസ് പ്രകാരം പുരുഷന്മാർ ആണ് കൂടുതൽ. ആകെ ജനസംഖ്യ 16429 അതിൽ സ്ത്രീകൾ 8184 ആണ്. പട്ടികജാതി വിഭാഗത്തിൽ സ്ത്രീകളാണ് കൂടുതൽ. ആകെ 847 സ്ത്രീകൾ. പുരുഷന്മാർ 834. അശമന്നൂർ പഞ്ചായത്തിലെ ആകെ കുടുംബങ്ങളിൽ ഏകദേശം നൂറോളം കുടുംബങ്ങൾ സ്ത്രീകളുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്.

പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ സാക്ഷരതാ നിരക്ക് കുറവാണ്. തങ്ങളുടെ സാമൂഹ്യവും സാമ്പത്തികവു മായ പിന്നോക്കാവസ്ഥയെക്കുറിച്ച് യഥാർത്ഥ്യബോധമില്ലാത്ത വരും സമൂഹം അടിച്ചേൽപ്പിക്കുന്ന വിലക്കുകളും വിവേചന ങ്ങളും അനുഭവിക്കാൻ വിധിക്കപ്പെട്ടവരുമാണ് തങ്ങൾ എന്നുകരുതുന്നവരാണ് അധികവും.

സാമ്പത്തികമായ സ്വയം പര്യാപ്തതയിലൂടെ മാത്രമേ സ്ത്രീയുടെ നില മെച്ചപ്പെടുത്താനാവൂ എന്നിരിക്കെ തൊഴിലുള്ള സ്ത്രീകളുടെ എണ്ണം കുറവാണ്. ഉള്ളവരിൽ തന്നെ കൂടുതൽ പേരും കൂലിപ്പണിക്കാരാണ്. കർഷക തൊഴിലാളികളായിരുന്ന സ്ത്രീകൾ മിക്കവാറും ആ മേഖല വിട്ട് കൂടുതൽ സാദ്ധ്യതകളുള്ള പാറമട, റോഡ്, കനാൽ, കെട്ടിടനിർമ്മാണം തുടങ്ങിയ രംഗങ്ങളിൽ പണിയെടുക്കാൻ താൽപര്യം കാണിക്കുന്നു.

അദ്ധ്യാപകരിലും കർഷകതൊഴിലാളികളിലും സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് കൂടുതലാണ്. ഏതെങ്കിലും ഒരു തൊഴിലിൽ ഏർപ്പെടുക അത്യാവശ്യമാണെന്നുള്ള തോന്നൽ യുവതലമുറയിൽ പൊതുവെയുണ്ട്.

പൊതു പ്രവർത്തനരംഗത്ത് സ്ത്രീപങ്കാളിത്തം കുറവാണ്. പഞ്ചായത്ത് വില്ലേജ് തലങ്ങളിൽ പ്രവർത്തിക്കുന്ന

വിവിധ ബഹുമുഖ സംഘടനകളുടെ ഭാരവാഹികളിൽ സ്ത്രീകൾ നാമമാത്രമാണ്. വനിതകളുടേതുമാത്രമായോ വനിതകൾക്ക് പങ്കാളിത്തം കൂടുതലുള്ളതോ ആയ സ്ഥാപനങ്ങൾ ഇല്ലതന്നെ.

### പ്രശ്നങ്ങൾ

1. പൊതുരംഗത്ത് സ്ത്രീ പങ്കാളിത്തം നാമമാത്രമാണ്.
2. സ്ത്രീകൾക്ക് സ്വയം പര്യാപ്തത കൈവരിക്കാൻ പോന്ന തൊഴിൽ മേഖലകളില്ല.
3. സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കാനുള്ള ശ്രമങ്ങളില്ല.
4. സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കുന്ന പ്രാതിനിധ്യത്തിനുപരി തുല്യപാങ്കാളിത്തമോ ജനസംഖ്യാനുപാതികമായ പങ്കാളിത്തമോ ലഭിക്കുന്നില്ല.
5. സ്ത്രീകളുടെ കഴിവുകൾ സ്വയം മനസ്സിലാക്കുന്നതിനോ അവരുടെ ആത്മവിശ്വാസം വളർത്തിക്കൊണ്ടുവരുന്നതിനോ അനുയോജ്യമായ പരിപാടികൾ ഒന്നുംതന്നെയില്ല.
6. സ്ത്രീകളുടെ സാമൂഹ്യപിന്നോക്കാവസ്ഥ ഇന്നും പരിഹരിക്കപ്പെടാത്ത ഒരു പ്രശ്നമാണ്.

### പൊതുനിർദ്ദേശങ്ങൾ

1. സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ പറ്റുന്നതരത്തിലുള്ള ചെറുകിടവ്യവസായ യൂണിറ്റുകൾ വ്യാപകമായി ആരംഭിക്കണം.
2. നിർദ്ദേശിക്കപ്പെട്ട യൂണിറ്റുകൾ
   കറിപൗഡർ നിർമ്മാണം
   പലഹാര നിർമ്മാണം
   തേനീച്ച വളർത്തൽ, കോഴിവളർത്തൽ
   നോട്ടുബുക്ക് നിർമ്മാണം
   മെഴുകുതിരി നിർമ്മാണം
   പഴസംസ്ക്കരണം
   റബ്ബർബാൻഡ് ബലൂൺ നിർമ്മാണം
   പാൽ സംസ്ക്കരണം ശീതീകരണ യൂണിറ്റുകൾ
   റെഡിമെയ്ഡ് ഗാർമെന്റ്സ്
   പ്ലാസ്റ്റിക്ക് വർക്ക്, ചൂരൽ, ഈറ്റ നെയ്ത്ത്
   D.W.C.R.A യൂണിറ്റുകൾ
3. വീടുകളിൽ പച്ചക്കറി കൃഷിതോട്ടം നിർമ്മിക്കുന്നതിനും കുറ്റിമുല്ല തുടങ്ങിയ കൃഷികൾ വാണിജ്യാടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനും വേണ്ട സഹായങ്ങൾ ചെയ്യുക.
4. വനിതാസംഘങ്ങളുടെയും പഞ്ചായത്തിന്റേയും സംയുക്താഭിമുഖ്യത്തിൽ എല്ലാ വാർഡുകളിലും വനിതാക്ഷേമ സെമിനാറുകളും പഠനക്ലാസ്സുകളും സംഘടിപ്പിക്കുകയും വിവിധ തൊഴിലുകളിൽ വനിതകളെ പരിശീലിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയുക. ഉദാ. തയ്യൽ ക്ലാസ്സുകൾ
5. മഹിളാ സമാജങ്ങളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി അവരെ നാടിന്റെ സാമൂഹ്യസാംസ്ക്കാരിക മണ്ഡലങ്ങളിലേക്ക് കൊണ്ടുവരേണ്ടതാണ്.
6. അംഗൻവാടികൾ, ബാലവാടികൾ എന്നിവ പുനരുജ്ജീവിപ്പിച്ച് അമ്മമാർക്കും ഗർഭിണികൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക.
7. സ്ത്രീകളുടെ നിരക്ഷരത നിർമ്മാർജ്ജനത്തിന് വേണ്ട നടപടികളെടുക്കണം.
8. അശരണരായ വിധവകൾക്കും വൃദ്ധരായ സ്ത്രീകൾക്കും നിത്യരോഗികൾക്കും മറ്റും ആവശ്യമായ പെൻഷൻ തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
9. മദ്യം, സ്ത്രീധനം തുടങ്ങിയ സാമുദായിക വിപത്തുകളിൽ നിന്ന് സ്ത്രീകളെ മോചിപ്പിക്കുന്നതിന് വേണ്ട കൂട്ടായ ശ്രമം ഉണ്ടാകേണ്ടതാണ്.

### ഗ്രാമസഭയിൽ നിന്ന് വന്ന മറ്റു നിർദ്ദേശങ്ങൾ

1. വനിതാ തൊഴിലാളികളുടെ കൂലിനിരക്ക് വർദ്ധിപ്പിക്കുക.
2. നിർദ്ധനരായ വനിതാതൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം അനുവദിക്കുക.
3. നിർദ്ധനരായ യുവതികളുടെ മംഗല്യത്തിനായി സമൂഹവിവാഹങ്ങൾ സംഘടിപ്പിക്കണം.
4. സ്ത്രീകളിൽ വയനാശീലം വർദ്ധിപ്പിക്കുന്നതിനു വേണ്ട ബോധവത്ക്കരണ പരിപാടികൾ ആരംഭിക്കണം.

# സഹകരണമേഖല

സാമൂഹ്യപ്രതിബദ്ധതയും അറിവും സഹകരണ മനോഭാവവും ഉള്ളവരായിരുന്നു നമ്മുടെ മുൻതലമുറ എന്നതിന് ഉത്തമ ദൃഷ്ടാന്തമാണ് ക്രിസ്തുവർഷം 1921ൽ ഈ പഞ്ചായത്തിൽ രൂപീകരിച്ച സഹകരണ സംഘം. അന്ന് പഞ്ചായത്തിലെ നൂലേലി, പുന്നയം, ചെറുകുന്നം, എന്നീ കരകളിലെ നായർ കുടുംബങ്ങളെ മാത്രം ഉൾപ്പെടുത്തി രൂപം കൊടുത്ത നായർ പരസ്പരസഹായ സഹകരണ സംഘം ആണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സ്ഥാപനം. ആ സംഘം കുറെ കാലത്തെ പ്രവർത്തനത്തിനു ശേഷം ഒരു വിധോദ്ദ്യേശ്യ സംഘമായി പുന:സംഘടിപ്പിച്ചു. പഞ്ചായത്തിലെ എല്ലാഭാഗവും ഇതിന്റെ പ്രവർത്തന പരിധിയിൽപ്പെട്ടിരുന്നു.

ഏകദേശം ഇതേ കാലയളവിൽ തന്നെ അശമന്നൂർ പഞ്ചായത്തിൽ മറ്റൊരു സംഘം പ്രവർത്തിക്കുകയുണ്ടായി. പഞ്ചായത്തിലെ മരച്ചീനി കൃഷിയേയും കൃഷിക്കരേയും സഹായിക്കുന്നതിന് വേണ്ടി രൂപീകരിച്ച കപ്പ സംഘമായിരുന്നു അത്. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലുള്ള മരച്ചീനി കർഷകരിൽനിന്നും കപ്പ ശേഖരിച്ച് കൊച്ചിയുലും മട്ടാഞ്ചരിയിലും കൊണ്ട് പോയി വിപണനം നടത്തുന്നതിനായിരുന്നു സംഘം രൂപീകരിച്ചത്. കുറെ കാലത്തിന് ശേഷം ഈ സംഘം വിവിധോദ്ദ്യേശ്യ സംഘത്തിൽ ലയിക്കുകയാണുണ്ടായത്.മേൽപ്പറഞ്ഞ വിവിധോദ്ദ്യേശ്യസംഘം പിന്നീട് സർവ്വീസ് സഹകരണ സംഘമായും അതിനു ശേഷം ഇപ്പോൾ സർവ്വീസ് സഹകരണ ബാങ്കായും പ്രവർത്തിച്ചുവരുന്നു. ഇന്ന് അതിന്റെ പ്രവർത്തന മേഖല പയ്യാൽ ഒഴികെ ഉള്ള പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും വ്യാപിച്ച് കിടക്കുന്നു.

ഇപ്പോൾ 75ാം ദിവസം പിറന്നാൾ ആഘോഷിക്കുന്ന സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി നാനാവിധ മേഖലകളിലേക്ക് വ്യാപിപ്പിക്കേണ്ടതാണ്

അശമന്നൂർ സർവ്വീസ് സഹകരണ ബാങ്ക് വായ്പകളേയും നിക്ഷേപങ്ങളെയും സംബന്ധിച്ച വിവരങ്ങൾ.

| | ഇനം | തുക |
|---|---|---|
| 1. | സ്ഥിരനിക്ഷേപം | 1,95,99,795 |
| 2. | ഹ്രസ്വകാല നിക്ഷേപം | 34,33,694 |
| | അകെ | 2,30,80,489 |

| | ഇനം | തുക |
|---|---|---|
| | **കാർഷികവായ്പകൾ** | |
| 1. | ഹ്രസ്വകാല വായ്പ | 17,84,655 |
| 2. | മദ്ധ്യകാല വായ്പ | 4,28,059 |
| 3. | ക്യാഷ് ക്രഡിറ്റ് | 12,76,931 |
| 4. | ദീർഘകാല വായ്പ | 6,43,254 |
| | **മറ്റ് വായ്പകൾ** | |
| 1. | ടെകസ്റ്റയിൽ വായ്പ | 11,944 |
| 2. | സ്വന്തം ഫണ്ട് വായ്പ | 1,03,30,440 |
| 3. | വിദ്യാഭ്യാസ വായ്പ | 2,405 |
| 4. | ഭവനനിർമ്മാണ വായ്പ | 2,20,398 |
| 5. | സ്വയം തൊഴിൽ വായ്പ | 5,12,179 |
| | **പ്രത്യേക വായ്പകൾ** | |
| 1. | സ്വർണ്ണ പണയം | 40,11,866 |
| 2. | സെക്യേർസ് ലോൺ | 7,09,780 |
| 3. | ജീവനക്കാരുടെ O.D | 1,26,243 |
| 4. | ഫർണീച്ചർ വായ്പ | 10,22,267 |
| | ആകെ | 2,30,80,421 |

**നൽകിയ വായ്പകൾ കാലാവധികഴിഞ്ഞ് കിട്ടാനുള്ളവ**

| | വായ്പാ സ്വഭാവം | തുക |
|---|---|---|
| 1. | ഹ്രസ്വകാല കാർഷിക വായ്പ | 1,35,300 |
| 2. | മദ്ധ്യകാല കാർഷിക വായ്പ | 21,939 |
| 3. | ദീർഘകാല കാർഷിക വായ്പ | 23,098 |
| 4. | ഹ്രസ്വകാല കാർഷികേതര വായ്പ | 23,45,082 |
| 5. | ദീർഘകാല കാർഷികേതര വായ്പ | 1,99,268 |
| | ആകെ | 27,24,687 |

## പ്രശ്നങ്ങളും സാധ്യതകളും

1. സർവ്വീസ് സഹകരണ ബാങ്കിന്റെ ശാഖകൾ അവശ്യം വേണ്ട ഭാഗങ്ങളിൽ ആരംഭിച്ച് പ്രവർത്തനം ശക്തിപ്പെടുത്തുക.
2. നെൽകൃഷി തുടങ്ങിയ കൃഷികളുടെ വികസനത്തിനായി വിവിധ വാർഡുകളിൽ ഗ്രൂപ്പ് ഫാമിംഗ് സംഘങ്ങൾ ആരംഭിക്കേണ്ടതാണ്.
3. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതലുള്ള പ്രദേശങ്ങളെ ഉൾപ്പെടുത്തി പടികജാതി പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ ആരംഭിച്ചാൽ ആ വിഭാഗത്തിന്റെ തൊഴിലില്ലായ്മക്ക് ഒരു പരിധി വരെ പരിഹാരം കാണാൻ സാധിക്കും.
4. പഞ്ചായത്തിന്റെ സുലഭമായ റബ്ബർ കറ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും ഒരു സംഘം തുടങ്ങി അതിന്റെ ശാഖകൾ ആരംഭിച്ചാൽ വളരെ പ്രയോജനം ലഭിക്കും.

5. വനിതകളുടെ ഉന്നമനത്തിനും അവരെ വ്യാവസായിക തൊഴിൽ മേഖലകളിൽ പ്രാപ്തരാക്കുന്നതിനും വേണ്ടി വിവിധ വാർഡുകൾ കേന്ദ്രീകരിച്ച് വനിത സഹകരണ സംഘങ്ങൾ ആരംഭിക്കേണ്ടതാണ്.

6. ക്ഷീരോല്പാദക സഹകരണസംഘങ്ങൾ പഞ്ചായത്തിലെ വിവിധഭാഗങ്ങളിൽ ഉണ്ടെങ്കിലും വേണ്ടത്ര പ്രയോജനം ലഭിക്കുന്നില്ല. അതിനാൽ അവ ഇല്ലാത്തസ്ഥലങ്ങളിൽ ആരംഭിച്ചും ഉള്ളവയുടെ പ്രവർത്തനം കാര്യക്ഷമമാക്കിയും ക്ഷീരോല്പാദനം വർദ്ധിപ്പിക്കാം.

7. പഞ്ചായത്ത് കേന്ദ്രീകരിച്ച് നാളികേരം കശുവണ്ടി കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനായി ഒരു വിപണന സംഘം രൂപീകരിക്കുണം.

### മറ്റു നിർദ്ദേശങ്ങൾ

1. സഹകരണ സംഘങ്ങൾ വഴി എടുക്കുന്ന വായ്പകൾ തിരിച്ചടക്കുന്നത് സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം.

2. പഞ്ചായത്ത് കേന്ദ്രീകരച്ച് വ്യാവസായിക സഹകരണ സംഘം സ്ഥാപിക്കണം.

3. കേര സംരക്ഷണ സമിതിയുടെയും പാടശേഖര സമിതികളുടെയ് പ്രവർത്തനം ശക്തിപ്പെടുത്തുക.

4. മുടങ്ങികിടക്കുന്ന അശമന്നൂർ വില്ലേജ് ഇൻഡസ്ട്രീസ് പുന:രുജീവിപ്പിക്കുക.ഇതിന് സ്ഥലവും കെട്ടിടവും സ്വന്തമായുണ്ട്.

5. മോട്ടോർ സർവ്വീസ് സഹകരണ സംഘം പഞ്ചായത്ത് തലത്തിൽ ആരംഭിക്കണം.

## പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

രാജ്യപുരോഗതിക്ക് പട്ടിക ജാതി വർഗ്ഗ ക്ഷേമം ഉറപ്പുവരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

സമൂഹത്തിൽ മറ്റുള്ളവർ അനുഭവിക്കുന്ന അവകാശങ്ങളെല്ലാം നിഷേധിക്കപ്പെട്ടുകൊണ്ട് ഒരു പറ്റം ജന്മിമാരുടെ അടിമകളായി രാപകൽ ഭേദമന്യെ ജോലി ചെയ്ത് വയറു നിറച്ചാഹാരം കഴിക്കാൻപോലും വകയില്ലാതെ കഴിഞ്ഞിരുന്ന പട്ടികജാതി വർഗ്ഗ പിൻതലമുറക്കാർ ഒരു കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്തെന്നപോലെ അശമന്നൂർ ഗ്രാമ പഞ്ചായത്തിലും നിലനിന്നിരുന്നു. ജന്മി നാടുവാഴിത്തം നിലനിന്നിരുന്ന അക്കാലത്ത് ഒരു സ്ഥലത്ത് സ്ഥിരമായി താമസിക്കുവാനുള്ള അവകാശം പോലും ഇവർക്ക് നിഷേധിക്കപ്പെട്ടിരുന്നു.

ഭൂപരിഷ്ക്കരണ നിയമവും വിവിധ ജനനേതാക്കന്മാരുടെ പരിശ്രമം, ഭരണഘടന അനുശാസിക്കുന്ന സംവരണം എന്നിവ മൂലവും കുറച്ചൊക്കെ നേട്ടങ്ങൾ കൈവരിക്കുവാൻ ഈ വിഭാഗത്തിനായിട്ടുണ്ട് എന്നത് വസ്തുതയാണ്.

എന്നാൽ പിന്നീട് നടത്തിയ വിവിധ ക്ഷേമ പ്രവർത്തനങ്ങളിൽ ഉദ്ദേശിച്ച ഫലമുളവാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന കാര്യം ഗൗരവകരമായി പരിശോധിക്കേണ്ടതാണ്. വിവിധ ആനുകൂല്യങ്ങളും സഹായങ്ങളും അർഹതപ്പെട്ടവർക്ക് എത്തിക്കുന്നതിലും എത്തിയവ വേണ്ടവിധത്തിൽ വിനിയോഗിക്കുന്നതിലും കാര്യമായ വീഴ്ചയാണുണ്ടായത്.

ഇവരിൽ ഭൂരിഭാഗവും കർഷകതൊഴിലാളികളും പരമ്പരാഗത കൈതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുമാണ്. സർക്കാർ സർവ്വീസിലുള്ളവർ വിരളമാണ്.

1991 ലെ സെൻസസ്പ്രകാരം അശമന്നൂർ ഗ്രാമപഞ്ചായത്തിൽ 1781 പട്ടികജാതി വിഭാഗത്തിൽപെട്ടവരും 1 പട്ടികവർഗ്ഗ വിഭാഗ അംഗവുമാണുള്ളത്. ഇവർ 19 കോളനികളിൽ 455 വീടുകളുമായി താമസിക്കുന്നു. ഏക പട്ടിക വർഗ്ഗ സ്ത്രീ പയ്യാൽ ഗ്രാമത്തിലാണ് അധിവസിക്കുന്നത്. എട്ടു പഞ്ചവത്സര പദ്ധതികൾ പൂർത്തീകരിച്ചുവെങ്കിലും നമ്മുടെ പഞ്ചായത്തിൽ പട്ടിക ജാതിവിഭാഗങ്ങൾക്ക് കുടിവെള്ളം പാർപ്പിടം, തൊഴിൽ വൈദ്യുതി ഗതാഗതം കക്കൂസ് പൊതുശ്മശാനനിർമ്മാണം തുടങ്ങിയ കാര്യങ്ങളിൽ വേണ്ടത്ര പുരോഗതി നേടാൻ കഴിഞ്ഞിട്ടില്ല.

ഈ പഞ്ചായത്തിലെ 19 കോളനികളിലും അതിരൂക്ഷമായ കുടിവെള്ളക്ഷാമം നിലനിൽക്കുന്നു. ഇതിനു പരിഹാരമായി ഏറ്റെടുത്ത പദ്ധതികൾ പൂർണ്ണമായും വിജയിച്ചിട്ടില്ല. ഈ കാര്യത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

സ്വന്തമായി സ്ഥലമുള്ളവരിൽ 90% ആളുകൾക്കും വീടു വയ്ക്കുന്നതിനു സാധിച്ചുവെങ്കിലും സ്ഥലമില്ലാത്ത നൂറോളംപേർക്ക് സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭൂരിഭാഗം വീടുകളിലും കക്കൂസ് വൈദ്യുതി എന്നിവ ലഭ്യമല്ല. ആയതിനും പരിഹാരം കാണേണ്ടതാണ്. ഗതാഗത രംഗത്ത് (റോഡുകൾ) ഇന്നും ലക്ഷ്യത്തിലെത്താൻ സാധിച്ചിട്ടില്ല. അതുകൊണ്ട് കൊളനികളിലേക്ക് റോഡുകൾ പണിയുന്ന കാര്യത്തിൽ ശ്രദ്ധപതിക്കേണ്ടതാണ്

സാമൂഹ്യ സാംസ്കാരിക തൊഴിൽ രംഗങ്ങളിൽ പുരോഗതി നേടുന്നതിനായി ഇനിയും വളരെയധികം യത്നിക്കേണ്ടതായിട്ടുണ്ട്. ഈ പഞ്ചായത്തിലെ എല്ലാ പട്ടികജാതി വിഭാഗത്തിലെ ആളുകളെയും ഉൾപ്പെടുത്തി ഒരു സഹകരണസംഘം രൂപീകരിക്കുകയും അതിൽ ഒരു ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുകയും വേണം. കൂടാതെ പരമ്പരാഗതമായ കൈതൊഴിലുകൾക്ക് ആവശ്യമായ ഈറ്റ ചൂരൽ മുതലായവ സൗജന്യനിരക്കിൽ നൽകുകയും ഇവർ

ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി സംഘം നേരിട്ട് വില്പന നടത്തേണ്ടതുമാണ്. പട്ടികജാതി വിഭാഗത്തിൽപെട്ട തൊഴിൽരഹിതരെ ഉൾപ്പെടുത്തി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ഉല്പാദനവും വിതരണവും നടത്തേണ്ടതാണ്.

പട്ടികജാതി കുടുംബങ്ങളിലെ കുട്ടികൾ വിദ്യഭ്യാസ രംഗത്ത് വളരെ പിന്നിലാണ്. സാമ്പത്തിക പിന്നോക്കാവസ്ഥമൂലം 50% കുട്ടികളും ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നില്ല. താലൂക്കടിസ്ഥാനത്തിലുള്ള പട്ടികജാതി ഹോസ്റ്റലു പോലെ നമ്മുടെ പഞ്ചായത്തിലും ഒരു ഹോസ്റ്റൽ സ്ഥാപിച്ച് കുട്ടികളെ ദത്തെടുത്ത് അവർക്ക് പഠനം പൂർത്തീകരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം.

## പൊതുനിർദ്ദേശങ്ങൾ

1. പട്ടികജാതി വിദ്യാർത്ഥികൾക്കായി കോളേജുതലത്തിൽ അനുവദിക്കുന്ന ലാംപ്സംഗ്രാന്റ് സ്റ്റൈപന്റ് എന്നിവക്കു നൽകുന്ന ലക്ഷകണക്കിന് വരുന്ന അഡ്ഹോക്ക് പേമന്റ് പണം വിദ്യാർത്ഥിക്ക് യഥാസമയം നൽകാതെ സ്വകാര്യ അക്കൗണ്ടിൽ നിക്ഷേപിച്ച് 6, 7 മാസങ്ങൾ വൈകി അനുവദിക്കുന്ന മാനേജ്മെന്റ് ഉടമകളുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കേണ്ടതാണ്.
2. LPS മുതൽ കോളേജ് തരം വരെ കുട്ടികൾക്ക് നൽകിവരുന്ന ലംപ്സംഗ്രാന്റ് സ്റ്റൈപന്റ് സ്കോളർഷിപ്പ് തുകകൾ വർദ്ധിപ്പിച്ച് കാലതാമസം ഒഴിവാക്കി നൽകുക.
3. എല്ലാ വിദ്യാഭ്യാസതലത്തിലും മാർക്കിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ ഏർപ്പെടുത്തുക
4. പരമ്പരാഗത തൊഴിലായ അലക്കുതൊഴിലിന് ആവശ്യമായ തേപ്പുപെട്ടി മേശ എന്നിവ സൗജന്യമായി നൽകുക.
5. സർക്കാർ ഖജനാവിൽനിന്ന് ശംബളം നേടുന്ന മാനേജുമെന്റ് സ്ഥാപനങ്ങളിൽ സംവരണ അടിസ്ഥാനത്തിൽ ജോലി നൽകുക.
6. പട്ടികജാതി കുടുംബങ്ങളിൽ ഒരാൾക്കെങ്കിലും ജോലി ലഭിക്കത്തക്ക സംവിധാനം ഉണ്ടാക്കുക.
7. എല്ലാ കോളനികളിലും സർക്കാർ മുതൽ മുടക്കി കുടിൽ വ്യവസായങ്ങൾ തുടങ്ങി തോഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.
8. കർഷകതൊഴിലാളി പെൻഷൻ വാർദ്ധക്യപെൻഷൻ വിധവപെൻഷൻ തൊഴിലില്ലായ്മ വേതനം നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹത്തിനുള്ള സഹായം (ചുരുങ്ങിയത് 5000 ക.) എന്നിവ വർദ്ധിപ്പിച്ച് കാലതാമസം കൂടാതെ വിതരണം ചെയ്യുക.
9. അപകടം മൂലമോ തീരാരോഗം മൂലമോ ജോലി ചെയ്യാൻ പറ്റാത്തവർക്ക് സാമ്പത്തികസഹായവും പെൻഷനും അനുവദിക്കുക.
10. എല്ലാ തലങ്ങളിലുള്ള ആശുപത്രികളിലും 10% ബെഡ് പട്ടികജാതിക്കാർക്കായി നീക്കിവക്കുകയും ആവശ്യമായ മുഴുവൻ മരുന്നുകളും സൗജന്യമായി നൽകുകയും ചെയ്യുക.
11. പട്ടയമില്ലാത്ത കൈവശഭൂമിക്ക് പട്ടയും നൽകുക.
12. പഴയവീടുകൾ പുതുക്കി പണിയുന്നതിന് ധനസഹായം നൽകുക.
13. പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷൻ മുഖേന നൽകുന്ന വായ്പാവിതരണത്തിലെ ക്രമക്കേടുകൾ അവസാനിപ്പിക്കുകയും വായ്പാവിതരണം ലഘൂകരിക്കുകയും ചെയ്യുക.
14. എല്ലാ കോളനികളിലും സൗജന്യ കളർ ടിവി. സെറ്റുകൾ അനുവദിക്കുക.
15. നാടൻ കലാരൂപങ്ങളും, നാടൻപാട്ടുകളും നില നിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും അവസരമുണ്ടാക്കുക.
16. പട്ടികജാതിക്കാർക്ക് അനുവദിക്കുന്ന ഫണ്ട് ലാപ്സാവാതെയും വകമാറ്റാതേയും പൂർണ്ണമായും നിർദ്ദിഷ്ടകാര്യങ്ങൾക്ക് വേണ്ടി ചെലവഴിക്കുക.
17. പഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങളുടെ സാമ്പത്തിക സാമൂഹ്യസ്ഥിതി വിവരകണക്കുകൾ ശേഖരിക്കുക.
18. ദളിത് ക്രിസ്ത്യാനികളേയും മറ്റു പിന്നോക്ക സമുദായക്കാരേയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തി നിലവിലുള്ള സംവരണത്തിന് കോട്ടം വരുത്താതിരിക്കുക.

## പട്ടിക ജാതി വർഗ്ഗ കോളനികൾ

വാർഡ്

1. കാരുകുഴിച്ചാൽ, കല്ലിൽ, മുട്ടത്തുമുകൾ
2. ഇല്ലത്തുപടി, കരിമ്പനാകുഴി.
3. ഇടത്തികാവുങ്ങൽ, പൂതക്കുഴി, നമ്പേലി, പുറംചിറ
4. പൂമല, ചെറുകുന്നം
5. കളമ്പാടൻ, അമ്പലപ്പടി (പരുതമാലി)
6. മണ്ണൂർമോളം, പാറ
7. പുളിയാമ്പിള്ളി
8. പാറ, പുളിയാമ്പിള്ളി, കാപ്രമോളം.
9. വഴിപ്പുഴ, പാട്ടാംകണ്ടം,

കൂടാതെ ഇടകലർന്നും താമസിക്കുന്നു.

## വിഭവസമാഹരണം

വിഭവലഭ്യതയെ സംബന്ധിച്ചിടത്തോളം നാളിതുവരെ അശമന്നൂർ ഗ്രാമപഞ്ചായത്ത് ഇതര പഞ്ചായത്തുകളേക്കാൾ വളരെ പിന്നിലാണ്. നമ്മുടെ വിഭവ സ്രോതസ്സുകളെ താഴെ പറയുന്ന രീതിയിൽ തരംതിരിക്കാം.

1. പഞ്ചായത്ത് പിരിച്ചെടുക്കുന്ന നികുതികളും സർക്കാർ ഗ്രാന്റുകളും
2. ഗൾഫ് പണവും ബാങ്ക് നിക്ഷേപങ്ങളും വായ്പകളും
3. കാർഷിക വ്യവസായ വ്യപാര ഇനങ്ങൾ
4. ടൂറിസം
5. മനുഷ്യവിഭവം

### പഞ്ചായത്ത് പിരിക്കുന്ന നികുതികളും ഗ്രാന്റുകളും

അശമന്നൂർ പഞ്ചായത്തിൽ ഇപ്പോൾ ലഭ്യമാക്കുന്ന നികുതികൾ ഗ്രാന്റുകൾ ചെലവുകൾ എന്നിവ സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

| വരവിനങ്ങൾ | തുക |
|---|---|
| കെട്ടിടനികുതി | 145810.00 |
| തൊഴിൽനികുതി | 70620.00 |
| ലൈസൻസ് ഫീസ് | 8654.00 |
| കെട്ടിടവാടക | 963836.00 |
| വിനോദനികുതി | 5516.00 |
| വസ്തുകൈമാറ്റ നികുതി 75% | 137884.00 |
| " 25% | ഇല്ല |
| ബേയിസിക് ഗ്രാന്റ് 75% | 41854.00 |
| " 25% | ഇല്ല |
| സ്പെഷ്യൽ ഗ്രാന്റ് | ഇല്ല. |
| എസ്റ്റാബ്ലിഷ് ഗ്രാന്റ് | 37463.00 |
| V.T.C ഗ്രാന്റ് | 138160.00 |
| ചെറുകിട ജലസേചന ഗ്രാന്റ് | 23000.00 |
| V.R.M. ഗ്രാന്റ് | 35825.00 |
| അൺടൈഡ് ഫണ്ട് | 276700.00 |
| J.R.Y ഫണ്ട് | 215248.00 |
| മറ്റുവകുപ്പുകളിൽനിന്നും അനുവദിച്ച തുക | 471788.00 |

| ചെലവിനങ്ങൾ | തുക |
|---|---|
| ഭരണപരമായ ചെലവ് | 294565.00 |
| പൊതുമരാമത്ത് പണികൾ | 471977.00 |
| ജലവിതരണം (10 ലക്ഷത്തിൽ പരം ഈ ഇനത്തിൽ കുടിശ്ശികയുണ്ട്) | 167189.00 |
| തെരുവുവിളക്ക് | 81516.00 |
| പട്ടികജാതി വികസനം | 156438.00 |
| പാർപ്പിടവും സാമൂഹ്യക്ഷേമവും | 143000.00 |
| ലോൺതിരിച്ചടക്കൽ | 365000.00 |
| കൃഷിയും ജലസേചനവും | 228964.00 |

IA :- ഇതിൽ പ്രധാന നികുതി ഇനങ്ങളായ കെട്ടിട നികുതി തൊഴിൽ നികുതി എന്നീ കാര്യങ്ങളിൽ നാം മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെ പിന്നിലാണ്. അതിന്റെ പ്രധാന കാരണം കുന്നുകളും, മലകളും നിറഞ്ഞ ഭൂപ്രകൃതിയും വെള്ളം, വെളിച്ചം, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും നിമിത്തം കെട്ടിടങ്ങളുട എണ്ണത്തിലും വലിപ്പത്തിലും വന്നിട്ടുള്ള കുറവാണ്. അതുപോലെ തന്നെ സർക്കാർ - അർദ്ധസർക്കാർ സഹകരണ സ്വകാര്യസ്ഥാപനങ്ങളുടെ എണ്ണവും പരിമിതമാണ്. ഇവക്ക് പരിഹാരം കാണാതെ നികുതികൾ വർദ്ധിപ്പിച്ച് നമുക്ക് ഈരംഗത്ത് മുന്നേറുവാൻ സാദ്ധ്യമല്ല. വാടകയിനത്തിൽ ഇപ്പോൾ ലഭിക്കുന്ന തുക പ്രസ്തുത കെട്ടിട നിർമ്മാണത്തിന് വേണ്ടി വാങ്ങിയ വായ്പാ ഗഡുക്കളും പലിശയും അടക്കുന്നതിന് മതിയാകുന്നില്ല. എന്നാൽ നമ്മുടെ പഞ്ചായത്തിന് വളരെയധികം മുന്നേറുവാൻ സാധിക്കുന്ന ഒരു മേഖലയാണിത്. ആലുവ മൂന്നാർ റോഡിനോട് ചേർന്ന് ഓടക്കാലിയിൽ പഞ്ചായത്തിനും ഇപ്പോൾ പഞ്ചായത്തിന് വിട്ട് കിട്ടിയവകുപ്പുകൾക്കും കൂടി നാല് ഏക്കറിൽ അധികം സ്ഥലം ഉണ്ട്. അവ പ്രയോജനപ്പെടുത്തി മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്, വണ്ടിപ്പേട്ട തുടങ്ങിയവ നിർമ്മിച്ച് വാടകയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

### IB :- വിനോദ നികുതി

ഈ രംഗത്ത് പയ്യാൽ ഭാഗത്ത് ഇടക്കാലത്ത് നിന്നുപോയതും ഇപ്പോൾ തുടർന്ന് പ്രവർത്തിച്ച് വരുന്നതുമായ ഒരു തിയേറ്റർ മാത്രമാണ് ആശ്രയം.

### IC :- സർക്കാർ നേരിട്ട് പിരിക്കുന്നതും പഞ്ചായത്തുകൾക്ക് നൽകുന്നതുമായ വിവിധയിനം ഗ്രാന്റുകൾ

ഈ രംഗത്തെ വിവേചനവും അശാസ്ത്രീയതയും നമുക്ക് വളരെയധികം ദോഷം ചെയ്യുന്നു. ജനസംഖ്യയുടെയും വിസ്തൃതിയുടെയു് അടിസ്ഥാനത്തിൽ നൽകുന്ന ഈ ഗ്രാന്റുകൾ. നമുക്ക് മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെ കുറച്ച് മാത്രമാണ് ലഭിക്കുന്നത്. പിന്നോക്ക പഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്ന പ്രത്യോക ഗ്രാന്റുകൾ "കയ്യൂക്കുള്ളവൻ കാര്യക്കാരൻ" എന്ന രീതി കാരണം നമുക്ക് കഴിഞ്ഞ വർഷങ്ങളിൽ ഒന്നും തന്നെ ലഭച്ചിട്ടില്ല. ഉദാഹരണമായി വസ്തുകൈമാറ്റം 25%, അടിസ്ഥാന നികുതി

25%, സ്പെഷ്യൽ ഗ്രാന്റ്, സ്വയം പര്യാപ്തത ഗ്രമീണ പദ്ധതി, കെട്ടിട നിർമ്മാണ ഗ്രാന്റ്, ശുദ്ധജല വിതരണഗ്രാന്റ് വിളക്ക്വെയ്പ്പ് ഗ്രാന്റ്, കുഴൽകിണർ ഗ്രാന്റ്, ഓടകളും കക്കൂസുകളും നിർമ്മിക്കുന്നതിനുള്ള ഗ്രാന്റ് എന്നി ഇനങ്ങളിൽ ഒരു പൈസപോലും കഴിഞ്ഞ സാമ്പത്തിക വർഷം നമുക്ക് ലഭിച്ചിട്ടില്ല. ഇന്നത്തെ ഈ അവസ്ഥ മാറിയേ മതിയാകൂ അതിന് നാം ഉണർന്ന് പ്രവർത്തി ച്ചില്ലെങ്കിൽ 9 ാം പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കി വച്ചിരിക്കുന്ന 35 40% തുകയിൽ അർഹമായവ നമുക്ക് ലഭിച്ചില്ലെന്ന് വന്നേക്കാം

**വിവിധ വകുപ്പുകളിൽ നിന്നുള്ള ഗ്രാന്റുകൾ**

ഇവയുടെ ചെലവ് സംബന്ധിച്ച വിശദമായ ചട്ടങ്ങൾ ഇറങ്ങാത്തത് കാരണം പ്രസ്തുത വകുപ്പുകൾ മമ്പ് ചെയ്തിരുന്ന രീതിയിലാണ് ഇപ്പോഴും തുടരുന്നത്. തന്മൂലം ജനങ്ങൾക്ക് യാതൊരു പ്രയോജനവും ലഭിക്കുന്നില്ല. എന്ന് മാത്രമല്ല. ഒരു ഓഫീസും കൂടി കൂടുതലായി കയറിയിറങ്ങേണ്ടതായി വരുന്നു. ഗവൺമെന്റ് സത്വരശ്രദ്ധപതിപ്പിക്കേണ്ട മേഖലയാണിത്.

**II ഗൾഫ് പണവും, ബാങ്ക് നിക്ഷേപ - വായ്പകളും**

നമുക്ക് ലഭ്യമാക്കുന്ന ഗൾഫ് പണം മുഖ്യമായിട്ടും കെട്ടിട നിർമ്മാണത്തിനും ഒരു ചെറിയ അംശം നിക്ഷേപമായും ബാക്കി വ്യാപാര ആവശ്യങ്ങൾക്കുമാണ് ഇപ്പോൾ ലഭ്യമാക്കുന്നത്. വ്യവസായ രംഗത്തും ഉല്പാദനരംഗത്തും ഈ പണം വിനിയോഗിക്കേണ്ടതാണ്.

**III. കാർഷിക വ്യവസായ വ്യാപാര ഇനങ്ങൾ**

കാർഷിക രംഗത്ത് ജലസേചനസൗകര്യം വർദ്ധിപ്പിക്കുകയും വ്യവസായ വ്യാപാരം രംഗത്ത് ഗതാഗത വൈദ്യുതി പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും എല്ലാ മേഖലയിലും ഉല്പാദകനും ഉപഭോക്താക്കളും തമ്മിലുള്ള സമ്പർക്കം വർദ്ധിപ്പിച്ച് ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനുള്ള സഹകരണ പ്രസ്ഥാനം ശക്തിപ്പെടുത്തുകയും വേണം.

**IV ടൂറിസം**

കല്ലിൽ ക്ഷേത്രവും കൊടി കുത്തിയാനമലയും ഉൾപ്പെടെയുള്ള പ്രദേശങ്ങൾ വിനോദ കേന്ദ്രമാക്കി മാറ്റിയാൽ നമുക്ക് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

**V മനുഷ്യ വിഭവം**

ഏറ്റവും വലിയ വിഭവമായ ഇത് വേണ്ടരീതിയിൽ പ്രയോജനപ്പെടുത്താതെ പാഴായിപ്പോകുന്നു. 25 കുടുംബങ്ങൾക്ക് ഒന്ന് എന്ന ക്രമത്തിൽ അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് അവയുടെ നേതൃത്വത്തിൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുവാനുള്ള നടപടികൾ സ്വീകരിക്കണം. ചെറിയ റോഡുകളുടെ നിർമ്മാണം, തോടുകളുടെ പുനർനിർമ്മാണം, കുളങ്ങളുടേയും കിണറുകളുടേയും ശുചീകരണം തുടങ്ങിയ പരിപാടികൾ സന്നദ്ധ സേവനത്തിലൂടെ നടത്താവുന്നതാണ്. മനുഷ്യ വിഭവം പരമാവധി ഉപയോഗപ്പെടുത്തി വളരെയേറെ കാര്യങ്ങൾ നിഷ്പ്രയാസം ചെയ്തുതീർത്ത് വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനും പഞ്ചായത്തിനെ സാമ്പത്തികമായി സഹായിക്കുന്നതിനും ഈ പഞ്ചായത്തിലെ ജനങ്ങൾക്കു കഴിയും എന്ന് നാം നവംബർ 1 ന് ഏറ്റെടുത്ത് വിജയപ്രദമായി ചെയ്തുതീർത്ത പരിപാടികളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

# ഉപസംഹാരം

ഒരു നൂതനവികസന സംസ്ക്കാരത്തിന് നാം തുടക്കം കുറിക്കുകയാണ്. ജനപങ്കാളിത്തത്തോടെ നമ്മുടെ പഞ്ചായത്തിലെ വികസനപദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനായുള്ള ഒരു രൂപരേഖയാണ് ഈ റിപ്പോർട്ട്. പരിമിതമായ അറിവുകളും ഗവ. ആഫീസുകളിൽ നിന്നു ലഭ്യമായ വിവരങ്ങളുമാണ് ഈ റിപ്പോർട്ടിന് അവലംബം.

വിഭവഭൂപട നിർമ്മാണം, സാമൂഹ്യ സാമ്പത്തിക സർവ്വേ, ഡിമാന്റ് സർവ്വേ, നീരൊഴുക്ക് സർവ്വേ, വൈദ്യുതി ലൈൻമാപ്പിങ്ങ്, തുടങ്ങി യഥാർത്ഥ പ്രഥമവിവരങ്ങൾ ഇനിയും ശേഖരിച്ചുവേണം ഈ റിപ്പോർട്ടു പ്രകാരമുള്ള പദ്ധതികൾക്ക് രൂപം കൊടുക്കുവാൻ. കഴിഞ്ഞകാലങ്ങളിൽ വികസനരംഗത്ത് നിന്ന് ജനങ്ങൾ അന്യവൽക്കരിക്കപ്പെട്ടിരുന്നത് കൊണ്ട് "നമുക്ക് എന്തുകിട്ടും" എന്നാണ് നാം ഓരോരുത്തരും ചിന്തിച്ചിരിന്നുത്. എന്നാൽ ഇനിമേൽ വികസനത്തിന്റെ യഥാർത്ഥ അവകാശികളായി ജനങ്ങൾ മാറുകയാണ്. അതുകൊണ്ട് സമൂഹത്തിന്റെ വികസനത്തിനായി നാം ഓരോരുത്തർക്കും എന്തുചെയ്യുവാൻ കഴിയും എന്ന പുതിയ ചിന്താധാരയിലേക്ക് നാം അതിവേഗം മാറേണ്ടിയിരിക്കുന്നു.

ഈ വികസന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിക്കുന്ന പദ്ധതികൾ മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് വിജയിപ്പിക്കുന്നതിന് നമുക്ക് കഴിയണം. എന്നാൽ എല്ലാ പദ്ധതികളും ഒൻപതാം പദ്ധതിയിൽ പൂർത്തീകരിക്കാൻ കഴിയണമെന്നില്ല. ആ അറിവും നമുക്കുണ്ടാകണം. എത്രയൊക്കെ സാമ്പത്തിക പരാധീനതകൾ ഉണ്ടെങ്കിലും ഈ വികസന സെമിനാറും ഇതിൽ ഉരുത്തിരിയുന്ന ആശയങ്ങളും ആഗ്രഹങ്ങളും പ്രായോഗികമാക്കുന്നതിന് കക്ഷി - രാഷ്ട്രീയ ജാതി-മത ചിന്തകൾക്കതീതമായി നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും സഹകരണത്തോടെ ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് സന്നദ്ധസേവകരുടെ ആത്മാർത്ഥവും നിരന്തരവുമായ പ്രവർത്തനങ്ങളിലൂടെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനത്തിനായി നമുക്ക് അണിചേരാം.

# അധികാരം ജനങ്ങളിലേക്ക്

## *ഒൻപതാംപദ്ധതി ജനകീയ പദ്ധതി*

- ഒൻപതാംപദ്ധതിയുടെ 35 - 40 ശതമാനം തുക തദ്ദേശ സ്ഥാപനങ്ങൾക്ക്
- ആസൂത്രണം താഴെത്തട്ടിൽ നിന്നും മുകളിലേക്ക്
- ആസൂത്രണത്തിലും നിർവ്വഹണത്തിലും വിപുലമായ ജനപങ്കാളിത്തം
- ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മരംഗത്തേക്ക്
- ജനപ്രതിനിധികളും വിദഗ്ദ്ധരും ഉദ്യോഗസ്ഥരും അണിചേരുന്നു.
- വികസനാവശ്യങ്ങൾ പദ്ധതികളാക്കാൻ ടാസ്ക് ഫോഴ്സുകൾ
- ഉന്നതതല മാർഗ്ഗ നിർദ്ദേശക സമിതി

സമഗ്രഗ്രാമവികസനം നമ്മുടെ ലക്ഷ്യം ❖

ഗ്രാമവികസനത്തിന് വിഭവം ആവശ്യം ❖

വിഭവമില്ലെങ്കിൽ വികസനമില്ല ❖

ഗ്രാമവികസനത്തിന്റെ ചാലകശക്തി പഞ്ചായത്തുകളുടെ സമ്പത്ത് ❖

## അനുബന്ധം

ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ''അശമന്നൂർ ഗ്രാമപഞ്ചായത്ത് വികസന സെമിനാർ 1996'' ഡിസംബർ 7-ാം തീയതി ശനിയാഴ്ച രാവിലെ 10-30 മുതൽ ഓടക്കാലി ഗവണ്മെൻറ് V. H. S. S.-ൽ നടത്തുകയുണ്ടായി. പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി എം. എൻ. സരോജനിഅമ്മയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ പെരുമ്പാവൂർ നിയോജകമണ്ഡലം M.L.A. ബഹു: പി.പി. തങ്കച്ചൻ സെമിനാറിന്റെ ഉത്ഘാടനം നടത്തി. കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീ എം. എം. ഐസക്ക് ആശംസാ പ്രസംഗം നടത്തുകയും, പുനരർപ്പണ ദിനമായ '96 നവംബർ 1-ൽ ഏററവും നല്ല ശ്രമദാന പ്രവർത്തനം കാഴ്ചവച്ച IX-ാം വാർഡിന് 1001 രൂപയും രണ്ടാം സ്ഥാനം നേടിയ VIII-ാം വാർഡിന് 501 രൂപയും സമ്മാനിച്ചു. തുടർന്ന് എറണാകുളം ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി കെ. എൻ. ശാരദ ആശംസാ പ്രസംഗം നടത്തി. ഒൻപതാം പദ്ധതിയുടെ സമീപന രേഖയെക്കുറിച്ച് പ്രൊഫ: എസ്. രമാകാന്തൻ (ജനകീയാസൂത്രണം ജില്ലാ കോഡിനേററർ) വിശദീകരിച്ചു. ശ്രീ. ഐ. രാഘവൻ (D.R.P.) പ്രസക്ത ഭാഗങ്ങൾ വായിച്ച് വികസന റിപ്പോർട്ടിന്റെ അവതരണം നിർവ്വഹിച്ചു.

റിപ്പോർട്ട് അവതരണാനന്തരം സെമിനാറിൽ പങ്കെടുത്ത 202 പേർ 12 ഗ്രൂപ്പുകളായി തിരിഞ്ഞ്, റിപ്പോർട്ടിലെ ഓരോ വിഷയത്തെപററിയും ശ്രീ. എം. ജി. ഗോപിനാഥിന്റെ (ജനകീയാസൂത്രണം കൂവപ്പടി ബ്ലോക്ക് കോഡിനേററർ) നേതൃത്വത്തിൽ വിശദമായി ചർച്ച നടത്തി റിപ്പോർട്ടിലെ പോരായ്മകൾ ചൂണ്ടിക്കാണിക്കുകയും പുതിയ നിർദ്ദേശങ്ങൾ ക്രോഡീകരിക്കുകയും ചെയ്തു. വൈകിട്ട് 4-30 ന് ചേർന്ന പൊതുസഭയിൽ ക്രോഡീകരിച്ച റിപ്പോർട്ട് 12 ഗ്രൂപ്പിലെയും തെരഞ്ഞെടുത്ത പ്രതിനിധികൾ അവതരിപ്പിച്ചു. തുടർന്ന് 12 കർമ്മ സമിതികൾ രൂപീകരിച്ചു.

വികസന സെമിനാർ പങ്കാളിത്തത്തിന്റെ വിശദ വിവരങ്ങളും, റിപ്പോർട്ടിൽ വരുത്തേണ്ട ഭേദഗതികളും ചർച്ചയിൽ ഉന്നയിക്കപ്പെട്ട പുതിയ നിർദ്ദേശങ്ങളും താഴെ ചേർത്തിരിക്കുന്നു.

### വികസന സെമിനാർ പങ്കാളിത്തം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| I | 20 | 2 | 22 |
| II | 18 | 2 | 20 |
| III | 15 | 1 | 16 |
| IV | 19 | 1 | 20 |
| V | 19 | 2 | 21 |
| VI | 18 | 1 | 19 |
| VII | 12 | 4 | 16 |
| VIII | 18 | 2 | 20 |
| IX | | 2 | 17 |
| ഉദ്യോഗസ്ഥന്മാരും പരിശീലകരും | 17 | 14 | 31 |
| ആകെ | 171 | 31 | 202 |

## കൃഷിയും ജലസേചനവും

**നിർദ്ദേശങ്ങൾ:–**

1. നിർദ്ധനരായ കർഷകർക്ക് പെൻഷൻ പദ്ധതി ആവിഷ്ക്കരിക്കുക.
2. വെററിലക്കൊടി കൃഷി അഭിവൃദ്ധിപ്പെടുത്തുക.
3. റബ്ബർ കൃഷിക്ക് റബ്ബർ ബോർഡിൽനിന്നുനല്കുന്ന ആനുകൂല്യങ്ങളുടെ മാതൃകയിൽ തെങ്ങ്–കമുക് കൃഷികാക്കും സബ്സിഡിയും ലോണും ഏർപ്പെടുത്തുക.
4. പൈനാപ്പിരം കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനു് ഏക്കറൊന്നിനു് 15000 രൂപ വീതം ലോൺ ഏർപ്പെടുത്തുക.
5. 'കോക്കനട്ട് മാസ് സ്പ്രേ' സംവിധാനം പുനരാരംഭിക്കുക.
6. വ്യക്തികാക്ക് കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും കംപോസ്റ്റ് പിററ് നിർമ്മിക്കുന്നതിനും സബ്സിഡി പുനരാരംഭിക്കുക.
7. പമ്പ്സെററ്, സ്പ്രേയർ എന്നിവ വാങ്ങുന്നതിനും കിണർ, കുളം എന്നിവ നിർമ്മിക്കുന്നതിനും സബ്സിഡി പുനരാരംഭിക്കുക.
8. കൃഷിവകുപ്പു മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികരം സമയോചിതമായി നടപ്പിലാക്കുക.
9. മേതല ടണൽ ലിഫ്ററിന്റെ പ്രയോജനം ടണലിന്റെ പടിഞ്ഞാറുഭാഗത്തേക്കുകൂടി പ്രയോജനപ്പെടുത്തുക.

## മൃഗസംരക്ഷണവും മൽസ്യബന്ധനവും

**തിരുത്ത്:–**

അശമന്നൂർ പഞ്ചായത്തിൽ ഉദ്പാദിപ്പിക്കുന്ന പാല്, മിൽമ–P.D.D.P. മുതലായ കേന്ദ്രങ്ങരം വഴി പുറത്തേക്ക് വിതരണം ചെയ്യുന്നുണ്ട്.

**നിർദ്ദേശങ്ങൾ:–**

1. ആധുനിക അറവുശാല സ്ഥാപിക്കുക.
2. ആവർത്തന കൃത്രിമ ബീജസങ്കലനം സൗജന്യമായി ഏർപ്പെടുത്തുക.

## വിദ്യാഭ്യാസം

**തിരുത്ത്:–**

1. റിപ്പോർട്ടിൽ അശമന്നൂർ ഗവ: യു. പി. സ്കൂളിനെപ്പററി പരാമർശിച്ചിരിക്കുന്ന രണ്ടാമത്തെ വാക്യം താഴെ പറയും പ്രകാരം തിരുത്തി വായിക്കേണ്ടതാണ്.

   കിഴക്കേക്കരഅകത്തൂട്ട് ശ്രീ നാരായണപണിക്കർ സ്മാരകമായി മക്കരം നിർമ്മിച്ചുനല്കിയ കെട്ടിടത്തിലാണ് ഇപ്പോരം ഈ വിദ്യാലയം പ്രവർത്തിക്കുന്നതു്.

2. എല്ലാ വാർഡുകളിലും ജനവിദ്യാകേന്ദ്രങ്ങരം ആരംഭിച്ച് നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുക എന്നതിനുപകരം നിലവിലുള്ള ജനവിദ്യാകേന്ദ്രങ്ങളും വാർഡ് തോറുമുള്ള അക്ഷര സംഘങ്ങളും പുനരുജ്ജീവിപ്പിച്ച് നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുക.
3. ഗ്രാമസഭാ നിർദ്ദേശം 3ൽ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങരം ആരംഭിക്കേണ്ട വാർഡുകളുടെ കൂട്ടത്തിൽ IV-ാം വാർഡ് കൂടി ഉരംപ്പെടുത്തുക.

**മററ് നിർദ്ദേശങ്ങൾ:–**

1. വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം അനുസരിച്ച് കണ്ടിജൻസി ഫണ്ട്, സർവ്വീസ് സ്റ്റാമ്പ് എന്നിവ നല്കുകയും ആവശ്യത്തിനു് സ്റ്റാഫിനെ നിയമിക്കുകയും വേണം
2. ദേശീയോത്സവങ്ങളും ദേശീയദിനങ്ങളും വിദ്യാലയങ്ങളിൽ സമുചിതമായി ആചരിക്കേണ്ടതാണ്. കുട്ടികളിൽ ത്യാഗം, രാജ്യസ്നേഹം, മതനിരപേക്ഷത, സേവന മനോഭാവം തുടങ്ങിയ ഗുണങ്ങരം വളർത്തിയെടുക്കാൻ ഇതു് ആവശ്യമാണ്. എല്ലാഅദ്ധ്യാപകരും വിദ്യാർത്ഥികളും ഇത്തരം സന്ദർഭങ്ങളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## കുടിവെള്ളം

**നിർദ്ദേശങ്ങൾ:-**

1. നിലവിലുള്ള അശമന്നൂർ ശുദ്ധജല പദ്ധതിയിലെ പമ്പിംഗ് സമയം ജനുവരി മുതൽ ജൂൺ വരെ മൂന്ന് ഷിഫ്റ്റ് ആക്കുക.
2. നിലവിലുള്ള പൈപ്പ് ലൈനുകൾ ഡിസംബറിന് മുമ്പ് അററകുററപ്പണി നടത്തുക. ലൈൻമാൻെറ സേവനം പഞ്ചായത്തിന് വിട്ടുകൊടുക്കുകയും ജോലി കൃത്യമായി ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
3. കുടിവെള്ളത്തിൻെറ ദുരുപയോഗത്തിനെതിരെ കശ്ശന നടപടികൾ എടുക്കുകയും ബോധവൽക്കരണ പരിപാടി നടത്തുകയും ചെയ്യണം.
4. ഒരു സമയത്തും വെള്ളം എത്താത്ത ടാപ്പുകൾ വെള്ളം എത്തത്തക്കവിധത്തിൽ പുനർക്രമീകരിക്കുക.
5. പുതിയ സംവിധാനങ്ങൾ വരുന്നതു വരെ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ലോറിയിൽ കുടിവെള്ളം കൊണ്ടുവന്ന് വിതരണം ചെയ്യുക.

## പൊതുജനാരോഗ്യം

1. നിലവിലുള്ള P. H. C., 20 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക.
2. ഭക്ഷ്യ സാധനങ്ങൾ വില്ക്കുന്ന കടകളിലെ ഗുണനിലവാര പരിശോധന ഊർജ്ജിതപ്പെടുത്തുക.
3. കൊതുക്, കീടങ്ങൾ, പ്രാണികൾ തുടങ്ങിയവയെ ഉന്മൂലനം ചെയ്യുന്നതിനും കവലകൾ, ഓടകൾ മുതലായവ സ്ഥിരമായി ശുചിയായി സൂക്ഷിക്കുവാനും ഉള്ള ജനകീയ പദ്ധതി തയ്യാറാക്കി നടപ്പാക്കുക.

## വ്യവസായം

**നിർദ്ദേശങ്ങൾ:-**

1. നിർദ്ദേശം 10-ൽ അച്ചാർ നിർമ്മാണവും കൂടി ഉൾപ്പെടുത്തുക. സ്വകാര്യ മേഖലയിൽ ഹോളോബ്രിക്സ് യൂണിററും മെററൽ ക്രഷർ യൂണിററും സ്ഥാപിക്കുന്നതിനുള്ള പ്രോത്സാഹനം കൊടുക്കുക.

## ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും

**നിർദ്ദേശങ്ങൾ**

1. വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ വായ്പകൾ പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിച്ച് കാര്യക്ഷമമായി നടപ്പിലാക്കുക.
2. വിവിധ പെൻഷൻ പദ്ധതികളിൽ അർഹരായവരെ കണ്ടെത്തുന്നതിന് യുവജന-സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ ഒരു സർവ്വേ നടത്തുക.
3. നിലവിലുള്ള ടെലഫോൺ ജനറൽ കോട്ട 30% ത്തിൽ നിന്നും 60% ആയി ഉയർത്താൻവേണ്ട നടപടികൾ സ്വീകരിക്കുക.

## ഊർജ്ജം

**നിർദ്ദേശങ്ങൾ:-**

1. പാരമ്പരേതര ഊർജ്ജ സ്രോതസായ സൗരോർജ്ജം കൃഷി, ഗാർഹിക-വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുക.
2. പുകയില്ലാത്ത അടുപ്പുകൾ സൗജന്യ നിരക്കിൽ എല്ലാവർക്കും വിതരണം ചെയ്യുകയും ഗുണഫലങ്ങളെപററി ഉപഭോക്താക്കളെ ബോധവാന്മാരാക്കുകയും ചെയ്യുക.
3. സ്ട്രീററ്ലൈററുകൾ സ്ഥാപിക്കുകയും ബൾബുകൾ മാററുന്നതുൾപ്പെടെ മെയിൻറനൻസ് ജോലികൾ പഞ്ചായത്തുകളെ ഏല്പിക്കുകയും ഒരു ലൈൻമാൻെറ സേവനം പഞ്ചായത്തിന് വിട്ടുകൊടുക്കുകയും ചെയ്യുക.

## ഗതാഗതം

1. നിലവിലുള്ള 3 വെയിററിംഗ് ഷെഡ്ഡുകളുടെ പരിപാലനവും അനുബന്ധമായി കംഫർട്ട് സ്റ്റേഷനുകളും സ്ഥാപിക്കുക.
2. പുന്നയം-അശമന്നൂർ ടെംപിൾ ലിങ്ക് റോഡ് ഫില്ലിംഗ് നടത്തി നിർമ്മാണം പൂർത്തികരിക്കുക.

## മാർക്കററ്

പയ്യാലിൽ ഒരു ആഴ്ച ചന്ത ആരംഭിക്കണം.

## സംസ്ക്കാരം

പഞ്ചായത്ത് പബ്ലിക് ലൈബ്രറിയെ ഇൻഫർമേഷൻ സെൻററാക്കുകയും മററു ലൈബ്രറികളെ സബ്സെൻററുകളാക്കുകയും ചെയ്യുക.

## വനിത

1. തൊഴിൽ നിയമനങ്ങളിൽ സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തുക.
2. സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക.

## സഹകരണം

1. സഹകരണ ആശയങ്ങൾ ജനമദ്ധ്യത്തിൽ പ്രചരിപ്പിക്കുവാൻ വേണ്ട കർമ്മപദ്ധതി തയ്യാറാക്കണം
2. സഹകരണ ബാങ്കുകളിലെ കുടിശ്ശിക നിർമ്മാർജ്ജന യജ്ഞങ്ങൾ ആകർഷണീയമാക്കി പലിശയിളവ് അനുവദിച്ച് നല്കേണ്ടതാണ്.
3. പാടശേഖര സമിതികളുടേയും കേരവികസന സമിതികളുടേയും പ്രവർത്തനം ഏകോപിപ്പിച്ച് പഞ്ചായത്തിൻെറയും, സർവ്വീസ് സഹകരണ ബാങ്കിൻെറയും മേൽനോട്ടത്തിൽകൊണ്ടുവരണം.

## പട്ടികജാതി-പട്ടികവർഗ ക്ഷേമം

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്കു വേണ്ടി വിവിധ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം. പരിശീലനത്തിനു ശേഷം സ്വയം തൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ ഉപകരണങ്ങളും വിതരണം ചെയ്യണം.
2. മുട്ടക്കോഴി വിതരണ പദ്ധതി, കറവപശു, ആട് വളർത്തൽ പദ്ധതി എന്നിവ കാര്യക്ഷമമാക്കുക.
3. നിലവിലുള്ള സംവരണത്തോത് ഉയർത്തുകയും 1999ൽ അവസാനിക്കാൻ പോകുന്ന സംവരണ നിയമം അടുത്ത 10 വർഷത്തേക്കു നീട്ടുകയും ചെയ്യുക.

## വിഭവ സമാഹരണം

1. അമ്പത് സെൻറിനു മുകളിലുള്ള ആദായമെടുക്കുന്ന റബ്ബർ തോട്ടങ്ങൾക്ക് നികുതി ഏർപ്പെടുത്തുക.
2. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നികുതി ഏർപ്പെടുത്തുക.
3. പാറമടകളിൽ നിന്നും ഒരു നിശ്ചിത സംഖ്യ നികുതി പിരിക്കുക.
4. പഞ്ചായത്ത് അധീനതയിലുള്ള കോതചിറക്ക് സമീപമുള്ള സ്ഥലം സ്വകാര്യ വ്യക്തിയിൽ നിന്നും തിരിച്ചെടുക്കുവാനുള്ള നടപടികൾ ഉടനടി സ്വീകരിക്കുക.
5. പഞ്ചായത്തിലുള്ള പുറമ്പോക്ക്പാറകൾ സ്വകാര്യാവശ്യത്തിനു ഉപയോഗിക്കുന്നതിനു (ഇഞ്ചി ഉണങ്ങുന്നതിനും മററും) യഥാസമയം പഞ്ചായത്തിൽനിന്നും ലേലം ചെയ്തു നല്കുക.
6. പഞ്ചായത്ത് അധീനതയിലുള്ളതും തരിശായി കിടക്കുന്നതുമായ പുറമ്പോക്ക് ഭൂമികൾ കൃഷിക്കും വ്യവസായാവശ്യങ്ങൾക്കും ദീർഘ കാലത്തേക്ക് പാട്ടത്തിനു നല്കുക.

# അശമന്നൂർ സർവ്വീസ് സഹകരണ ബാങ്ക്

## ക്ലിപ്തം നമ്പർ 317

**സേവനത്തിന്റെ പാതയിൽ 75 വർഷം പിന്നിടുന്നു.**

### പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ആരംഭിക്കുന്ന പുതിയ പദ്ധതികൾ

★ ഒരു വീട്ടിൽ ഒരു നിക്ഷേപം. ഒരു വർഷം കൊണ്ട് ഒരു കോടി രൂപ നിക്ഷേപം

★ 'മംഗല്യനിധി' 20 വർഷം കൊണ്ട് 20 ഇരട്ടിയാകുന്ന ഡിപ്പോസിറ്റ് സ്കീം – (ഒരു കുട്ടി ജനിക്കുമ്പോൾ 10000 രൂപ നിക്ഷേപിച്ചാൽ 20--ാം വയസ്സിൽ 2 ലക്ഷം രൂപ ലഭിക്കുന്നു. 1000 രൂപയുടെ ഗുണിതങ്ങളുമായി ആർക്കും ഈ പദ്ധതിയിൽ അംഗങ്ങളാകാം)

★ മരണാനന്തര സഹായപദ്ധതി – (100 രൂപ അടയ്ക്കുന്ന സംഘാംഗങ്ങളുടെ ശേഷക്രിയകൾക്കായി 1000 രൂപ നൽകുന്ന പദ്ധതി)

★ അനശ്വര പെൻഷൻ പദ്ധതി 4258

★ എല്ലാ വീടുകളിലും പച്ചക്കറി തോട്ടങ്ങൾ

★ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വ്യവസായ - കാർഷികാവശ്യങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പകൾ

★ ഏറ്റവും നല്ല കർഷകന് അവാർഡ്

**ബാങ്കിന് മേതലയിൽ ബ്രാഞ്ച് ആരംഭിക്കുന്നു.**

**ഓടയ്ക്കാലിയിൽ പ്ലാറ്റിനം ജൂബിലി സ്മാരക മന്ദിരം**

★ ഒൻപതാം പദ്ധതി ജനകീയ പദ്ധതി ★

★ നാടിന്റെ വികസനത്തിൽ പങ്കാളികളാകുക ★


INSTITUTE OF LOCAL ...

# അശമന്നൂർ സർവ്വീസ് സഹകരണ ബാങ്ക്

**ക്ലിപ്തം നമ്പർ 317**

## ഓടയ്ക്കാലി, അശമന്നൂർ പി.ഒ.

അശമന്നൂർ പഞ്ചായത്തിലെ ഏക സഹകരണ ബാങ്ക്

**പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന ബാങ്കിന്റെ പിന്നിട്ട വഴികൾ**

★ 1921 –ൽ ആരംഭിക്കുന്നത് നായർ സഹോദര പരസ്പരസഹായ സഹകരണസംഘം

★ വർഷങ്ങൾ പിന്നിട്ടപ്പോൾ 'കപ്പ' സൊസൈറ്റിയുമായി സംയോജിപ്പിച്ച് വിവിധോദ്ദേശ സഹകരണസംഘം.

★ 1962 സർവ്വീസ് സഹകരണ സംഘമായി രൂപാന്തരം

★ 1982 – ൽ സർവ്വീസ് സഹകരണ ബാങ്കായി ഉയർത്തപ്പെട്ടു.

**8000 അംഗങ്ങൾ, മൂന്ന് കോടി നിക്ഷേപം മൂന്ന് കോടിയിലേറെ വായ്പകൾ**

"All for each"   "Each for all"

## ASAMANNOOR SERVICE CO-OPERATIVE BANK LTD.

ODAKKALI, ASAMANNOOR P.O.

P. C. Joseph
President

P.G. Narayanan Nair
Secretary